# അൽമായവേദി

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ മുഖപത്രം

പുസ്തകം 1 | ലക്കം 9 | സെപ്റ്റംബർ 1-30 | പേജ് 8

## ദൈവം തിരഞ്ഞെടുത്തു.... ജനം പ്രതീക്ഷിക്കുന്നു

പ. മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിൽ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായുടെ തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാകുമ്പോൾ ഇത് ദൈവത്തിന്റെ തിരഞ്ഞെടുപ്പാണെന്നു വ്യക്തമാക്കുന്ന അനേകം സൂചനകൾ പരിദർശിക്കാം.

– 34-ാം വയസ്സിൽ കിഴക്കിന്റെ മഹാനായ കാതോലിക്കാ, മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ, ഒരു സാധാരണ ഇടവക വികാരിയായ കെ. ഐ. പോൾ കത്തനാരെ മേല്പട്ടസ്ഥാനത്തേക്കു കണ്ടെത്തുക.

– സമീപകാല കീഴ്നടപ്പനുസരിച്ച് പ്രായം കുറവെന്ന കാരണത്താൽ തിരഞ്ഞെടുക്കപ്പെടുകയില്ല എന്ന് സ്വയം ആശ്വസിച്ചിരിക്കുമ്പോൾ പ. സുന്നഹദോസും മലങ്കര അസോസിയേഷനും ഐകകണ്ഠേന മേല്പട്ടസ്ഥാനത്തേക്കു തിരഞ്ഞെടുക്കുക.

– മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ തന്റെ അസിസ്റ്റന്റായി നിയമിക്കുകയും ദേവലോകത്ത് താമസിച്ച് തന്റെ ചുമതല നിർവഹിക്കാൻ ആവശ്യപ്പെടുകയും ചെയ്യുക. ഇതേ ചുമതല മറ്റു പല മെത്രാപ്പോലീത്താമാരെയും ഏല്പിക്കുവാൻ പ. ബാവാ ശ്രമിച്ചെങ്കിലും പല കാരണങ്ങളാലും നടന്നില്ല എന്നതും കൂടി ഇവിടെ കൂട്ടി വായിക്കേണ്ടതുണ്ട്.

– അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി മലങ്കര സഭാംഗങ്ങൾക്കിടയിൽ നടത്തിയ അഭിപ്രായ സമാഹരണത്താൽ അടുത്ത കാതോലിക്കായ്ക്കുണ്ടാകേണ്ട യോഗ്യതകൾ – അറുപത്തഞ്ചു വയസിൽ കവിയാത്ത പ്രായവും ഇരുപതു വർഷത്തിൽ കുറയാതെ മേല്പട്ടസ്ഥാനത്തുള്ള പരിചയവും – ഒത്തുവരിക.

– സീനിയർ മെത്രാപ്പോലീത്താമാരിലൊരാളെ കാതോലിക്കാ ആക്കുക എന്ന സമീപകാല നടപടി അതിലംഘിച്ച് പ. സുന്നഹദോസും, മാനേജിംഗ് കമ്മറ്റിയും എട്ടുപേരുടെ സീനിയോറിട്ടി മറികടന്ന് പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി നാമനിർദ്ദേശം ചെയ്യുകയും അസോസിയേഷനിൽ ഐകകണ്ഠേന തിരഞ്ഞെടുക്കപ്പെടാനുള്ള അവസരമുണ്ടാകുകയും ചെയ്യുക.

– കേസുകൾ തിരഞ്ഞെടുപ്പ് പ്രക്രിയയെത്തന്നെ അനിശ്ചിതാവസ്ഥയിൽ ആക്കിയിരിക്കെ അപ്രതീക്ഷിതമായി അനുകൂല വിധി വരികയും നിശ്ചിത ദിവസം തന്നെ അസ്സോസിയേഷൻ സുഗമമായി ആരംഭിക്കാൻ സാധിക്കുകയും ചെയ്യുക.

ഇവയൊക്കെയും ഇത് ദൈവത്തിന്റെ തിരഞ്ഞെടുപ്പാണെന്നു വ്യക്തമാക്കുന്നു. അതുകൊണ്ടു തന്നെ പുതിയ ശ്രേഷ്ഠ നിയുക്ത കാതോലിക്കായിൽ ജനം ഉന്നതമായ പ്രതീക്ഷ വച്ചുപുലർത്തുന്നു.

– പരിശുദ്ധ ദിദിമോസ് പ്രഥമൻ ബാവായുടെ സഹായിയും മുഖ്യ കാര്യവിചാരകനുമായി ദേവലോകത്തു തന്നെ തുടർന്നു താമസിച്ച് അദ്ദേഹത്തിന്റെ കരങ്ങൾക്ക് ശക്തി പകരുക.

– പ. ദിദിമോസ് പ്രഥമൻ ബാവാ ആരംഭിച്ച ഭരണപരിഷ്കരണ നടപടികൾ തുടരുകയും ത്വരിതപ്പെടുത്തുകയും പൂർത്തിയാക്കുകയും ചെയ്യുക.

– മാർ മിലിത്തിയോസിനെ മേല്പട്ടസ്ഥാനത്തേയ്ക്കു വിളിച്ചടുപ്പിച്ച പ. വട്ടക്കുന്നേൽ ബാവായെപ്പോലെ വടക്കരോട് പ്രത്യേക കരുതലും ശ്രദ്ധയും ഉണ്ടായിരിക്കുക.

– കേസുകൾ അതിവേഗം വിജയകരമായി പൂർത്തിയാക്കി ഒരു സഭ, ഒരു ബാവാ, ഒരു നിയമം എന്ന അടിസ്ഥാനത്തിൽ സഭയെ പുതുക്കി പണിയുക.

– ഒരാഗോള സഭയായി വളരുന്ന മലങ്കര സഭയുടെ നഷ്ടപ്രതാപം വീണ്ടെടുക്കുക.

– മാർത്തോമ്മായുടെ മാർഗ്ഗത്തിനും നസ്രാണി പൈതൃകത്തിനും സഭയുടെ ദേശീയ സ്വഭാവത്തിനും കോട്ടംതട്ടുന്ന ഒരു പ്രവർത്തിയും അനുവദിക്കാതിരിക്കുക.

– കഴിവുള്ള മേല്പട്ടക്കാരെയും പട്ടക്കാരെയും അയ്മേനികളെയും ഉപയോഗിച്ച് കുറ്റമറ്റ ഭരണസംവിധാനം കെട്ടിപ്പെടുക്കുക.

ഈ അവസരത്തിൽ പ്രത്യേകിച്ചും ചില കാര്യങ്ങൾ അഭിനവ ശ്രേഷ്ഠ നിയുക്ത കാതോലിക്കായുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

1. പ. ദിദിമോസ് പ്രഥമൻ ബാവാ ദേവലോകത്തുനിന്നും പുറത്താക്കിയ ഉപജാപക സംഘം പുതിയ രൂപത്തിലും പുതിയ ഭാവത്തിലും വരാനും പുതിയ ഉപജാപക സംഘങ്ങൾ ഉടലെടുത്ത് ദേവലോകം കീഴ്പ്പെടുത്താനുള്ള ശ്രമങ്ങളെക്കുറിച്ച് അങ്ങ് ബോധവാനായിരിക്കണം.

2. ഈ ഉണർവിന്റെ ദശാരംഭത്തിൽ ജനാഭിപ്രായം ഒരു സഭ, ഒരു ബാവാ, ഒരു നിയമം എന്നതാണ്. ഇതിനെതിരായി സഭയെ വിഭജിച്ചു പിരിയുക എന്ന ആശയവുമായി സമീപിക്കുന്നവർ – അവർ ആരായാലും – പ്രകടിപ്പിക്കുന്നത് ജനാഭിപ്രായമല്ല സ്വന്തം നിക്ഷിപ്ത താല്പര്യങ്ങളാണെന്നു മനസ്സിലാക്കി അവരെ വേണ്ടവിധം കൈകാര്യം ചെയ്യുക.

3. ഒരു സഭ, ഒരു ബാവാ, ഒരു നിയമം, എന്ന നിലയിൽ മലങ്കരസഭയെ ഏകീകരിക്കുവാൻ ഏതു മാർഗ്ഗവും സ്വീകരിക്കുക. അതിനു സഹായികളാകുന്ന ആരുടെയും സഹായം സ്വീകരിക്കുക. വടക്കൻ ഇടവകകളെ മുഖ്യധാരയിലേയ്ക്കു കൊണ്ടുവരിക.

4. സഭയുടെ ജനാധിപത്യ സ്വഭാവവും എപ്പിസ്കോപ്പസിയുടെ കൂട്ടുത്തരവാദിത്വവും നിലനിർത്തുക.

ജനം അങ്ങയോടൊപ്പമുണ്ട്. അങ്ങേയ്ക്ക് ഹൃദയപൂർവ്വമായ ആശംസകളർപ്പിച്ചുകൊണ്ട്

**– അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി**

## പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ ശ്രേഷ്ഠ നിയുക്ത കാതോലിക്കായാകും

**അൽമായവേദി ന്യൂസ് സർവ്വീസ്**

കോട്ടയം: സെപ്റ്റംബർ 27 നു ചേർന്ന സഭാ മാനേജിംഗ് കമ്മറ്റിയോഗം, പ. സുന്നഹദോസ് ശ്രേഷ്ഠ നിയുക്ത കാതോലിക്കാ സ്ഥാനത്തേക്ക് നിർദ്ദേശിച്ച പൗലൂസ് മാർ മിലിത്തിയോസിനെ മാനേജിംഗ് കമ്മറ്റിയുടെ പിന്തുണയുള്ള സ്ഥാനാർത്ഥിയായി അസ്സോസിയേഷൻ യോഗത്തിൽ അവതരിപ്പിക്കുവാൻ ഐകകണ്ഠേന തീരുമാനിച്ചു. ഇതെത്തുടർന്നു മാർ തേവോദോസ്യോസ്, മാർ എപ്പിഫാനിയോസ്, എന്നീ മെത്രാപ്പോലീത്താമാർ നോമിനേഷൻ പിൻവലിച്ചു. മാനേജിംഗ് കമ്മറ്റിയുടെ അഭ്യർത്ഥനപ്രകാരം മാർ മക്കാറിയോസും പിന്നീട് നോമിനേഷൻ പിൻവലിച്ചു.



ഒക്ടോബർ 12-ാം തീയതി നടക്കുന്ന നിയുക്ത കാതോലിക്കാ തിരഞ്ഞെടുപ്പിൽ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സ്ഥാനാർത്ഥിയായി കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ പൗലോസ് മാർ മിലി ത്തിയോസിനെ തലേദിവസം നിർദ്ദേശിച്ചിരുന്നു. സെപ്റ്റംബർ 26 ന് രണ്ട് മണി മുതൽ 5.15 വരെ നടന്ന പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ യോഗത്തിലാണ് ഈ തീരുമാനം ഉരുത്തിരിഞ്ഞത്. മാർ തേവോദോസ്യോസ്, മാർ മക്കാറിയോസ്, മാർ എപ്പിപ്പാനിയോസ്, മാർ മിലിത്തിയോസ് എന്നീ മെത്രാപ്പോലീത്താമാർക്കു വേണ്ടി നോമി നേഷൻ പേപ്പറുകൾ ഫയൽ ചെയ്യുകയും സുന്നഹദോസ് സെക്രട്ടറി മാർ അത്താനാസ്യോസ്, മാർ യൗസേബിയോസ് എന്നീ മെത്രാപ്പോലീത്താമാർക്കു വേണ്ടി നോമിനേഷൻ പേപ്പറുകൾ ഫയൽ ചെയ്യുവാൻ ഒരുക്ക ങ്ങൾ നടക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിലാണ് പ. എപ്പിസ്കോപ്പൽ സുന്നഹദോസ് യോജിച്ച തീരുമാനം എടുത്തത്. തലേന്ന് നടന്ന വർക്കിംഗ് കമ്മിറ്റിയിൽ സുന്നഹദോസ് യോജിച്ച് ഒരു തീരുമാനമെടുക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ സുന്നഹദോസ് അംഗങ്ങൾ വ്യത്യസ്തമായ നിലപാടുകളിൽ നിൽക്കുകയും വിരുദ്ധ താല്പര്യങ്ങൾ ഉള്ള പല കേന്ദ്രങ്ങളും പലതരം സമ്മർദ്ദങ്ങൾ ഉയർത്തുകയും ചെയ്ത സാഹചര്യത്തിൽ തീരുമാനം ഏതു വിധത്തിൽ വരുമെന്നതിനെ കുറിച്ച് പല വിധ ഭയാശങ്കകൾ നിലനിന്നിരുന്നു.

പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സമ്മേളിച്ചപ്പോൾ പോലും ചിത്രം വ്യക്തമായിരുന്നില്ല. സമ്മർദ്ദങ്ങളും പ്രതിസ മ്മർദ്ദങ്ങളും നിലനിന്നു. ചികിത്സയിൽ കഴിയുന്ന മാർ അത്താനാസ്യോസ് (ചെങ്ങന്നൂർ), ഈയോബ് മാർ പീലക്സീനോസ് സ്ഥലത്തില്ലാതിരുന്ന മാർ കൂറിലോസ്, മാർ ഐറേനിയോസ്, മാർ നിക്കോളവാസ് എന്നിവർ അസാന്നിദ്ധ്യത്താൽ ശ്രദ്ധേയരായി. 14 സുന്നഹദോസ് അംഗങ്ങൾ മാർ മിലിത്തിയോസിനെയും 5 പേർ മാർ തേവോദോസ്യോസിനെയും പിന്തുണച്ചു. മാർ മക്കാറിയോസിനും മാർ എപ്പിപ്പാനിയോസിനും ഓരോ വോട്ടു വീതം ലഭിച്ചു.

അൽമായവേദി നടത്തിയ ജനാഭിലാഷ സർവ്വേയിൽ 65 വയസിൽ കൂടുതൽ പ്രായമില്ലാത്ത, 20 വർഷമെങ്കിലും മെത്രാപ്പോലീ ത്തായായി പ്രവർത്തിച്ചിട്ടുള്ള ഒരു വ്യക്തിയായിരിക്കും സഭയെ നയിക്കുവാൻ അനുയോജ്യനെന്ന് തെളിഞ്ഞിരുന്നു. വടക്കൻപ്രദേശങ്ങളിൽ വേരുകളുള്ള ഒരാളായാൽ കൂടുതൽ അഭികാമ്യം എന്നും ജനങ്ങൾ അഭിപ്രായപ്പെട്ടിരുന്നു. ഈ യോഗ്യതകളെല്ലാം തികഞ്ഞ ഒരു മെത്രാപ്പോലീത്താ ഈ സ്ഥാനത്തേക്ക് നിയോഗിക്കപ്പെട്ടത് 'ജനാഭിലാഷം ദൈവാഭിലാഷം' എന്ന തത്വപ്രകാരമെന്ന് നിരീക്ഷകർ വിലയിരുത്തുന്നു.

മാനേജിംഗ് കമ്മിറ്റിക്കു ശേഷം പുറത്തുവന്ന മാർ മക്കാറിയോസ് തിരുമേനിയെ അൽമായവേദി പ്രവർത്തകർ സന്ദർശിച്ച് സംഭാഷണം നടത്തി. അൽമായവേദി തത്വാധിഷ്ഠിതമായ ഒരു നിലപാടെടുക്കുകയും ആ നിലപാടിനായി ശക്തിയായി പ്രചരണം നടത്തുകയും ചെയ്തു. അതു തിരുമേനിയോടുള്ള വ്യക്തിപരമായ എതിർപ്പായിരുന്നില്ലെന്നും വസ്തുനിഷ്ഠമായ നിലപാടിന്റെ പരിണിതഫലമാണെന്നും, തിരുമേനിയ്ക്ക് വേദനയുണ്ടാകുന്ന എന്തെങ്കിലും ഉണ്ടായെങ്കിൽ ഖേദിക്കുന്നുവെന്നും അൽമായവേദി പ്രവർത്തകർ തിരുമേനിയെ ധരിപ്പിച്ചു. തനിക്കു ഒന്നിനെക്കുറിച്ചും വേദനയില്ലെന്നും ഇനിയുള്ള സഭയുടെ പ്രവർത്തനങ്ങൾ പുതിയ നേതൃത്വത്തിന്റേതാണെന്നും തിരുമേനി പ്രസ്താവിച്ചു. പുതിയ നേതൃത്വത്തിന് എല്ലാ പിന്തുണയും നൽകുവാൻ വേദി പ്രവർത്തകർ മാർ മക്കാറിയോസിനോട് അഭ്യർത്ഥിച്ചു. ❑

## മലങ്കരസഭയുടെ അഞ്ചാമത്തെ നിയുക്ത കാതോലിക്കായും; ആറാമത്തെ നിയുക്ത മലങ്കര മെത്രാപ്പോലീത്തായും

**ചരിത്രാന്വേഷി**

മലങ്കരസഭയുടെ ചരിത്രത്തിലെ അഞ്ചാമത്തെ നിയുക്ത കാതോലിക്കായും ആറാമത്തെ മലങ്കര മെത്രാപ്പോലീത്തായുടെ പിൻഗാമിയുമായി കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്താ പൗലൂസ് മാർ മിലിത്തിയോസ് ഐകകണ്ഠേന തിരഞ്ഞെടുക്കപ്പെടുവാനുള്ള കളമൊരുങ്ങിക്കഴിഞ്ഞു. ഒക്ടോബർ 12-ാം തീയതി മലങ്കര അസ്സോസിയേഷൻ ഔപചാരികമായി സമ്മേളിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നത് മാത്രമാണ് ഈ പ്രക്രിയയിൽ അവശേഷിക്കുന്നത്.

നിലവിലുള്ള നടപടി ചട്ടമനുസരിച്ച് പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സെപ്റ്റംബർ 26-ാം തീയതിയും മാനേജിംഗ് കമ്മറ്റി 27-ാം തീയതിയും യോഗം ചേർന്ന് സഭയുടെ രണ്ടാമത്തെ അത്യുന്നത പൗരോഹിത്യ പദവിയിലേക്ക് മാർ മിലിത്തിയോസിനെ നാമനിർദ്ദേശം ചെയ്യുകയും നോമിനേഷൻ പേപ്പറുകൾ ഫയൽ ചെയ്തിരുന്ന മറ്റു മെത്രാപ്പോലീത്താമാർ അവ പിൻവലിക്കുകയും അസ്സോസിയേഷൻ നടത്തിപ്പിനായുള്ള ട്രിബ്യൂണൽ മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായ്ക്കു വേണ്ടി ഫയൽ ചെയ്തിരിക്കുന്ന

*(ശേഷം 6-ാം പേജിൽ)*

## അൽമായവേദി പ്രാർത്ഥനാദിനം ആചരിച്ചു

കോട്ടയം: സഭയിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുവാൻ ദൈവികമായ ഇടപെടൽ ഉണ്ടാകുവാൻ അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രവർത്തകർ പഴയസെമിനാരിയിൽ പ. വട്ടശ്ശേരിൽ തിരുമേനിയുടെ കബറിങ്കൽ പ്രാർത്ഥനായജ്ഞം നടത്തി. സെമിനാരിയിൽ കൂടിക്കൊണ്ടിരുന്ന സഭാ മാനേജിംഗ് കമ്മറ്റിയിൽ അനുയോജ്യനായ നിയുക്ത കാതോലിക്കായെ നിശ്ചയിക്കുവാനാണ് അൽമായവേദി പ്രവർത്തകർ സെപ്റ്റംബർ 27 ന് രാവിലെ 10 മണി മുതൽ 1 മണി വരെ പ്രാർത്ഥനാനിരതരായി പഴയസെമിനാരിയിലുള്ള കബറിങ്കൽ ഇരുന്നത്. പഴയസെമിനാരി മാനേജർ ഫാ. എം. സി. കുര്യാക്കോസ് പ്രാരംഭ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

പ്രാർത്ഥനായജ്ഞത്തിന് പ്രസിഡന്റ് കെ. വി. ഏബ്രഹാം കൊടുവത്ത്, വൈസ് പ്രസിഡന്റ് ക്യാപ്റ്റൻ കോശി മത്തായി, ജനറൽ സെക്രട്ടറി തോമസ് ചാണ്ടി, സെക്രട്ടറി പീലിപ്പോസ് പോട്ടയ്ക്കാവയലിൽ, സി. യു. ഉതുപ്പ്, ജോയ്സ് തോട്ടയ്ക്കാട്, ജയിംസ് പാമ്പാടി, എം. കുര്യൻ തോമസ് മുതലായവർ നേതൃത്വം നൽകി.

പ്രാർത്ഥനായജ്ഞത്തിന്റെ അവസാനഭാഗത്തു തന്നെ ദൈവഹിതം വെളിവായി കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്താ അഭി. പൗലൂസ് മാർ മിലിത്തിയോസിനെ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിലേക്ക് മാനേജിംഗ് കമ്മറ്റി ഐക്യകണ്ഠേന തിരഞ്ഞെടുത്ത പ്രഖ്യാപനമുണ്ടാവുകയും കൃതജ്ഞതാപ്രാർത്ഥനയോടെ യജ്ഞം സമാപിക്കുകയും ചെയ്തു.

പ്രവർത്തകർ മെത്രാപ്പോലീത്തായ്ക്ക് അഭിനന്ദനങ്ങൾ അർപ്പിച്ചു.

## കത്തുകൾ... കത്തുകൾ....

Dear friends

It is marvelous. Once again it is proved that God is with us in the election and selection. Thanks to the Almayavedi which became a weapon in the hands of the powerful one.

May God give long life and wisdom to the newly elected Catholicose.

Love & prayers

**Fr. John Thomas Alummoottil**
New Hyde Park, NY

### ഇതു മാതൃക

കുന്നംകുളത്തെ മിലിത്തിയോസ് തിരുമേനിയുടെ പത്രികയിൽ ഒപ്പിടാൻ എന്റെ സുഹൃത്ത് പീലിപ്പോസ് പൊട്ടയ്ക്കാവയലിൽ എന്റെ വീട്ടിലെത്തിയപ്പോൾ, അത്മായവേദിയുടെ സജീവ പ്രവർത്തകൻ അല്ലാത്ത എന്നോട് സഭയിൽ കൊച്ചുതിരുമേനിമാരെ അധികാരം ഏല്പിക്കണം എന്ന ആശയം പറയുകയും ഒപ്പിടുവിക്കുകയും ചെയ്തു. അത്മായവേദി സഭയിൽ ഇത്ര വേരോട്ടം ഉള്ള സംഘടനയായി അന്ന് കരുതിയില്ല. സഭാ വിരുദ്ധർ എന്ന ഒരു ചിന്തയാണ് അധികം ആൾക്കാരിലും. എന്തായാലും ഈ സംരംഭത്തിന് നേതൃത്വം നൽകിയ നിങ്ങൾക്ക് അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ.

**എം. ഐ. മാത്യു, അസോ. മെമ്പർ, പുതുപ്പള്ളി**

### അതിശയം

കുന്നംകുളം തിരുമേനിയെ ശ്രേഷ്ഠ നിയുക്ത ബാവായായി തിരഞ്ഞെടുത്തേക്കും എന്ന വാർത്ത മനോരമ മനോഹരമായി പഴയകാല മനോരമ പാരമ്പര്യത്തിൽ എഴുതിയത് അട്ടിമറിക്കോ ആദരവിനോ?

**ഷിനു പി. തോമസ്, കരുവാറ്റ**

### അത്മായവേദിയുടെ ശബ്ദം ദൈവം കേട്ടു

സഭയിൽ പ്രായം കുറഞ്ഞ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ബാവാ ഉണ്ടാകണം എന്നും അതു വടക്കൻപ്രദേശത്തു നിന്നും വേണമെന്നും 80-ാം വയസ്സിൽ മെത്രാന്മാർ ഭരണഭാരം ഒഴിഞ്ഞ് സഭയ്ക്കുവേണ്ടി പ്രാർത്ഥിയ്ക്കുന്ന സന്യാസ സമൂഹമായി മാറി സഭയെ ആത്മീയ സമ്പുഷ്ടമാക്കാനുള്ള ആഹ്വാനം നല്കി അതിനായി സ്വന്ത ചിലവിൽ പ്രവർത്തിക്കുകയും പ്രതികരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത നിങ്ങൾ യഥാർത്ഥ സഭാസ്നേഹികൾ തന്നെ. നിങ്ങൾക്കെതിരായി കോട്ടയത്ത് ചില സ്ഥാപിത താല്പര്യക്കാർ സംഘടിപ്പിച്ച ഒരു കടലാസ് സംഘടനയുടെ പ്രവർത്തകർ നിങ്ങളെ എൽ. ഡി. എഫ്. ചാരന്മാ രായി ചിത്രീകരിച്ചത് നാളിതുവരെ ഞാനും വിശ്വസിച്ചു. 21 ലെ മാനേജിംഗ് കമ്മറ്റി യോഗ സമയത്ത് പ. വട്ടശേരിൽ തിരുമേനിയുടെ കബറിടത്തിൽ പ്രാർത്ഥിക്കാനെത്തിയപ്പോൾ നിങ്ങൾ സഭയ്ക്കു വേണ്ടി പ. ഗീവർഗീസ് രണ്ടാമൻ ബാവാ തർജമ ചെയ്ത പ്രാർത്ഥന ഏക മനസ്സോടെ ഉരുവിട്ടു പ്രാർത്ഥിച്ചതു കേട്ടപ്പോൾ കോൾമയിർ കൊണ്ടു. നിങ്ങൾക്ക് ആയിരം അഭിനന്ദനങ്ങൾ.

**ബാബു കോഴഞ്ചേരി**

### പ്രതികരണവും വിമർശനവും അഭിനന്ദനാർഹം

സഭയുടെ സ്ഥാനികളും ഭാരവാഹികളുമായവർ കപ്പലിലെ കള്ളന്മാരായി പ്രവർത്തിക്കുന്നതിനെതിരെ ചങ്കൂറ്റത്തോടെ പ്രതികരിക്കുകയും അതിനെതിരെ പ്രവർത്തിക്കുകയും പ്രാർത്ഥിക്കയും ചെയ്യുന്ന നിങ്ങളെ ദൈവം അനുഗ്രഹിക്കും.

**ബേബി, പൊങ്ങന്താനം**

### അത്മായവേദി സഭാസ്നേഹികളുടെ വേദി

സഭാനേതൃത്വത്തിന്റെ പ്രവർത്തിയില്ലാത്ത വചന പ്രഘോഷണങ്ങളെ തുറന്നുകാട്ടിയ അത്മായവേദി ആത്മീയ സംഘടനകളേക്കാൾ അധികം സഭയെ സ്നേഹിക്കുന്ന നിഷ്പക്ഷമതികൾ തന്നെ.

**സാലി കോശി, പത്തനംതിട്ട**

### സ്വാർത്ഥന്മാരെ ഇനിയും തുറന്നു കാട്ടണം

സഭയെ പങ്കു വയ്ക്കുന്നവരെയും സഭാ സ്ഥാപനങ്ങൾ ട്രസ്റ്റുകളാക്കി കൈവശപ്പെടുത്തുന്നവരെയും പാത്രിയർക്കീസിനെ കാണുമ്പോൾ അവിടെ മുട്ടുകുത്തുകയും കാതോലിക്കായെ കാണുമ്പോൾ ഒപ്പം നിന്ന് പടം എടുക്കുന്നവരെയും, ഇരുപക്ഷത്തേയും മാധ്യമ സ്വാധീനം ഉപയോഗിച്ച് ഭിന്നിപ്പിച്ച് നേട്ടം ഉണ്ടാക്കുന്ന വമ്പന്മാരെയും തുറന്നുകാട്ടുവാനും അവർക്കെതിരെ വിരൽ ചൂണ്ടാനും ധൈര്യം കാട്ടുന്ന വേദി പ്രവർത്തകർക്ക് ആശംസകൾ.

**ബാബു ജേക്കബ്, പിറവം**

### വിമർശനം അതിരു കവിയുന്നു

വർഷങ്ങളോളം അർത്ഥവും സമയവും പാഴാക്കി സഭയ്ക്കു വേണ്ടി കഷ്ടപ്പെടുകയും ദേവലോകം അരമന പെട്ടെന്ന് വാങ്ങിച്ചതിനുവരെ ഉത്സാഹിക്കുകയും ചെയ്ത ഇന്നു സ്ഥാനത്തിരിക്കുന്ന, പ്രതിസന്ധികളിൽ ഓടി എത്തി സഭയെ സഹായിക്കുന്ന, ഉന്നത സ്ഥാനം അലങ്കരിക്കുന്ന ഒരു പിതാവിനെ സങ്കോചമില്ലാതെ വിമർശിക്കുന്നത് ശരിയല്ല.

**മാത്യൂസ് ജോൺ, കോട്ടയം**

**പ്രതികരണങ്ങൾ മുഴുവൻ ചേർക്കാൻ സാധിക്കാത്തതിൽ ഖേദിക്കുന്നു. ശേഷം അടുത്ത ലക്കത്തിൽ - പത്രാധിപർ.**

## സഭാ കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂളുകളിലെ പ്രിൻസിപ്പൽമാരുടെ നിയമനം ഗവൺമെന്റ് റദ്ദാക്കി

മലങ്കര ഓർത്തഡോക്സ് സഭയുടെ കോർപ്പറേറ്റ് എഡ്യൂക്കേഷനൽ ഏജൻസിയുടെ കീഴിലുള്ള പത്തനംതിട്ട കാതോലിക്കേറ്റ്, തുമ്പമൺ എം. ജി., വെണ്ണിക്കുളം സെന്റ് ബഹനാൻസ്, കോട്ടയം എം. ഡി. സെമിനാരി, തിരുവല്ല എം. ജി. എം., വടവുകോട് രാജർഷി, പുത്തൻകാവ് മെട്രോപൊലീറ്റൻ എന്നീ ഹയർസെക്കൻഡറി സ്കൂളുകളിലെ പ്രിൻസിപ്പൽ നിയമനം വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ റദ്ദാക്കി. ഈ സ്ഥാനങ്ങളിലേക്ക് പ്രമോഷൻ വഴി നടത്തിയ നിയമനങ്ങൾ നിയമാനുസൃതമല്ലാത്തതിനാലാണ് റദ്ദാക്കിയത്. പ്രമോഷൻ നടപടികളിൽ കോർപ്പറേറ്റ് മാനേജ്മെന്റ് നിയമവിരുദ്ധമാണ് പ്രവർത്തിച്ചതെന്നും തങ്ങൾക്ക് അർഹതപ്പെട്ട പ്രമോഷൻ നിഷേധിക്കുകയും സീനിയോറിറ്റി കുറഞ്ഞവർക്ക് നിയമനം നല്കുകയും ചെയ്തു എന്നും ആക്ഷേപിച്ച് രണ്ട് അദ്ധ്യാപകർ ഹൈക്കോടതിയെ സമീപിക്കുകയും കോടതി നിർദ്ദേശപ്രകാരം വിദ്യാഭ്യാസ ഡയറക്ടർ ബന്ധപ്പെട്ട കക്ഷികളുടെ വാദങ്ങൾ പരിശോധിച്ച് ജൂൺ 21-ാം തീയതി പുറപ്പെടുവിച്ച ഉത്തരവിലൂടെയാണ് ഈ നിയമനങ്ങൾ റദ്ദാക്കിയത്. ഈ ഉത്തരവിനെതിരെ ക്രമവിരുദ്ധമായി പ്രമോഷൻ ലഭിച്ച അദ്ധ്യാപകർ കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയിരിക്കുകയാണ്. ഇത് മാനേജ്മെന്റിന്റെ പിന്തുണയോടെയാണെന്ന് ആരോപിക്കപ്പെടുന്നു.

കോർപ്പറേറ്റ് മാനേജ്മെന്റിലുള്ള സ്കൂളുകളുടെ മാനേജർ പൗലൂസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായാണെങ്കിലും യഥാർത്ഥത്തിൽ ഭരണം നടത്തുന്നത് ഫാ. കെ. എം. ഐസക്ക്, ബാബു വർക്കി എന്നിവരാണ് എന്നാണ് ആരോപണം. പ്രമോഷൻ, സ്ഥലംമാറ്റം മുതലായി അദ്ധ്യാപകരെ ബാധിക്കുന്ന സർവ്വീ സ് സംബന്ധമായ കാര്യങ്ങളിൽ സ്വേച്ഛാധിപത്യപരമായും നിയമങ്ങളെ കാറ്റിൽപറത്തിക്കൊണ്ടും ഈ വ്യക്തികൾ നടത്തുന്ന പ്രവർത്തനങ്ങൾ ഒരു കാഴ്ചക്കാരനെപ്പോലെ നോക്കിനില്ക്കയാണ് മാനേജരായ മെത്രാപ്പോലീത്താ എന്ന് പരക്കെ ആരോപണമുണ്ട്. ഇപ്പോൾ വിവാദമായിരിക്കുന്നതും റദ്ദാക്കപ്പെട്ടിരിക്കുന്നതുമായ പ്രമോഷൻ ലിസ്റ്റി ൽ ഇടംകണ്ടെത്തിയവരിൽ ഇന്റർവ്യൂ ബോർ ഡിലെ അംഗമായിരിക്കുന്ന ജേക്കബ് കുര്യൻ ഓണാട്ടിന്റെ ബന്ധുക്കളും ഉൾപ്പെടുന്നു എന്നതും യാദൃശ്ചികമായി കാണാനാവില്ല. പ്രമോഷനുകളിൽ യാതൊരു ക്രമക്കേടുമില്ലെന്നാണ് മാനേജ്മെന്റ് നിലപാട്.

ഗവൺമെന്റിന്റെ വ്യക്തമായ നിയമങ്ങളും നടപടിക്രമങ്ങളും മറികടന്ന് നടത്തുന്ന നിയമനങ്ങൾക്ക് പിന്നിൽ സ്വജനപക്ഷപാതം, അഴിമതി എന്നിവ ആരോപിക്കപ്പെടുന്നത് സ്വാഭാവികം മാത്രമാണ്.

## അസ്സോസിയേഷൻ സെക്രട്ടറി: വൈദികരും രംഗത്ത്

കോട്ടയം: മലങ്കരസഭയിൽ അൽമായക്കാർക്കു ലഭിക്കുന്ന അധികാരമുള്ള ഏക തസ്തികയായ അസ്സോസിയേഷൻ സെക്രട്ടറി സ്ഥാനം കയ്യടക്കാൻ വൈദികരും രംഗത്തെത്തി.

ഭരണഘടനയിൽ 'അവൈദികർ' എന്നു വ്യവസ്ഥ ചെയ്തിട്ടില്ല എന്ന ന്യായത്തിലാണ് ഇവരുടെ രംഗപ്രവേശം. 1876 മുതൽ ഇതഃപര്യന്തമുള്ള ചരിത്രത്തിൽ പാത്താമുട്ടം എം. സി. കുര്യാക്കോസ് റമ്പാൻ ഒരിക്കൽ സെക്രട്ടറി സ്ഥാനം വഹിച്ചു എന്നതും, ഫാ. റ്റി. ജെ. ജോഷ്വ ഒരിക്കൽ സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിച്ചു എന്നതും അനുകൂല ഘടകങ്ങളായി ഇവർ അവകാശപ്പെടുന്നു. ഒരിക്കൽ വൈദികൻ തെരഞ്ഞെടുക്കപ്പെട്ടാൽ, പിന്നീട് ആ സ്ഥാനം ശാശ്വതമായി വൈദികർക്കാക്കിത്തീർക്കാമെന്നാണ് ഈ വൈദികരുടെ കണക്കുകൂട്ടൽ. സഭാഭരണത്തിൽ അൽമായക്കാർക്ക് ലഭിക്കാവുന്ന ചുരുക്കം ചില സ്ഥാനങ്ങളിൽ ഏറ്റവും ശക്തമായ ഈ സ്ഥാനവും വൈദികർ കൈയടക്കുവാൻ ശ്രമിക്കുന്നതിനെ അൽമായക്കാർ ശക്തമായി എതിർക്കേണ്ടതാണ്.

## അച്ചാച്ചനെ അവരും ഒറ്റിക്കൊടുത്തു

**ഷെല്ലി ജോൺ**

അച്ചാച്ചനുവേണ്ടി രംഗത്തിറങ്ങിയ അച്ചന്മാരും അച്ചായന്മാരും കൊച്ചന്മാരും മാനേജിംഗ് കമ്മറ്റി മെമ്പർമാരും ഇന്റർനെറ്റിലെ കാമ്പയിൻ മാനേജരുമെല്ലാം ശ്രേഷ്ഠ നിയുക്ത കാതോലിക്കായായി പൗലോസ് മാർ മിലിത്തിയോസിനെ പ. സുന്നഹദോസ് തീരുമാനിച്ചു എന്നറിഞ്ഞതോടെ മറുകണ്ടം ചാടി. മാനേജിംഗ് കമ്മറ്റി യോഗത്തിൽ മുമ്പ് അച്ചാച്ചനുവേണ്ടി സുധീരം പോരാടിയ അച്ചായന്മാരൊക്കെ, 27-ാം തീയതി നടന്ന മാനേജിംഗ് കമ്മറ്റിയിൽ മാർ മിലിത്തിയോസിനെ പുകഴ്ത്തി പറയുന്നത് കേട്ട് അച്ചാച്ചൻ തന്നെ ഞെട്ടി.

ഇന്റർനെറ്റിലെ ക്യാമ്പയിൻ മാനേജരുടെ പുതിയ വെളിപാട് ഇങ്ങനെയാണ്: "Look at the positive side of it. The list has been reduced to two from 5 or 6. Is that not something good ?? The decision may not be to your liking or my liking. But, still it is a decision of our spiritual fathers and we need to accept it as the will of God. It may sound illogic and illegal; but when 14 Bishops decide to favor one; I tend to believe that it is the will of God. And there will be further test of the will going to happen in the comming days and weeks in the Managing committee or Association. Let us pray for the Holy spirit to work in our church."

27-ാം തീയതിയിലെ മാനേജിംഗ് കമ്മറ്റി യോഗം കഴിഞ്ഞ് പുറത്തിറങ്ങിയ മാർ മിലിത്തിയോസിനെ മണ്ണാറപ്രായിൽ അച്ചൻ കെട്ടിപ്പിടിച്ചു ചുബിക്കുന്നതു കണ്ട പലരും, യേശുക്രിസ്തുവിനെ യൂദാസ് ചുംബനത്തിലൂടെയാണ് ഒറ്റിക്കൊടുത്തതെന്ന് വിളിച്ചു പറയുന്നുണ്ടായിരുന്നു.

എല്ലാവരും കൈയൊഴിഞ്ഞ് ഏകനായി, മൂകനായി മൂലയിൽ നിന്നിരുന്ന മക്കാറിയോസ് മെത്രാച്ചനെ ആശ്വസിപ്പിക്കുവാൻ അൽമായവേദിക്കാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. വിരുന്നു ഭവനത്തിൽ പോകുന്നതിനേക്കാൾ വിലാപഭവനത്തിൽ പോകുന്നതല്ലോ ഉത്തമം.

## ഫ്ളാറ്റ് കച്ചവടം പരാജയം; ആളെ വീഴ്ത്താൻ അച്ചന്മാരെ തപ്പുന്നു

കോട്ടയം: ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം അതിന്റെ ലക്ഷ്യങ്ങളിൽനിന്ന് വ്യതിചലിച്ച് ഫ്ളാറ്റ് കച്ചവടം, ഷോപ്പിംഗ് കോംപ്ലക്സ് പണി തുടങ്ങിയ മറ്റു പല മേഖലകളിലേക്കും കച്ചവട മനസ്ഥിതിയുമായി കടന്നുവന്നിരിയ്ക്കുകയാണ്. കോട്ടയത്തെ വമ്പന്മാരായ ഫ്ളാറ്റു കച്ചവടക്കാരോട് മത്സരിച്ചു പിടിച്ചു നില്ക്കാൻ പാടുപെടുന്ന പ്രസ്ഥാനം വിദേശത്തുള്ള സഭാംഗങ്ങളെ വീഴ്ത്താൻ പണം പിരിക്കുന്നതിൽ മിടുക്കന്മാരായ അച്ചന്മാരെ കണ്ടെത്തി കമ്മീഷൻ കൊടുക്കാം എന്ന് പ്രലോഭിപ്പിക്കുകയാണിപ്പോൾ. ഏതാനും മാസത്തെ അമേരിക്കൻ വാസത്തിനു ശേഷം മുൻ ജനറൽ സെക്രട്ടറിയായ മെത്രാപ്പോലീത്താ നാട്ടിലെത്തിയതായി അറിയുന്നു. ഇദ്ദേഹത്തെക്കൊണ്ടു പൊറുതി മുട്ടിയ അമേരിക്കൻ ഭദ്രാസനം കൗൺസിൽ കൂടി അവിടെ പിരിവു നിരോധിച്ചിരിക്കുകയാണെന്ന് കേൾക്കുന്നു. മെത്രാപ്പോലീത്താ അമേരിക്കയിലായിരുന്നപ്പോൾ അദ്ദേഹത്തിന്റെ പിതൃസഹോദരൻ മരിച്ചു. അടക്കത്തിനായി വന്ന മെത്രാപ്പോലീത്താ അടക്കം കഴിഞ്ഞ് അടുത്ത ഫ്ളൈറ്റിൽ അമേരിക്കയ്ക്കു തിരിച്ചുപോയി. ഫ്ളാറ്റ് കച്ചവടത്തിനായി മനോരമയിൽ കൊടുത്ത പരസ്യത്തിലും വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ വെബ്സൈറ്റിലും സ്വന്തം ഇ മെയിൽ വിലാസം വച്ച ഈ മെത്രാപ്പോലീത്തായ്ക്ക് വിദ്യാർത്ഥിപ്രസ്ഥാനത്തിൽ എന്തെങ്കിലും ഔദ്യോഗിക പദവികൾ ഇപ്പോൾ ഉള്ളതായി അറിവില്ല. ഇദ്ദേഹം ഓരോ വീടും കയറിയിറങ്ങി തെണ്ടിപ്പിരിച്ചു കൊണ്ടുവരുന്ന കാശ് കൊണ്ട് സ്റ്റുഡന്റ് സെന്ററിലെ ചില അന്തേവാസികൾ പുട്ടടിച്ച് സുഖമായി വാഴുന്നു എന്നതാണ് സ്ഥിതി.

കാതലായ പ്രശ്നം ആരാധന, പഠനം, സേവനം എന്ന മുദ്രാവാക്യം സ്വീകരിച്ചിട്ടുള്ള വിദ്യാർത്ഥി പ്രസ്ഥാനം അതിൽനിന്ന് വ്യതിചലിച്ച് റിയൽ എസ്റ്റേറ്റ് മുതലായ ബിസിനസ്സ് സംരംഭങ്ങളിൽ ഏർപ്പെടേണ്ടതുണ്ടോ എന്നാണ്. ഫ്ളാറ്റുകൾ വിൽക്കുന്നത് മാർക്കറ്റ് വിലയ്ക്കോ അതിൽ കൂടുതലോ ആയ നിരക്കിലായതിനാൽ എന്തിന് സഭാംഗങ്ങളെ ഞെക്കിപ്പിഴിഞ്ഞ് അതിനുള്ള മൂലധനം സ്വരൂപിക്കണം?

ഗൾഫിലുള്ള ചില പ്രവാസികൾ സമ്മർദ്ദം സഹിക്കവയ്യാതെ വന്നപ്പോൾ വണ്ടിച്ചെക്കു കൊടുത്ത് ഈ പിരിവുകാരനെ മുമ്പ് ഒഴിവാക്കിയതുപോലുള്ള സംഭവങ്ങൾ ഇനിയുമാവർത്തിക്കുമോ എന്നത് സഭാനേതൃത്വം ഗൗരവപൂർവ്വം ആലോചിക്കേണ്ടതാണ്. ഭദ്രാസന ഭരണം, വിശ്വാസികളുടെ ആത്മീയ ഉന്നമനം ഇവയെല്ലാം അവഗണിച്ച് ഫ്ളാറ്റു പണിയാനുള്ള പണം പിരിക്കുവാൻ മാസങ്ങൾ ഒരു മെത്രാപ്പോലീത്താ സമയം ചിലവാക്കുന്നത് ഏത് മുൻഗണനാക്രമത്തിലാണ്?

## പങ്കെടുത്തില്ല

കോട്ടയം: സെപ്റ്റംബർ 20 നു കോടതി വിധി വന്നതിനെതുടർന്നു നടത്തിയ വർക്കിംഗ് കമ്മറ്റിയോഗത്തിൽ അൽമായ ട്രസ്റ്റി പി. സി. എബ്രഹാം പങ്കെടുത്തില്ല.

### നിയുക്ത മെത്രാന്മാർ എന്തായിരിക്കണം?

**മേല്പട്ടസ്ഥാനത്തേക്ക് ഇനിയൊരു തിരഞ്ഞെടുപ്പ് ഉണ്ടാകുമ്പോൾ മലങ്കരസഭയുടെ അഭിനവ മെത്രാന്മാരെപ്പറ്റി നിങ്ങൾ എന്ത് പ്രതീക്ഷിക്കുന്നു. അവരുടെ യോഗ്യത, കഴിവ്, പ്രായം ഇവയെപ്പറ്റിയുള്ള നിങ്ങളുടെ അഭിപ്രായം അറിയിക്കുക.**

# സ്വാതന്ത്ര്യത്തിന്റെ പ്രതീകം

**2006 സെപ്റ്റംബർ 21–ാം തീയതി പരുമല സെമിനാരി അങ്കണത്തിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിൽ പൗരസ്ത്യ കാതോലിക്കായും, മലങ്കര മെത്രാപ്പോലീത്തായും, മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പ്രസിഡണ്ടുമായ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ ചെയ്ത അദ്ധ്യക്ഷ പ്രസംഗം.**

അഭിവന്ദ്യരായ നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരും മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ഉപാദ്ധ്യക്ഷന്മാരുമായ പിതാക്കന്മാരെ, വൈദീകട്രസ്റ്റി ഡോ. ഒ. തോമസ് കത്തനാർ, അൽമായട്രസ്റ്റി ശ്രീ. പി. സി. ഏബ്രഹാം പടിഞ്ഞാറേക്കര, അസ്സോസിയേഷൻ സെക്രട്ടറി ഡോ. അലക്സാണ്ടർ കാരയ്ക്കൽ, വന്ദ്യ കോർ എപ്പിസ്കോപ്പാമാരെ, റമ്പാച്ചന്മാരെ, സ്നേഹമുള്ള വൈദീകരെ, മലങ്കരസഭയുടെ അഭിമാനവും മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ അംഗങ്ങളുമായ നമ്മുടെ വാൽസല്യ മക്കളെ!

ലോകത്തെ ഏറ്റവും വലിയ ജനപ്രതിനിധി സഭയും, മലങ്കര ഓർത്തഡോക്സ് സഭയുടെ പാർലമെന്റുമായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗത്തെ അഭിസംബോധന ചെയ്യുവാൻ ബലഹീനനായ നമ്മെ യോഗ്യനാക്കിയ സർവ്വശക്തനായ ദൈവത്തെ നാം മഹത്വപ്പെടുത്തുന്നു. ധീരോദാത്തരും പരിശുദ്ധരുമായ നമ്മുടെ മുൻഗാമികളായ മലങ്കര മെത്രാപ്പോലീത്തന്മാർ അദ്ധ്യക്ഷപദം അലങ്കരിച്ചിട്ടുള്ളതും, ചരിത്രപ്രസിദ്ധങ്ങളായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗങ്ങളുടെ പൈതൃകം ഉള്ളതും, ഭാരതത്തിന്റെ പരമോന്നത നീതിപീഠമായ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ അംഗീകാരമുള്ളതുമായ ഈ മഹായോഗം പരിശുദ്ധ മലങ്കര ഓർത്തഡോക്സ് സഭയുടെ സ്വാതന്ത്ര്യത്തിന്റെ പ്രതീകമാണ്. ആ സ്വാതന്ത്ര്യത്തെ നിഷേധിക്കുവാനോ അതിന്റെ പ്രതീകമായ മലങ്കര സുറിയാനി അസ്സോസിയേഷൻ യോഗത്തെ ദുർബലപ്പെടുത്തുവാനോ ഒരു ശക്തിയെയും മലങ്കരസഭാ മക്കൾ അനുവദിക്കുകയില്ല എന്നതിന്റെ മഹത്തായ സാക്ഷ്യമാണ് നിയമാനുസരണം വിളിച്ചു ചേർക്കപ്പെട്ട ഈ സമ്മേളനം.

ബലഹീനനായ നമ്മുടെ സ്ഥാനം സംബന്ധിച്ച് താല്ക്കാലികമായി ഉയർന്നുവന്ന സംശയങ്ങളും തർക്കങ്ങളും ഈ മഹാസമ്മേളനത്തിന്റെ നടത്തിപ്പിന് ആശങ്കകൾ ഉയർത്തിയിരുന്നുവെങ്കിലും സർവ്വശക്തനായ ദൈവം തന്റെ ഏകപുത്രന്റെ മന്ദിരവും മണവാട്ടിയും ശരീരവുമായ സഭയുടെ കണ്ണുനീരിനെ മാനിച്ച് സകല പ്രതിസന്ധികളേയും അടിച്ചു തകർത്തിരിക്കുകയാണ്. രാജ്യത്തിന്റെ നീതിന്യായ വ്യവസ്ഥിതികളേയും നീതിപീഠങ്ങളേയും ബഹുമാനിക്കുന്ന സഭാമക്കൾ അല്പകാലത്തേയ്ക്ക് മനഃക്ലേശത്തിലായിപ്പോയെങ്കിലും നമ്മുടെ ഗുരുവും മുൻഗാമിയും പരിശുദ്ധനുമായ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ സഭാമക്കളെ ഉൽബോധിപ്പിച്ച പ്രകാരം “ക്രൂശിക്കപ്പെട്ട സത്യം മൂന്നാം ദിവസം ഉയിർത്തെഴുനേൽക്കും” എന്ന് ഒരിക്കൽ കൂടി തെളിയിക്കപ്പെട്ടിരിക്കുകയാണ്. വാത്സല്യ മക്കളെ, സഭയെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കണം. സഭയുടെ അഖണ്ഡതക്കും സ്വാതന്ത്ര്യത്തിനും സ്വയംശീർഷകത്തിനും എതിരായ ഒന്നും ഒരു നാളും പ്രവർത്തിക്കരുത്.

പരിശുദ്ധ സഭയുടെ ചരിത്രത്തിലെ നിർണ്ണായകമായ ഒരു കാലഘട്ടത്തിലാണ് ഈ പാർലമെന്റ് സമ്മേളിച്ചിരിക്കുന്നത്. പ്രധാനമായ പല തീരുമാനങ്ങളും നമുക്ക് കൈക്കൊള്ളേണ്ടതുണ്ട്. വ്യക്തി താല്പര്യങ്ങളെ മാറ്റി വച്ച് സഭയുടെ പൊതുവായ നന്മയെ ലക്ഷ്യമിട്ടുകൊണ്ടു വേണം ഓരോ തീരുമാനവും കൈകൊള്ളേണ്ടത്. ബഹുദൂരം നമുക്ക് പിൻതുടരുവാനുണ്ട്. തളരാതെ, തകരാതെ ക്രൂശിനെ നോക്കി നമുക്ക് യാത്ര തുടരാം. ഇന്നത്തെ എല്ലാ യോഗനടപടികളിലും, കൈക്കൊള്ളുന്ന തീരുമാനങ്ങളിലും നിങ്ങൾ ഏവരുടേയും പൂർണ്ണ പിന്തുണയും സഹകരണവും നാം അഭ്യർത്ഥിക്കുകയാണ്. മലങ്കരയുടെ മക്കൾ അച്ചടക്കമുള്ളവരും ദൈവഭയമുള്ളവരുമാണെന്ന് ലോകം അറിയണം.

ബലഹീനനായ നമ്മോടും, നമ്മുടെ സഹോദര മെത്രാപ്പോലീത്തന്മാരോടും നിങ്ങൾ പ്രകടിപ്പിക്കുന്ന സ്നേഹത്തിനും ബഹുമാനത്തിനും പ്രാർത്ഥനാനിർഭരമായ നന്ദിയും കൃതജ്ഞതയും നാം അർപ്പിക്കുന്നു. നിങ്ങളുടെ ത്യാഗത്തെയും ബദ്ധപ്പാടുകളെയും ദൈവം മാനിക്കട്ടെ. പരിശുദ്ധ സഭയെയും നാം ഓരോരുത്തരെയും സർവ്വശക്തനായ ദൈവം അനുഗ്രഹിക്കട്ടെ.

# ഈ പിതാക്കന്മാരുടെ പ്രതിബദ്ധത ആരോട്?

**നിരീക്ഷകൻ**

സഭ വലിയ പ്രതിസന്ധിയിലൂടെ കടന്നുപോകുകയും പല നിർണ്ണായക തീരുമാനങ്ങൾ എടുക്കുകയും ചെയ്യേണ്ട ഘട്ടത്തിൽ ചില മെത്രാപ്പോലീത്താമാർ നടത്തിയ നിരുത്തരവാദപരമായ പ്രവർത്തനങ്ങളെക്കുറിച്ച് പറയാതിരിക്കാനാവില്ല. വാക്കുകളും പ്രവർത്തിയും തമ്മിൽ പൊരുത്തപ്പെട്ടിരുന്നുവെങ്കിൽ ഏറ്റവും മാതൃകാ മെത്രാനാകുമായിരുന്ന വളരെ വിദ്യാസമ്പന്നനും ദൈവാര ചിന്തകളിലൂടെ സഭയെ നന്നാക്കിക്കൊണ്ടിരിക്കുന്നയാളുമായ, പ്രഗത്ഭ പ്രഭാഷകനാണ് ഒന്ന്. മറ്റൊന്ന് കോട്ടയം സ്വദേശിയായ ഒരു ബാഹ്യകേരള ഭദ്രാസനം ഭരിക്കുന്ന വിദ്യാർത്ഥി പ്രസ്ഥാനവുമായി ബന്ധപ്പെട്ട മെത്രാനും.

രോഗക്കിടക്കയിൽ നിന്നും എണീറ്റ് സുന്നഹദോസ് യോഗത്തിൽ പങ്കെടുത്ത കോട്ടയം മെത്രാനും അമേരിക്കയിൽ നിന്നും അനാരോഗ്യം വകവെയ്ക്കാതെത്തിയ അവിടുത്തെ സീനിയർ മെത്രാനും ഒക്കെ തങ്ങളുടെ സഭയോടുള്ള പ്രതിബദ്ധത വെളിവാക്കി. ബൈപ്പാസ് സർജറിക്ക് ശേഷം വിശ്രമിക്കുന്ന ചെങ്ങന്നൂർ മെത്രാനും അതീവ ഗൗരവതരമായ ആരോഗ്യ പ്രശ്നങ്ങളുള്ള ഡൽഹി മെത്രാനും വരാതിരുന്നത് തികച്ചും ന്യായം.

എന്നാൽ ആദ്യം പറഞ്ഞ രണ്ട് മെത്രാന്മാർക്ക് സഭ ഏതു പ്രതിസന്ധിയിലൂടെ കടന്നുപോയാലും ആര് സഭയെ ഭാവിയിൽ നയിച്ചാലും (നയിച്ചില്ലെങ്കിലും) തങ്ങൾക്ക് മുഖ്യം വിദേശ പര്യടനമാണെന്ന് തെളിയിച്ചു. എപ്പിസ്കോപ്പൽ അധികാരങ്ങളെക്കുറിച്ച് പ്രസംഗിക്കുമ്പോൾ കടമകളെക്കുറിച്ചും കൂടി വല്ലപ്പോഴും ചിന്തിക്കുന്നത് ഉചിതമല്ലേ? ജനത്തിനു പാലിക്കുവാൻ കല്പിച്ചു നൽക്കുന്ന സാരോപദേശപാഠങ്ങൾ പ്രവർത്തിയിൽ കൂടി കാണിച്ചുകൊടുത്താൽ വിശ്വാസ്യത കുറച്ചുകൂടി വർദ്ധിക്കും.

# കാതോലിക്കാ ബാവാ വരുന്നേ ഓടിക്കോ!

**പോത്തൻ തുകലൻ**

ആലുവാ തൃക്കുന്നത്തു സെമിനാരിക്ക് ദൃഷ്ടിദോഷം വരാതിരിക്കാൻ അതിന്റെ പടിക്കൽ ശ്രേഷ്ഠൻ മുൻകൈയെടുത്ത് ഒരു കു (ശുമ്പിൻ) രിശിൻതൊട്ടി സ്ഥാപിച്ചിട്ടുണ്ട്. വഴിയരികിലുള്ള ആ കുരിശിന്റെ മുറ്റത്ത് ഒരു സ്ഥിരം യജ്ഞശാല ഉയർത്തിയിട്ടുമുണ്ട്. ശ്രേഷ്ഠന് അത്യാവശ്യം തോന്നുമ്പോഴൊക്കെ പ്രാർത്ഥനായജ്ഞം നടത്തുന്നത് അവിടെയാണ്. മലങ്കരസഭയിൽ സമാധാനം ഉണ്ടാക്കുക എന്ന നിർദ്ദോഷമായ ഉദ്ദേശമേ ആ യജ്ഞങ്ങൾക്കുള്ളൂ. സ്ഥിരം പന്തലായതിനാൽ സ്ഥിരം കസേരകളുമുണ്ട്. പണ്ടത്തെ കോലഞ്ചേരി ആശുപത്രി സംഭവത്തിന്റെ ശാശ്വതസ്മരണയ്ക്കെന്നവണ്ണം വലിച്ചു കെട്ടിയിരിക്കുന്ന പ്ലാസ്റ്റിക്കിന്റെ നിറം ബ്ലൂ. കസേരയുടെ നിറത്തിന്റെ അർത്ഥം അറിയേണ്ടവർ ശ്രേഷ്ഠനോട് നേരിട്ടു തന്നെ ചോദിക്കുക.

കോട്ടയം പഴയസെമിനാരിയിൽ സെപ്റ്റംബർ 27-ന് മാനേജിംഗ് കമ്മറ്റിയോഗം നടക്കുന്ന വിവരം ഇവിടുത്തെ ട്രോജൻ കുതിരകൾ പറഞ്ഞറിഞ്ഞ ഉടനെ പ്രഖ്യാപനം വന്നു. അന്നേദിവസം തൃക്കുന്നത്തെ യജ്ഞശാലയിൽ ഒരു പ്രാർത്ഥനായജ്ഞം ഉണ്ടായിരിക്കുന്നതാണ്. പക്ഷേ രാവിലെ എത്തിയവരിൽ ആഹ്വാനം ചെയ്ത ശ്രേഷ്ഠനെ കണ്ടില്ല. പകരമായെത്തിയത് ആലുവാ പെരുവഴി വിൽപ്പത്രപ്രകാരം പിൻഗാമിയാകുവാൻ സാധ്യതയുള്ള ജോസഫ് മാർ ഗ്രിഗോറിയോസും രണ്ടു പുതിയ സൃഷ്ടികളുമാണ്. കൂടെ ഒമ്പതു വൈദികരും ഇരുപത്തിയാറ് കടുംവെട്ട് അത്മായക്കാരും. അങ്ങനെ മൊത്തം മുപ്പത്തിയെട്ടുപേർ. യജ്ഞം മൂത്ത് അഗ്നി ജ്വലിക്കുന്നതിന് മുമ്പ് സ്ഥലം എസ്. ഐ. യജ്ഞശാലയിലെത്തി പറഞ്ഞു: “കാതോലിക്കാ ബാവാ വരുന്നുണ്ട്, വേഗം പരിപാടി നിർത്തി സ്ഥലം വിട്ടോണം” എന്ന്. മാർ തെയോഫിലോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിന് നേതൃത്വം കൊടുക്കുവാൻ അങ്കമാലി ഭദ്രാസനത്തിന്റെ സാക്ഷാൽ ഇടയൻ കൂടിയായ പരിശുദ്ധ ദിദിമോസ് പ്രഥമൻ ബാവാ വരുന്ന വിവരമാണ് എസ്. ഐ. അറിയിച്ചത്. കേട്ടതു പാതി, കേൾക്കാത്തതു പാതി, എന്നെ കണ്ടതു മിണ്ടല്ലേ എന്നു പറഞ്ഞ് ആസനത്തിലെ ധൂളിയും തട്ടി മുപ്പത്തെട്ടന്മാർ സ്ഥലം കാലിയാക്കി. യജ്ഞം അശുഭം!

# യൂദാസ്ക്കറിയോത്താ രണ്ടാമൻ

**ബാർ ഈത്തോ മേത്തോ**

പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയെ (ശ്രേഷ്ഠ നിയുക്ത കാതോലിക്കാ) നാമനിർദ്ദേശം ചെയ്യാൻ സെപ്റ്റംബർ 27-ന് കോട്ടയം പഴയസെമിനാരിയിൽ മാനേജിംഗ് കമ്മറ്റിയോഗം നടന്ന ദിവസം രണ്ടായിരം വർഷം മുമ്പ് നടന്ന ഒരു ചരിത്രസംഭവത്തിന്റെ തനിയാവർത്തനം നടക്കുകയുണ്ടായി (ഇവൻ ഇതിനെക്കുറിച്ച് സാക്ഷ്യം പറയുന്നവനും ഇവന്റെ സാക്ഷ്യം സത്യവുമാകുന്നു). പരിശുദ്ധ ദിദിമോസ് പ്രഥമൻ ബാവായുടെ പിൻഗാമിയായി സർവ്വഥാ യോഗ്യനായ ഒരു ശ്രേഷ്ഠ മഹാഇടയനെ എഴുന്നേല്പിക്കുവാൻ പ. വട്ടശേരിൽ തിരുമേനിയുടെ കബറിടത്തിൽ രാവിലെ മുതൽ അഖില മലങ്കര ഓർത്തഡോക്സ് അത്മായവേദി പ്രവർത്തകർ പ്രാർത്ഥനാനിരതരായി ഇരിക്കുകയായിരുന്നു (മാനേജിംഗ് കമ്മറ്റി യോഗത്തിനു മുമ്പ് പ. ബാവാതിരുമേനിയും മെത്രാപ്പോലീത്താമാരും മറ്റംഗങ്ങളും പ. വട്ടശേരിൽ തിരുമേനി ഉൾപ്പെടെ മൂന്നു മലങ്കര മെത്രാപ്പോലീത്താമാർ അന്ത്യവിശ്രമംകൊള്ളുന്ന സെമിനാരി ചാപ്പലിൽ പ്രാർത്ഥിക്കുന്ന ഒരു പതിവ് ഇല്ലാതെ പോയതാണ് സഭയുടെ ദുരിതത്തിനൊരു കാരണം എന്നു കരുതുന്നതിൽ തെറ്റില്ല). പ്രാർത്ഥനായോഗം നടക്കുന്നതിനിടെ കുന്നംകുളം ഭദ്രാസനാധിപൻ അഭിവന്ദ്യ പൗലോസ് മാർ മിലിത്തിയോസ് തിരുമേനിയെ നിയുക്ത കാതോലിക്കാ – മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് മാനേജിംഗ് കമ്മറ്റി ഏകകണ്ഠമായി നാമനിർദ്ദേശം ചെയ്തു എന്ന വാർത്ത ലഭിച്ചു. ആത്മായവേദി പ്രവർത്തകരുടെ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല. മാനേജിംഗ് കമ്മറ്റി ലഞ്ച് ബ്രേക്കിന് പിരിയുന്നതുവരെ അവർ കാത്തിരുന്നു. ഒരു മണിയോടുകൂടി അംഗങ്ങൾ ഹാളിനു വെളിയിലിറങ്ങുന്നതു കണ്ട് ഈ ചരിത്രകാരനടക്കമുള്ളവർ അങ്ങോട്ട് ഓടിച്ചെന്നു. മിലിത്തിയോസ് തിരുമേനിയെ നേരിട്ട് അഭിനന്ദിക്കുവാനായിരുന്നു ഞങ്ങൾ അവിടെ എത്തിയത്. തിരുമേനി ഹാളിനു വെളിയിലേക്ക് വരുന്നത് കണ്ട് ഞങ്ങൾ അടുത്ത് എത്തിയതും ഒരു വൈദികൻ (കോറെപ്പിസ്ക്കോപ്പാ) അദ്ദേഹത്തിന്റെ മുന്നിലേക്ക് ചാടിവീണ് കെട്ടിപ്പിടിച്ച് മുഖത്ത് ഉമ്മവെച്ചതും ഒന്നിച്ചു കഴിഞ്ഞു. ഇത് അഭി. തിരുമേനിയെയും ഞങ്ങളെയും ഒരു പോലെ ഞെട്ടിച്ചുകളഞ്ഞു. ഒരു വൈദികൻ ഇപ്രകാരം ചെയ്തത് തെറ്റാണെങ്കിലും തിരുമേനി ഈ സ്ഥാനത്തേക്കു വന്നതിലുള്ള അത്യാഹ്ലാദം കൊണ്ടാണെങ്കിൽ വൈദികന്റെ തെറ്റു ക്ഷമിക്കാമെന്ന് വെയ്ക്കാം. ആരാണീ മഹാൻ എന്നറിയുവാൻ ഞങ്ങൾ നോക്കുമ്പോഴല്ലേ ആളെ തിരിച്ചറിയുന്നത്. എന്തുകൊണ്ടും യൂദാസ്കറിയോത്തായുടെ പിൻഗാമിയാകുവാൻ അർഹതയുള്ള സാക്ഷാൽ മണ്ണാറപ്രായിൽ കോറെപ്പിസ്കോപ്പാ! നമ്മുടെ പഴയ ‘മലങ്കരയുടെ സ്തേപ്പാനോസു സഹദാ’ തന്നെ. ഉടൻ തന്നെ വന്നു ഞങ്ങളിലൊരാളുടെ പ്രതികരണം: “കർത്താവിനെ ഒറ്റിക്കൊടുത്ത യൂദാസ്കറിയോത്തായും ഇങ്ങനെയല്ലേ ചെയ്തത്” എന്ന്. സാമാന്യം ഉറക്കെയുള്ള പ്രതികരണം കേട്ടിട്ടും കേൾക്കാത്തമട്ടിൽ യൂദാസ്കറിയോത്താ രണ്ടാമൻ മെല്ലേ മണ്ടി നടന്നകന്നു!

# ജുബ്ബാകൾ പുറത്തേയ്ക്ക് കുപ്പായങ്ങൾ അകത്തേക്ക്

പ. മാത്യൂസ് ദ്വിതീയൻ ബാവായെ വട്ടംചുറ്റിച്ച ജുബ്ബാസംഘത്തിന്റെ പടിയിറക്കം ഏതാണ്ട് പൂർത്തിയായപ്പോൾ പുതിയൊരു ദുരാലോചനാസംഘം ദേവലോകത്ത് രൂപംകൊള്ളുന്നതായി സൂചനകൾ. ഇത്തവണ അധികാരത്തിന്റെ ശീതളഛായയിൽ സമീപകാലത്തു കയറിപ്പറ്റിയ ചില വൈദികരാണ് ഉപജാപകസംഘത്തിന്റെ വേഷം ധരിക്കുന്നത്. പ. ദിദിമോസ് ബാവായുടെ ‘ചെവി കടിച്ചുപറിക്കാനാണ്’ ഇവരുടെ ആദ്യശ്രമം. അതോടൊപ്പം തന്നെ ശ്രേഷ്ഠ നിയുക്ത ബാവായെ ഇപ്പോഴേ ഹൈജാക്കു ചെയ്യാനും തീവ്രശ്രമത്തിലാണ്. പഴയ ജുബാ സംഘത്തെക്കാൾ അപകടകാരിയായ ഈ കുപ്പായ സംഘത്തെ സൂക്ഷിക്കുക. അവർക്ക് നഷ്ടപ്പെടാൻ ഒന്നുമില്ല. നേടാൻ ധാരാളമുണ്ടു താനും. നഷ്ടപ്പെടാനുള്ളത് സഭയ്ക്കും ബാവാമാർക്കുമാണ്. കരുതിയിരിക്കുക.

# അൽമായവേദി

**അഖില മലങ്കര ഓർത്തഡോക്സ് അത്മായവേദിയുടെ മുഖപത്രം**

**വാർഷിക വരിസംഖ്യ: 100 രൂപ (ഇന്ത്യയിൽ)**

വിലാസം:

**AKHILA MALANKARA ORTHODOX ALMAYA VEDI**
**Post Box No. 652, Kottayam 686 001**

ബാങ്കുവഴി അടക്കുവാൻ താല്പര്യപ്പെടുന്നവർ
**ALMAYA VEDI**
**LORD KRISHNA BANK**
**A/C No. 309.51.6593** ൽ അടയ്ക്കുക.

## ഓഫ് സൈഡ്–ഓഫ് സൈഡ്

### ഞങ്ങളെ ആരും ഭരിക്കേണ്ട

നാലു ഭാഗങ്ങളിലുമുള്ള ദൈവത്തിന്റെ സഭയെ മേഞ്ഞുഭരിക്കുന്ന പട്ടക്കാർക്ക് തങ്ങളെ മെത്രാൻ ഭരിക്കുന്നത് അശേഷം ഇഷ്ടമല്ലത്രെ. പത്തു കൊല്ലം നാഥനില്ലാകളരിയായി കിടന്ന തിരുവനന്തപുരത്തിനു സ്ഥിരം മെത്രാനുണ്ടായി ഭരണം തുടങ്ങിയപ്പോൾ അതത്ര പിടിക്കുന്നില്ല അച്ചന്മാർക്ക്.

അങ്കമാലി വെസ്റ്റിലും സ്ഥിതി വിഭിന്നമല്ല. മെത്രാനുണ്ടായിരുന്നിട്ടും ആ വാർഡിലോട്ടു നോക്കാതെ നടന്നതിനാൽ ഭരണമില്ലായ്മ സുഗമമായിരുന്നു. ഇപ്പം ഭരണം ബാവായും അസിസ്റ്റന്റു മെത്രാനുമായപ്പം അവിടെ പട്ടക്കാർക്ക് ബാവായെ മാറ്റണമത്രേ. പകരം പഴയ മെത്രാനെ തിരിച്ചു കിട്ടണമത്രേ.

“വെളിച്ചം ദുഃഖമാണുണ്ണി തമസ്സല്ലോ സുഖപ്രദം.”

## അൽമായവേദിയെ എങ്ങനെ സഹായിയ്ക്കാം?

**1. അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദി എന്ന പ്രസ്ഥാനത്തെയും അതിന്റെ മുഖപത്രമായ ‘അൽമായ വേദിയേയും’ ഓൺലൈൻ ഡിസ്ക്കഷൻ ഗ്രൂപ്പായ മലങ്കര ഓർത്തഡോക്സ് നവോത്ഥാന പ്രസ്ഥാനത്തെയും പ്രാർത്ഥനയിൽ സ്മരിയ്ക്കുക. 2. അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയിൽ അംഗങ്ങളാകുകയും സജീവമായി പ്രവർത്തിയ്ക്കുകയും ചെയ്യുക. 3. അൽമായക്കാർ സ്വയം സംഘടിച്ച് സംഘടനയുടെ യൂണിറ്റുകൾ രൂപീകരിയ്ക്കുക. 4. സംഘടനയുടെ മുഖപത്രമായ അൽമായ വേദി മാസിക പ്രചരിപ്പിയ്ക്കുക. 5. ഓരോ മാസത്തേയും അൽമായവേദി മാസിക സ്പോൺസർ ചെയ്യുക. 6. പരസ്യം, ഉപകാര സ്മരണ, ചരമ വാർഷികം, വിവാഹ വാർഷികം എന്നിവ പ്രസിദ്ധപ്പെടുത്തി മാസികയെ സഹായിയ്ക്കുക. 7. സംഭാവനകൾ നൽകി സംഘടനയെയും മാസികയെയും ശക്തിപ്പെടുത്തുക. 8. സഭയുടെ പുരോഗമനത്തിനുതകുന്ന നിർദ്ദേശങ്ങളും ലേഖനങ്ങളും അയച്ചുതന്ന് സഹകരിയ്ക്കുക.**

**മുഖലേഖനം**

# ഒരു നവയുഗപ്പിറവിയുടെ സുന്ദര നിമിഷങ്ങൾ

സഭയുടെ ചരിത്രത്തിലെ അപൂർവ്വസുന്ദരമായ ചില നിമിഷങ്ങളിലൂടെയാണ് നാം കടന്നുപോകുന്നത്. പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവായുടെ സ്ഥാനാരോഹണത്തിന്റെ നിയമസാധുതയെ ചോദ്യം ചെയ്ത് ചില കുബുദ്ധികൾ, അവരേക്കാൾ പതിൻമടങ്ങ് കുബുദ്ധികളായവരുടെ പിൻബലത്തിൽ ഫയൽ ചെയ്ത കേസിലെ വിധി അസ്ഥിരപ്പെടുത്തി എന്നത് മാത്രമല്ല മേൽപ്പറഞ്ഞ വാക്കുകളുടെ അടിസ്ഥാനം. അതിനു മുമ്പും പിമ്പും സഭയുടെ ഘടനകളിലുണ്ടായ ചില ഗുണപരമായ മാറ്റങ്ങളാണ് കൂടുതൽ പ്രധാനം. സർവ്വോപരി സഭാസ്ഥാപകനും സഭാനാഥനുമായ മശിഹാതമ്പുരാൻ ഈ സഭയെ ഇപ്പോഴും കൈവിട്ടിട്ടില്ല എന്നത് ഒരിക്കൽ കൂടി തെളിഞ്ഞതിന്റെ അവാച്യമായ അനുഭൂതി സഭയിലെമ്പാടും നിറഞ്ഞുനിൽക്കുന്നു എന്നതിന്റെ ആഹ്ലാദവും.

നിയമാനുസൃതം പ്രവർത്തിക്കണമെന്ന നിർബന്ധബുദ്ധിയുള്ളവർ കഠിനമായ ചില പരീക്ഷണ ഘട്ടങ്ങളിലൂടെ കടന്നുപോകേണ്ടതായി വരും- തത്വങ്ങളും നിഷ്ഠകളും മുറുകെ പിടിക്കുന്നവർക്ക് അനേകം വൈതരണികളെ നേരിടേണ്ടി വരുന്നതുപോലെ. പക്ഷേ പ്രതികൂല സാഹചര്യങ്ങൾക്ക് മധുരതരമായ ചില പ്രയോജനങ്ങളുണ്ട് എന്ന് വിശ്വ സാഹിത്യകാരനായ വില്യം ഷേക്സ്പിയറിന്റെ വചനങ്ങളെ (Sweet are the use of adversity) അനുസ്മരിപ്പിച്ചുകൊണ്ട്, ഈ സംഭവപരമ്പരകൾ സുപ്രധാനമായ ചില ഗുണഫലങ്ങൾ സഭയ്ക്ക് പ്രദാനം ചെയ്തു. മുമ്പെങ്ങുമില്ലാത്തവിധം കെട്ടുറപ്പോടും ഐക്യത്തോടും കൂടെ സുന്നഹദോസ് പ. ദിദിമോസ് ബാവായ്ക്ക് പിന്നിൽ അണിനിരന്നത് ഒന്നാമത്തേത്. ലീഗൽ സെൽ, വർക്കിംഗ് കമ്മറ്റി എന്നിവ ഒത്തുചേർന്ന് പ്രവർത്തിച്ചത് മറ്റൊന്ന്. ഏതാനും മണിക്കൂറുകളുടെ മുന്നറിയിപ്പിൽ മൂവായിരത്തോളം പ്രതിപുരുഷന്മാർ പരുമലയിൽ ഓടിയെത്തിയത് മറ്റൊന്ന്. എന്നാൽ ഏറ്റവും പ്രധാനപ്പെട്ട സംഭവവികാസം സാധാരണക്കാരായ ജനങ്ങൾ നിസ്സംഗത വെടിഞ്ഞ് സഭയ്ക്കുവേണ്ടി ചിന്തിക്കുവാനും പ്രവർത്തിക്കുവാനും ആരംഭിച്ചു എന്നതാണ്. പല തരത്തിലുള്ള ഭിന്നതകളിലും ചേരിതിരിവുകളിലുമായിരുന്ന സഭ അത്ഭുതകരമായ വേഗത്തിൽ കെട്ടുറപ്പോടെ ഒത്തുചേർന്നത് ദൈവനിയോഗം എന്നല്ലാതെ വിശേഷിപ്പാക്കാനാവില്ല.

സെപ്റ്റംബർ 26-ാം തീയതി നടന്ന പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസും അടുത്ത ദിവസം നടന്ന മാനേജിംഗ് കമ്മറ്റിയും അവസരത്തിനൊത്തുയർന്ന് ശുഭോദർക്കമായ തീരുമാനങ്ങൾ എടുത്തു. 65 വയസ്സിൽ താഴെ പ്രായമുള്ള ഒരു മെത്രാപ്പോലീത്താ വേണം അടുത്ത കാതോലിക്കാ സ്ഥാനത്തേയ്ക്കുയർത്തപ്പെടേണ്ടത് എന്ന കാര്യം ആദ്യമായി അവതരിപ്പിക്കാനുള്ള ചരിത്രനിയോഗം അൽമായവേദിക്കുണ്ടായി എന്നത് സംഘടനയ്ക്കും ഈ പ്രസിദ്ധീകരണത്തിനും അഭിമാനിക്കുവാൻ വക നല്കുന്നു. ആ ആശയം ഇത്തവണ തന്നെ നടപ്പിലാക്കാൻ സാധിക്കുമെന്ന് ആ സമയത്ത് ഞങ്ങൾക്ക് ഉറപ്പുണ്ടായിരുന്നില്ല. എന്നാൽ ഗീവർഗീസ് മാർ ഒസ്താത്തിയോസ്, ഫീലിപ്പോസ് മാർ യൗസേബിയോസ് എന്നീമെത്രാപ്പോലീത്താമാരും വൈദികട്രസ്റ്റി ഫാ. ഡോ. ഒ. തോമസ്, സഭാ വർക്കിംഗ് കമ്മറ്റിയംഗം ഫാ. ഡോ. ജേക്കബ് കുര്യൻ എന്നീ വൈദികരും പല അൽമായസ്ഥാനികളും ഈ ആശയത്തോട് അനുകൂലമായി പ്രതികരിക്കുകയും അതൊരു തരംഗമായി സഭയൊട്ടാകെ പടർന്നുപിടിക്കുകയും ചെയ്തത് ദൈവനിയോഗമായി ഞങ്ങൾ കണക്കാക്കുന്നു. സഭയുടെ ഒരു വ്യാഴവട്ടക്കാലത്തിലേറെയായുണ്ടായിരുന്ന നിർഭാഗ്യങ്ങൾക്ക് പരിഹാരമായി ദൈവദത്തമായ പദ്ധതിയോട് ചേർന്ന് നിൽക്കുവാൻ സാധിച്ചതിൽ സർവ്വേശ്വരനെ വാഴ്ത്തട്ടെ.

സഭയിലെ സാധാരണ വിശ്വാസിയുടെ - സഭയിൽ സ്ഥാനങ്ങൾ കാംക്ഷിക്കാത്ത, പ്രാർത്ഥനയിലും കൂദാശകളിലും പതിവായി സംബന്ധിക്കുന്ന, വിധവയുടെ ചില്ലിക്കാശുപോലെ തങ്ങളുടെ ദാരിദ്ര്യത്തിന്റെ പങ്ക് കാണിക്കപ്പെട്ടിയിൽ നേർച്ചയിടുന്നവരുടെ - സഭാപരമായ മനോവീര്യം ഇന്ന് ഉയർന്നിരിക്കുകയാണ്. ഒരു നവയുഗത്തിലേയ്ക്ക് സഭ നീങ്ങുന്നു എന്ന തോന്നൽ അവരെ ആവേശം കൊള്ളിക്കുന്നു. ചലനാത്മകവും ചടുലവുമായ നേതൃത്വം സഭയ്ക്കുണ്ടാകണമെന്നും കെട്ടുറപ്പോടും ഐക്യത്തോടും കൂടി സഭ ലക്ഷ്യബോധത്തോടെ പ്രയാണം ചെയ്യണമെന്നുമുള്ള അവന്റെ ആഗ്രഹങ്ങൾ സാധിതമാകുമെന്ന വിശ്വാസം അവനിൽ വേരൂന്നുകയാണ്. നേതൃത്വം അവനെ നിരാശപ്പെടുത്തരുത്. പടലപിണക്കങ്ങളും കുതികാൽവെട്ടുകളും നേതൃനിരയിൽ ഉണ്ടാകരുത്. ഒന്നാംതരം പൗരന്മാരും രണ്ടാംതരം പൗരന്മാരും സഭയിലുണ്ടാകരുത്.

പന്തിപ്പോൾ നേതൃത്വത്തിന്റെ കോർട്ടിലാണ്. ഇവിടെനിന്നും എങ്ങോട്ട് സഭയെ അവർ നയിക്കും എന്നതാണ് സുപ്രധാന ചോദ്യം. ഈ ഐക്യത്തെ മുന്നോട്ട് നയിക്കുമോ അതോ വീണ്ടും വിഭാഗീയ പ്രവണതകളും സ്വാർത്ഥലക്ഷ്യങ്ങളാൽ പ്രേരിതമായ പ്രവർത്തനവുമായി മുന്നോട്ടുപോവുമോ എന്നുള്ളതാണ് സഭയുടെ ഭാവി ചരിത്രത്തെ സ്വാധീനിക്കുവാൻ പോകുന്നത്.

എല്ലാ വീക്ഷണങ്ങളേയും ഉൾക്കൊള്ളുവാനും സഭയുടെ നന്മയ്ക്കുതകുന്നവയെ വസ്തുനിഷ്ഠമായും പ്രശ്നാധിഷ്ഠിതമായും സമീപിക്കുവാനും നേതൃത്വത്തിന് കഴിഞ്ഞാൽ ഇത് ഒരു പുതുയുഗപ്പുലരിയായി പരിണമിക്കും. സംശയിക്കേണ്ടതില്ല.

## മെത്രാൻ ഇലക്ഷൻ ഉടൻ; പുതിയ അസ്സോസിയേഷൻ രൂപീകരിക്കുന്നു

**അൽമായവേദി ന്യൂസ് സർവീസ്**

കോട്ടയം: നിലവിലുള്ള അസ്സോസിയേഷന്റെ കാലാവധി 2007 മാർച്ച് 20 ന് അവസാനിക്കുന്നതിനാൽ മാർച്ചിൽ തന്നെ പുതിയ അസ്സോസിയേഷൻ രൂപീകരിക്കാനുള്ള നടപടികൾ ആരംഭിച്ചു. ഒക്ടോബർ 12-ന് അസ്സോസിയേഷൻ കഴിഞ്ഞാലുടനെ പുതിയ അസ്സോസിയേഷന്റെ വിജ്ഞാപനം ഉണ്ടാകുമെന്നാണറിയുന്നത്. പള്ളികളിൽ നിന്നും പ്രതിപുരുഷന്മാരെ തെരഞ്ഞെടുക്കുന്നതോടെയാണ് അസ്സോസിയേഷൻ നടപടി ആരംഭിക്കുന്നത്. സുപ്രീംകോടതി ഭേദഗതി ചെയ്ത ഭരണഘടനപ്രകാരം അഞ്ചു വർഷമാണ് തെരഞ്ഞെടുക്കപ്പെട്ട സമിതികളുടെ കാലാവധി. അതിനാൽ ഭദ്രാസന പൊതുയോഗങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പും ഇതോടൊപ്പം നടക്കും.

പുതിയ അസ്സോസിയേഷൻ കൂടി മാനേജിംഗ് കമ്മറ്റിയേയും, ഭദ്രാസന പൊതുയോഗം കൂടി ഭദ്രാസന കൗൺസിലിനെയും തിരഞ്ഞെടുക്കേണ്ടതുണ്ട്. 2007 മാർച്ചിൽ കൂടുന്ന അസ്സോസിയേഷൻ വൈദിക, അൽമായ ട്രസ്റ്റിമാരെയും തിരഞ്ഞെടുക്കണം. ഇതോടൊപ്പം അടുത്ത അസ്സോസിയേഷൻ മെത്രാൻ സ്ഥാനത്തേക്ക് ഏഴു പേരെ തിരഞ്ഞെടുക്കാനുള്ള നടപടിയും പരിഗണനയിലാണ്. 2004-ൽ ഏഴു പേർക്കായി തിരഞ്ഞെടുപ്പു നടത്തിയെങ്കിലും നാലു പേർ മാത്രമാണ് നിശ്ചിത ശതമാനം വോട്ടു നേടി വിജയിച്ചത്.

## നവ മെത്രാന്മാർ ചെറുപ്പക്കാരാകണം

കോട്ടയം: നിയുക്ത കാതോലിക്കായായി കീഴ്വഴക്കം മറികടന്ന് 60 വയസ് പ്രായമുള്ള മാർ മിലിത്തിയോസിനെ തിരഞ്ഞെടുത്തതോടെ ചെറുപ്പക്കാരായ മെത്രാന്മാരുണ്ടാകണമെന്ന ജനാഭിപ്രായം ശക്തമായി. 40 വയസ്സിനടുത്തുള്ളവരെ മാത്രമേ ഇനി മെത്രാന്മാരാക്കാവൂ എന്നാണ് ബഹുജനാഭിപ്രായം. ഇതിനായി നിലവിലുള്ള മാനദണ്ഡങ്ങൾ ആവശ്യമെങ്കിൽ ഭേദഗതി ചെയ്യണമെന്നും അഭിപ്രായം ഉയർന്നിട്ടുണ്ട്.

മുൻകാലങ്ങളിലുണ്ടായതുപോലെ തരംതാണ പ്രചാരണ കോലാഹലം ഉണ്ടാകാതിരിക്കാൻ സുന്നഹദോസ് കർശനനടപടി സ്വീകരിക്കണമെന്നും ആവശ്യമുയർന്നിട്ടുണ്ട്.

**ജനറൽ സെക്രട്ടറി എഴുതുന്നു**

# എന്തിന് വന്നവരും നിന്നവരും എന്ന വേർതിരിവ്?

അഭിവന്ദ്യ മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ ഒരു അഭിമുഖ സംഭാഷണത്തിൽ നടത്തിയതായി പറയപ്പെടുന്ന, രണ്ടു പ്രസിദ്ധീകരണങ്ങളിൽ വന്ന ചില പരാമർശങ്ങളാണ് ഈ കുറിപ്പിന് ആധാരം. ജയദ്ധ്വനി, മലങ്കരസഭാദീപം എന്നീ പ്രസിദ്ധീകരണങ്ങൾ റിപ്പോർട്ട് ചെയ്ത അഭിമുഖത്തിലെ ചില പരാമർശനങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം.

"ഒരു സഭ വിട്ട് മറ്റൊരു സഭയിലേക്കു വരുന്നവർ (പോകുന്നവർ) അസ്ഥിരതയുള്ളവരാണ്. എക്കാലവും അവർ അങ്ങിനെയായിരിക്കും. പാത്രിയർക്കീസ് വിഭാഗത്തിൽ നിന്നും ഓർത്തഡോക്സ് സഭയിലേക്കു വന്ന മെത്രാപ്പോലീത്താമാരെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചല്ല ഇവിടെ സ്വീകരിച്ചത്. ഇതു തെറ്റാണ്."

മാർ സേവേറിയോസിനെപ്പോലെ പണ്ഡിതനായ ഒരു മെത്രാപ്പോലീത്താ ഇപ്രകാരം പ്രസ്താവിച്ചു കാണുകയില്ല എന്ന വിശ്വാസത്തിലാണ് ഞെട്ടിപ്പിക്കുന്ന ഈ പ്രസ്താവനകളോട് പ്രതികരിക്കാതിരുന്നത്. മുൻപറഞ്ഞ രണ്ടു പ്രസിദ്ധീകരണങ്ങളിലും ഇത് വന്നിട്ട് കുറച്ചുനാളായതിനാലും ഇതുവരെ അദ്ദേഹം അതു നിഷേധിച്ചിട്ടില്ലാത്തതിനാലും അദ്ദേഹത്തിന്റെ ചില പ്രവർത്തികളും വാക്കുകളും ഈ പ്രസ്താവനകളെ ബലപ്പെടുത്തുന്നതായി കണ്ടതിനാലും അല്പം താമസിച്ചെങ്കിലും ഇപ്പോൾ പ്രതികരിക്കാതെ വയ്യ.

ഒന്നാമതായി മാർ അത്താനാസ്യോസ് (കണ്ടനാട്) മാർ മിലിത്തോസ് (തൃശൂർ) മാർ നിക്കോളോവോസ് (അമേരിക്ക) മാർ സേവേറിയോസ് (ഇപ്പോൾ വിഘടിത വിഭാഗത്തിൽ നിൽക്കുന്നു) എന്നിവർ വേറെ സഭയിൽനിന്നും ഇങ്ങോട്ടു വന്നവരല്ല. ഒരു സഭയും ഒരു ഭരണഘടനയും ഒരു കാതോലിക്കായും എന്ന 1995 ലെ സുപ്രീംകോടതി വിധിയനുസരിച്ചവരാണ്. അതിലൊരാൾ തിരിച്ചുപോയതിനാൽ മറ്റുള്ളവരുടെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്നത് യൂദാ ഇസ്ക്കരിയോത്തായെപ്പോലെ മറ്റു അപ്പോസ്തോലന്മാർ ചെയ്യാഞ്ഞതെന്തെന്ന് അത്ഭുതപ്പെടുന്നതുപോലെ അബദ്ധമാണ്. ഇത്തരം മുൻവിധികളും നാത്തൂൻപോരുകളും മൂലം വിഘടിത വിഭാഗത്തിൽ നിന്നും ശരിയായ സഭയിലേക്കു വന്ന അനേകം വൈദികരും ജനങ്ങളും വീണ്ടും വിഘടിത പാളയത്തിൽ അഭയം തേടേണ്ടതായി വന്നു.

മുകളിൽ പേരുപറഞ്ഞ മെത്രാപ്പോലീത്താമാർ കൂടുതലായി ജനങ്ങളോട് സംവേദിക്കയും കൂടുതൽ ജനകീയമായ നിലപാടുകൾ എടുക്കുകയും ചെയ്യുന്നതിൽ ദന്തഗോപുരവാസികളായ ചില മെത്രാപ്പോലീത്തന്മാരും അവരുടെ പാർശ്വവർത്തികളും അസൂയ പൂണ്ടു നടത്തുന്ന കുപ്രചരണങ്ങളായി മാത്രമേ മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ പരാമർശനങ്ങളെ കാണുവാൻ സാധിക്കയുള്ളു. പ. ഔഗേൻ ബാവാ, പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, ഡോ. വി. സി. ശമുവേലച്ചൻ എന്നീ മൺമറഞ്ഞ മഹാന്മാരായ പിതാക്കന്മാർ ജീവിതത്തിന്റെ പ്രത്യേക ഘട്ടങ്ങളിൽ വസ്തുതകൾ മനസ്സിലാക്കുകയും ശരിയായ പാതയിൽ വരികയും ചെയ്തവരാണ്. ഓർത്തഡോക്സ് സഭയ്ക്കും കാതോലിക്കേറ്റിനും വേണ്ടി വീറോടെ പൊരുതിയ അവരിലാർക്കെങ്കിലും അസ്ഥിരതയുണ്ടെന്ന് ആരോപിക്കാനാവുമോ?

സുപ്രീംകോടതിയുടെ 95 ലെ വിധി, 2002 ലെ പരുമല അസ്സോസിയേഷൻ എന്നിവ വഴി, ഓർത്തഡോക്സ് സഭയിലേക്ക് വന്നവരെ രണ്ടാംകിട പൗരന്മാരായി ചിത്രീകരിക്കുന്നത് അത്യന്തം ഹീനമാണ്. സഭയുടെ ചരിത്രത്തിൽ ഒരിക്കൽ മാത്രം സുപ്രീം കോടതി നിരീക്ഷകന്റെ മേൽനോട്ടത്തിൽ നടന്ന അസ്സോസിയേഷൻ അംഗീകരിച്ചവർക്ക് വേറെവിടെ നിന്നാണ് അംഗീകാരം വേണ്ടത്? വിഘടിത വിഭാഗത്തിന്റെ പീഡനങ്ങൾ ഏറ്റുവാങ്ങുന്നവരോട് സഹതപിച്ചില്ലെങ്കിലും അവരെ കാര്യമില്ലാതെ അധിക്ഷേപിക്കുന്നത് ക്രൂരമാണ് - അതിനാൽ തന്നെ അക്രൈസ്തവവും.

റീത്തു സഭാ സ്ഥാപകനായ ആർച്ച് ബിഷപ്പ് ഈവാനിയോസ്, അതേ സഭയിലേക്കു പോയ മാർ തെയോഫിലോസ് എന്നിവർ ജന്മംകൊണ്ടും ജീവിതത്തിന്റെ ഏതാണ്ടു മുക്കാൽ പങ്കോളം കർമ്മം കൊണ്ടും ഓർത്തഡോക്സുകാരല്ലായിരുന്നോ? അസ്ഥിരത മൂലം വേറെ സഭയിലേക്കു പോയവർ അവരാണ്. ജന്മം കൊണ്ടും ഇതുവരെയുള്ള കർമ്മം കൊണ്ടും ഓർത്തഡോക്സുകാരനായ ഒരു മെത്രാൻ തോമസ് പ്രഥമന്റെയും അദ്ദേഹത്തിന്റെ കീഴിലുള്ള മറ്റു ചിലരുടെയും അരമനകൾ കയറിയിറങ്ങിയത് കുശലം പറയാനും ചായ കുടിക്കാനുമല്ലെന്ന് തലയിൽ ആൾതാമസമുള്ള ആർക്കും മനസ്സിലാ കും. മെത്രാൻ സ്ഥാനത്തേക്ക് മത്സരിച്ചു തോറ്റ ഒരു ഓർത്തഡോക്സ് വൈദികൻ വിഘടിതരോട് ചേർന്നതിനാൽ ആ ഗണത്തിൽ പെട്ട എല്ലാവരെയും സംശയിക്കുന്നത് ന്യായമാണോ? സഭയ്ക്ക് എന്തു ക്ഷീണമു ണ്ടായാലും വേണ്ടില്ല, തങ്ങളുടെ ചില മർക്കടമുഷ്ടികൾ നടക്കണമെന്നു ശഠിക്കുന്ന നേതൃത്വത്തിലിരിക്കുന്നവരുടെ ഉദ്ദേശ ശുദ്ധിയെത്തന്നെ ചോദ്യം ചെയ്യേണ്ടതായി വരും. കാണാതെപോയ ആടിനെ തേടി കാടും മേടും അലഞ്ഞ വലിയ ഇടയന്റെ അനുയായികൾ കൂട്ടിൽ വന്നു സ്വയം കയറുന്ന ആടുകളെ തല്ലിപ്പായിക്കുന്നതു കാണുമ്പോൾ ദുഃഖിക്കയല്ലാതെ മറ്റെന്തു ചെയ്യാൻ? ❑

## ബാവാ മലങ്കര മെത്രാന്റെ സ്ഥാനവസ്ത്രം ധരിച്ചു

പരുമല: നൂറിലധികം വർഷത്തെ ഇടവേളയ്ക്കു ശേഷം മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ പ്രസിഡന്റ്, മലങ്കര മെത്രാപ്പോലീത്തായുടെ ഔദ്യോഗികവേഷത്തിൽ അസ്സോസിയേഷനിൽ അദ്ധ്യക്ഷത വഹിച്ചു. സെപ്റ്റംബർ 21 നു നടന്ന അസ്സോസിയേഷനാണ് ഈ പാരമ്പര്യ പുനഃസ്ഥാപനത്തിനു രംഗവേദിയായത്. പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് അഞ്ചാമനാണ് അസ്സോസിയേഷൻ യോഗത്തിൽ ഈ അംശവസ്ത്രം അവസാനം ഉപയോഗിച്ചത്.

മലങ്കരസഭയ്ക്ക് അവകാശപ്പെട്ട ഈ പാരമ്പര്യം പുനഃസ്ഥാപിക്കണമെന്ന് ആദ്യം ആവശ്യപ്പെട്ടത് അൽമായവേദി സെക്രട്ടറിയേറ്റംഗവും സഭാചരിത്രകാരനുമായ എം. കുര്യൻ തോമസാണ്. 2005 ഒക്ടോബർ ലക്കം മലങ്കരസഭയിലെഴുതിയ 'കാതോലിക്കാ വാഴ്ചയ്ക്ക് നടപടിക്രമം ഉണ്ടാകണം' എന്ന ലേഖനത്തിലാണ് ഈ ആവശ്യം ആദ്യം ഉന്നയിച്ചത്. പിന്നീട് വർക്കിംഗ് കമ്മറ്റിയിൽ ചർച്ചയ്ക്കു വന്ന ഈ ലേഖനത്തിലെ പല നിർദ്ദേശങ്ങളും ഇതിനകം അംഗീകരിച്ചു കഴിഞ്ഞു. സെപ്റ്റംബർ 20 നു ഈ അംശവസ്ത്രങ്ങൾ ക്രമപ്പെടുത്താൻ മുൻകൈ എടുത്തത് അൽമായവേദി സെക്രട്ടറി ജയിംസ് പാമ്പാടിയാണ്. ഇക്കാര്യത്തിൽ അൽമായവേദിക്ക് അഭിമാനമുണ്ട്.

**ഓഫ് സൈഡ് - ഓഫ് സൈഡ്**

## എന്തിനീ കള്ളക്കളി?

അൽമായവേദി വായിക്കുന്നത് ഒരു കുറ്റകൃത്യമാണോ? ആണെന്നാണ് ചില പ്രമുഖരുടെ പുറമേക്കുള്ള നിലപാട്. "ഞാൻ അൽമായവേദി വായിക്കില്ല" എന്ന് മൂക്കുയർത്തിപ്പിടിച്ച് ചില സ്ഥാനികളും അസ്ഥാനത്തിരിക്കുന്നവരും സ്ഥാനികളാകാൻ മോഹിക്കുന്നവരും അർഹതയില്ലാത്ത സ്ഥാനത്തിരിക്കുന്നവരും ഒക്കെ തട്ടിമൂളിക്കുന്നത് കേൾക്കാൻ വളരെ രസമാണ്. ഇതേ വ്യക്തികൾ ഏറ്റവും പുതിയ അൽമായവേദി കിട്ടാൻ ശിങ്കിടികളെ വട്ടവും നീളവും ഓടിക്കുന്നതും, പാവം ശിങ്കിടികൾ നല്ല വാക്കു പറഞ്ഞ് അൽമായ വേദിയുടെ കോപ്പികൾ ഫ്രീയായി സംഘടിപ്പിക്കുന്നതും കാണുമ്പോൾ പൊട്ടിച്ചിരിക്കുകയല്ലാതെന്തു ചെയ്യും.

ഏത് പ്രസിദ്ധീകരണവും വായിക്കാനും വായിക്കാതിരിക്കാനുമുള്ള സ്വാതന്ത്ര്യം ഏതു പൗരനുമുണ്ട്. പക്ഷേ രഹസ്യമായി ഒരു പ്രസിദ്ധീകരണം കമ്പോടു കമ്പ് വായിക്കയും ഏതോ മഹദ്കാര്യമെന്ന മട്ടിൽ "ഞാൻ അൽമായവേദി വായിക്കാറില്ല" എന്ന് മൂക്കുയർത്തിപ്പിടിച്ച് മൊഴിയുന്നതും തികഞ്ഞ സ്നോബറി (പൊങ്ങച്ചം) ആണ്. പണ്ട് ചില നാട്ടുപ്രമാണിമാർ തലയിൽ മുണ്ടിട്ട് ഷാപ്പിൽ കയറി കള്ളു കുടിക്കുന്നതുപോലെ.

# സഭാനാഥന്റെ അത്ഭുതകരമായ ഇടപെടല്‍

**കെ. വി. ഏബ്രഹാം കൊടുവത്ത്**
(പ്രസിഡന്റ്)

മലങ്കരസഭയുടെ ചരിത്രത്തിലെ നിര്‍ണ്ണായക ഘട്ടങ്ങളില്‍ അത്ഭുതകരമായി ഇടപെട്ടിട്ടുള്ള സഭാനാഥന്‍ മറ്റൊരു സുപ്രധാന പ്രവര്‍ത്തനത്തിലൂടെ വീണ്ടും സഭയുടെ രക്ഷയ്ക്കെത്തി. സെപ്റ്റംബര്‍ 21-ാം തീയതിയിലെ അസോസിയേഷന്‍ യോഗം തടഞ്ഞുകൊണ്ടുള്ള എറണാകുളം സെക്കന്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയുടെ ഉത്തരവിനെതിരെ അഡീഷണല്‍ ജില്ലാ കോടതിയില്‍ സമര്‍പ്പിച്ചിരുന്ന അപ്പീല്‍ 16-ാം തീയതി വിധി പ്രസ്താവിക്കുവാന്‍ വച്ചിരുന്നുവെങ്കിലും അതു വീണ്ടും 22-ാം തീയതിയിലേക്ക് മാറ്റിവച്ചത് സഭാംഗങ്ങളെ മുഴുവന്‍ ദുഃഖത്തിലാഴ്ത്തിയ സംഭവമായിരുന്നു. സെപ്റ്റംബര്‍ 16, 17 തീയതികളില്‍ കൂടിയ ലീഗല്‍ സെല്‍, വര്‍ക്കിംഗ് കമ്മറ്റിയുടെ അനൗപചാരിക യോഗം എന്നിവ പിന്തുടരാവുന്ന പല വഴികളെക്കുറിച്ചും ആലോചിച്ചെങ്കിലും പൊതുവേ ആശങ്കയും മൂകതയും ആയിരുന്നു സഭാസ്നേഹികളുടെ മനസ്സിലുണ്ടായിരുന്നത്. കുഴപ്പങ്ങളുടെയെല്ലാം സൂത്രധാരകന്മാരായ ചിലര്‍ ഈ യോഗങ്ങളില്‍ പങ്കെടുത്ത് കാര്യങ്ങളെ കൂടുതല്‍ കുഴപ്പത്തിലേക്ക് നയിക്കുവാനോ എരിതീയില്‍ എണ്ണ പകരുകയോ ചെയ്തുകൊണ്ട് ആനന്ദമനുഭവിക്കുകയും ചെയ്തിരുന്നു. പക്ഷേ, സെപ്റ്റംബര്‍ 16, 17 തീയതികളില്‍ ചേര്‍ന്ന യോഗങ്ങളില്‍ ചില ഒറ്റപ്പെട്ട വിമത ശബ്ദങ്ങളൊഴികെ ബഹുഭൂരിപക്ഷവും ഒറ്റക്കെട്ടായി പ. ബാവായുടെ സ്ഥാനാരോഹണത്തിനുണ്ടായിരിക്കുന്നതും ഭാവിയിലുണ്ടാകാവുന്നതുമായ നിയമതടസ്സങ്ങളെ മറികടക്കുവാന്‍ ആവശ്യമെങ്കില്‍ ഭരണഘടനയുടെ 74-ാം വകുപ്പുപ്രകാരം രണ്ട് വൈസ് പ്രസിഡന്റുമാര്‍ ചേര്‍ന്ന് അസോസിയേഷന്‍ വിളിച്ചുകൂട്ടി 1992-ല്‍ നടന്ന പ. ബാവായുടെ തിരഞ്ഞെടുപ്പ് അംഗീകരിക്കാന്‍ വേണ്ടി നിലകൊണ്ടു. എന്നാല്‍ മാര്‍ സേവേറിയോസ് മെത്രാപ്പോലീത്തായും ഫാ. ഡോ. ഒ. തോമസും ഇപ്പോഴുള്ള കേസ് അനന്തമായി നീട്ടിക്കൊണ്ടുപോകുവാന്‍ ശ്രമിച്ചത് നിരീക്ഷകരെ അത്ഭുതപ്പെടുത്തി. സഭയുടെ ഉത്തമ താല്പര്യങ്ങള്‍ക്കുവേണ്ടി അര്‍ത്ഥശങ്കയില്ലാത്ത നിലപാടുകളെടുത്തിരുന്ന വൈദികട്രസ്റ്റി അടുത്തകാലത്തായി ചുവടുമാറ്റി ചവിട്ടിയ ലക്ഷണങ്ങള്‍ കാണിക്കുന്നത് പലര്‍ക്കും ദുരൂഹമായി തോന്നി.

സെപ്റ്റംബര്‍ 20-ാം തീയതി സഭാസ്നേഹികളെ മുഴുവന്‍ ആഹ്ലാദഭരിതരാക്കിക്കൊണ്ട് എറണാകുളം അഡീഷണല്‍ ഡിസ്ട്രിക്ട് ജഡ്ജി അശോക് മേനോന്‍ തന്റെ വിധി പ്രസ്താവിച്ചു. പ. ദിദിമോസ് പ്രഥമന്‍ ബാവായെ മലങ്കര അസ്സോസിയേഷന്‍, മാനേജിംഗ് കമ്മറ്റി, എപ്പിസ്കോപ്പല്‍ സിനഡ് എന്നിവ വിളിച്ചുകൂട്ടുന്നത് തടഞ്ഞുകൊണ്ടുള്ള മുന്‍സിഫ് കോടതി ഉത്തരവ് റദ്ദാക്കിക്കൊണ്ടുള്ള ഉത്തരവ് സഭാസ്നേഹികള്‍ ഹര്‍ഷോന്മാദത്തോടെയാണ് ശ്രവിച്ചത്. ഇരുപത്തിനാലു മണിക്കൂറില്‍ കുറവ് സമയത്തിനുള്ളില്‍ അസോസിയേഷന്‍ യോഗം ക്രമീകരിക്കുക എന്ന വലിയ വെല്ലുവിളി സഭാകേന്ദ്രത്തിനു മുന്നില്‍ വന്നുചേര്‍ന്നു.

അനേക നാളുകള്‍ക്ക് ശേഷം സഭാനേതൃത്വത്തില്‍നിന്നും അതിവേഗത്തില്‍ നടപടികളുണ്ടായി. വര്‍ക്കിംഗ് കമ്മറ്റി ചേര്‍ന്ന് നടപടിക്രമങ്ങള്‍ തീരുമാനിച്ചു. ഇവിടെയും വളരെ നാളുകള്‍ക്ക് ശേഷം യോജിപ്പോടെയുള്ള പ്രവര്‍ത്തനങ്ങള്‍ കാണായി. ഇടംകോലിടുവാന്‍ ശ്രമിച്ച അല്‍മായ-വൈദിക ട്രസ്റ്റിമാരും സേവേറിയോസ് മെത്രാപ്പോലീത്തായും ഒറ്റപ്പെട്ടു. നിയുക്ത കാതോലിക്കാ തെരഞ്ഞെടുപ്പിനേക്കാള്‍ അടിയന്തിരമായി വേണ്ടത് പ. ബാവായുടെ സ്ഥാനപ്രാപ്തിയെ ചോദ്യം ചെയ്യാനാവാത്ത നിലയിലാക്കുകയാണെന്ന് മേല്‍പ്പറഞ്ഞവരൊഴികെയുള്ള മെത്രാന്‍ - വൈദിക - അല്‍മായ നേതാക്കള്‍ അര്‍ത്ഥശങ്കയില്ലാതെ പ്രഖ്യാപിച്ചു. എല്ലാ നടപടിക്രമങ്ങളും പൂര്‍ത്തിയാക്കി കുറ്റമറ്റ രീതിയില്‍ വേണം അസ്സോസിയേഷന്‍ നടപടികള്‍ എന്ന ഔഗേന്‍ മാര്‍ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ആശയം അംഗീകരിക്കപ്പെട്ടു.

മുന്‍ പ്രഖ്യാപനമനുസരിച്ച് സെപ്റ്റംബര്‍ 21-ാം തീയതി ഒരു മണിക്ക് അസ്സോസിയേഷന്‍ നടപടികളാരംഭിച്ചു. മണിക്കൂറുകള്‍ മാത്രം സമയം ലഭിച്ചിട്ടുപോലും മലങ്കരസഭയുടെ എല്ലാ കോണുകളില്‍നിന്നും അസ്സോസിയേഷന്‍ മെമ്പര്‍മാര്‍ പാഞ്ഞെത്തി. മൂവായിരത്തോളം പ്രതിനിധികള്‍ ചുരുങ്ങിയ സമയത്തിനുള്ളില്‍ എത്തിച്ചേര്‍ന്നത് ആശ്വാസം തുടിക്കുന്ന ഹൃദയത്തോടും ആവേശം മുറ്റിനില്ക്കുന്ന മുഖങ്ങളോടെയുമായിരുന്നു. സഭയുടെ പ്രതിസന്ധിയില്‍ എല്ലാം മറന്ന് സഭാമക്കള്‍ ഒറ്റക്കെട്ടായി പ. ദിദിമോസ് പ്രഥമന്‍ ബാവായുടെ പിന്നില്‍ അണിനിരന്നു. പരുമലയിലെ ക്രമീകരണങ്ങളും കുറ്റമറ്റതാക്കുന്നതില്‍ ക്രിസ്റ്റഫോറസ് റമ്പാച്ചന്റെ നേതൃത്വത്തില്‍ നിരണം ഭദ്രാസനത്തിലെ സഭാസ്നേഹികളും സഭാസ്ഥാപനങ്ങളിലെ ജീവനക്കാരും കഠിനാദ്ധ്വാനം ചെയ്തു.

ഈ കേസിന്റെ പിന്നാമ്പുറം കളി നടത്തിയവരെ തിരിച്ചറിഞ്ഞതാണെങ്കിലും പ്രതിനിധികള്‍ മാതൃകാപരമായ സംയമനം പാലിച്ചു. യാതൊരുവിധ അനിഷ്ട സംഭവങ്ങളുമുണ്ടാകാതെ സഭാതലവന്റെ സ്ഥാനത്തിന് നേരെയുള്ള വെല്ലുവിളികള്‍ അവസാനിപ്പിക്കുംവിധം യോഗം പര്യവസാനിപ്പിക്കണമെന്ന നിശ്ചയദാര്‍ഢ്യത്തോടെ പ്രതിനിധികള്‍ പെരുമാറി.

ഈ കൊച്ചുസഭയെ കാത്തുപരിപാലിക്കുന്നത് സഭാസ്ഥാപകനായ ദൈവപുത്രനല്ലാതെ മറ്റാരുമല്ല എന്നതിന് തങ്കലിപികളാല്‍ രേഖപ്പെടുത്താവുന്ന മറ്റൊരു തെളിവുകൂടി ചരിത്രത്തില്‍ ശേഷിപ്പിച്ചുകൊണ്ട് 2006 സെപ്റ്റംബര്‍ 21-ാം തീയതി എരിഞ്ഞടങ്ങി. ഇസ്സഡ്. എം. പാറേട്ടിന്റെ അനശ്വരമായ വാക്കുകള്‍ വീണ്ടും സ്മരിക്കപ്പെട്ടു. പ്രതികാരപ്രേമിയായ യഹോവേ, അവിടത്തെ വഴികള്‍ എത്രയോ വിചിത്രം! അവിടത്തെ മഹാ വൈഭവത്തിനു മുന്നില്‍ മലങ്കരസഭാസ്നേഹികള്‍ വീണ്ടും പ്രണമിക്കുന്നു.

# ചരമ ശതാബ്ദി ആഘോഷിക്കണം: അല്‍മായവേദി

കോട്ടയം: കോട്ടയം ഭദ്രാസനത്തിന്റെ പ്രഥമ സാരഥിയായിരുന്ന കടവില്‍ പൗലൂസ് മാര്‍ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ചരമശതാബ്ദി 2007 നവംബര്‍ രണ്ടിനാണ്. ദീര്‍ഘകാലം കോട്ടയം, അങ്കമാലി ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തായായിരുന്ന ഇദ്ദേഹമാണ് കോട്ടയം ഭദ്രാസനത്തിലെ അനേകം പള്ളികളുടെ സ്ഥാപനത്തിനു മുന്‍കൈ എടുത്തത്. ആലുവാ തൃക്കുന്നത്ത് സെമിനാരിയുടെ സ്ഥാപനത്തിലും നിര്‍ണ്ണായക സംഭാവനകള്‍ നല്‍കിയ ഇദ്ദേഹമാണ് മഹാപരിശുദ്ധന്മാരായ വാകത്താനത്തു ബാവാ, കല്ലാശ്ശേരി ബാവാ, ഔഗേന്‍ ബാവാ, പാമ്പാടി തിരുമേനി എന്നിവരെ കണ്ടെത്തി പൗരോഹിത്യത്തിലേക്കു വിളിച്ചടുപ്പിച്ചത്.

നിര്‍ണ്ണായകഘട്ടത്തില്‍ കോട്ടയം അങ്കമാലി ഭദ്രാസനങ്ങള്‍ക്ക് മികച്ച നേതൃത്വം നല്‍കിയ കടവില്‍ മാര്‍ അത്താനാസ്യോസിന്റെ ചരമശതാബ്ദി കോട്ടയം, അങ്കമാലി ഭദ്രാസനങ്ങളുടെ ആഭിമുഖ്യത്തില്‍ സമുചിതമായി ആഘോഷിക്കണമെന്ന് അത്മായവേദി ആവശ്യപ്പെട്ടു. 2006-2007 വര്‍ഷം അദ്ദേഹത്തിന്റെ ചരമശതാബ്ദി വര്‍ഷമായി പ്രഖ്യാപിക്കണമെന്നും അത്മായവേദി ആവശ്യപ്പെട്ടു. 29 വര്‍ഷം കോട്ടയം ഭദ്രാസനത്തെ ഭരിച്ച മാര്‍ അത്താനാസ്യോസിന്റെ ചിത്രം കോട്ടയം ഭദ്രാസനാസ്ഥാനത്ത് സ്ഥാപിക്കാത്തത് നിര്‍ഭാഗ്യകരമാണെന്നും അത്മായവേദി കുറ്റപ്പെടുത്തി.

## നടപടികള്‍ ആരംഭിച്ചു

കൊല്ലം: പ. ബസേലിയോസ് മാര്‍ത്തോമ്മാ മാത്യൂസ് ദ്വിതീയന്‍ ബാവായുടെ വില്‍പ്പത്രം നടപ്പിലാക്കാനുള്ള നടപടികള്‍ ആരംഭിച്ചു. അതിസങ്കീര്‍ണ്ണമായ പ്രക്രിയയായതിനാല്‍ ഇതിനു ദീര്‍ഘകാലം എടുക്കുമെന്നാണ് കരുതപ്പെടുന്നത്.

# തൃക്കുന്നത്തെ സ്ഥലമാറ്റം: പിന്നില്‍ വന്‍ ഗൂഢാലോചന

ആലുവ: തൃക്കുന്നത്തു സെമിനാരി മാനേജര്‍ ഫാ. ബോബി വര്‍ഗീസിനെ സ്ഥലം മാറ്റി പകരം ഫാ. ഡോ. എം. ഒ. ജോണിനെ നിയമിച്ചതിനു പിന്നില്‍ വന്‍ ഗൂഢാലോചനയുണ്ടെന്ന് വ്യക്തമായി.

പ. ബാവാ തിരുമേനിയെ തെറ്റിദ്ധരിപ്പിച്ചാണ് തിടുക്കത്തില്‍ സ്ഥലംമാറ്റ കല്പന എഴുതിച്ചത്. 2005-ല്‍ തൃക്കുന്നത്തു സെമിനാരി മാനേജര്‍ സ്ഥാനത്തു നിന്നു പുറത്താക്കപ്പെട്ട മണ്ണാറപ്രായില്‍ കോര്‍എപ്പിസ്ക്കോപ്പായുമായി അടുത്തബന്ധം പുലര്‍ത്തുന്ന അങ്കമാലി ഭദ്രാസനത്തില്‍ നിന്നുള്ള രണ്ട് മാനേജിംഗ് കമ്മറ്റി മെമ്പറന്മാരാണ് പ. ബാവായെ തെറ്റിദ്ധരിപ്പിച്ചതും, കല്പന വാങ്ങിയതും. നാലു മാസത്തിലധികമായി ഇത്തരമൊരു നീക്കത്തിനുള്ള ശ്രമം നടന്നുവരികയായിരുന്നു. മണ്ണാറപ്രായില്‍ കോര്‍എപ്പിസ്കോപ്പായെ പിന്‍വാതിലൂടെ തിരികെ പ്രവേശിപ്പിക്കുക എന്നതായിരുന്നു ഇവരുടെ ലക്ഷ്യം. എന്നാല്‍ ഇതിനു പിന്നില്‍ വമ്പന്‍ സ്രാവുകള്‍ ഉണ്ടെന്നാണ് അല്‍മായവേദിക്കു കിട്ടിയ റിപ്പോര്‍ട്ടുകള്‍.

അങ്കമാലി വെസ്റ്റ് ഭദ്രാസനത്തിന്റെ സഹായ മെത്രാനായി യൂഹാനോന്‍ മാര്‍ മിലിത്തോസിനെ നിയമിച്ചത് ഒരു വിഭാഗത്തെ അസ്വസ്ഥരാക്കിയിരുന്നു. പ. ദിദിമോസ് ബാവായുടെ പിന്നില്‍ മാര്‍ മിലിത്തോസും ഡോ. മാര്‍ അത്താനാസ്യോസും ഉറച്ചുനിന്നത് പ. പിതാവിനെ ദുര്‍ബലപ്പെടുത്തുവാന്‍ ശ്രമിച്ചുവന്ന പ്രതിലോമ ശക്തികള്‍ക്ക് പ്രതിബന്ധമായിരുന്നു. ഈ സാഹചര്യത്തില്‍ മാര്‍ മിലിത്തോസിനെ പ. ബാവായില്‍ നിന്നും അകറ്റുക എന്ന ലക്ഷ്യത്തോടെയാണ് കരുക്കള്‍ ഇവര്‍ നീക്കിയത്. തങ്ങളുടെ വരുതിയില്‍ നില്‍ക്കുന്ന ഫാ. ഡോ. എം. ഒ. ജോണിനെ നിയമിക്കുന്നതോടെ മാര്‍ മിലിത്തോസ് ഇടയുമെന്നും അങ്കമാലി വെസ്റ്റ് സഹായ മെത്രാപ്പോലീത്താ സ്ഥാനം രാജി വെയ്ക്കുമെന്നും പ. ബാവായുമായി വിയോജിക്കുമെന്നും ഇവര്‍ കണക്കുകൂട്ടി. മണ്ണാറപ്രായില്‍ കോര്‍എപ്പിസ്കോപ്പായെ അനുകൂലിക്കുന്ന വിഭാഗത്തെ ഇവര്‍ തന്ത്രപൂര്‍വ്വം വരുതിയിലാക്കി. പുത്തന്‍കുരിശു സൊസൈറ്റിയുമായി രഹസ്യബന്ധം പുലര്‍ത്തുന്ന ഇവര്‍ പുതിയൊരു കേസിനുള്ള സാദ്ധ്യതയും ഇതിലുണ്ടെന്നു കണക്കുകൂട്ടി. തൃക്കുന്നത്തു സെമിനാരി വകയും വാടകയ്ക്ക് കൊടുക്കുന്നതുമായ കെട്ടിടങ്ങളിലൊന്ന് ആലുവാ എം. എല്‍. എ. യ്ക്കു നിയോജകമണ്ഡലം ഓഫീസായി കൃത്യമായ വാടകയും നിബന്ധനകളുമുള്ള വാടകചീട്ടിന്റെ അടിസ്ഥാനത്തിലാണ് നല്കിയത്. മാര്‍ക്സിസ്റ്റുകാരനായ ആലുവാ എം. എല്‍. എ. യ്ക്കു വീടു നല്കിയതോടെ ഉ. ചാ. മ. റ. സഖ്യവും രംഗത്തെത്തി, മാര്‍ മിലിത്തോസ് സഭയെ കമ്യൂണിസ്റ്റാക്കുമെന്ന് വമ്പിച്ച പ്രചാരണം അഴിച്ചുവിടുകയും മുമ്പുപറഞ്ഞ പ്രതിലോമശക്തികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. തുടര്‍ന്ന് ഫാ. ബോബി വര്‍ഗീസിന്റെ പേരില്‍ അടിസ്ഥാനമില്ലാത്ത ആരോപണം അഴിച്ചുവിടുകയും ചെയ്തു. ഈ നടപടികളുടെ പരിസമാപ്തിയാണ് ഫാ. ഡോ. എം. ഒ. ജോണിന്റെ നിയമനത്തില്‍ അവസാനിച്ചത്. മാര്‍ മിലിത്തോസിനെ 'ഒതുക്കാനാണ്' ഫാ. ഡോ. എം. ഒ. ജോണിനെ നിയമിച്ചതെന്ന് ഒരു ഉന്നത സ്ഥാനി ബാവായുടെ ഓഫീസിനു പുറത്തു നിന്ന് പരസ്യമായി പ്രഖ്യാപിച്ചു. ഫാ. ബോബി വര്‍ഗീസ് നിരപരാധിയാണെന്നും, അദ്ദേഹ ത്തെ ബലിയാടാക്കുകയാണുണ്ടായതെന്നും ഇദ്ദേഹം സമ്മതിച്ചു.

എന്നാല്‍ മാര്‍ മിലിത്തോസ് രാജിവയ്ക്കാതിരിക്കുകയും പ. പിതാവിന്റെ കല്പന നടപ്പാക്കാന്‍ കര്‍ശനനിര്‍ദ്ദേശം നല്കുകയും ചെയ്തതോടെ പദ്ധതികള്‍ പാളി. ഫാ. ബോബി വര്‍ഗീസ് സ്ഥാനം ഒഴിയുകയും ഫാ. ഡോ. എം. ഒ. ജോണ്‍ ചാര്‍ജെടുക്കുകയും മാര്‍ മിലിത്തോസ് പ. പിതാവിനു പൂര്‍ണ പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തതോടെ അദ്ദേഹം രാജിവയ്ക്കുമെന്നുള്ള പ്രതീക്ഷയും അസ്തമിച്ചു.

ഫാ. ഡോ. എം. ഒ. ജോണിനെ ഉപയോഗിച്ച് മാര്‍ മിലിത്തോസിനെ ഒതുക്കണമെന്ന ലക്ഷ്യവും പരാജയപ്പെട്ടു. എല്ലാ കാര്യങ്ങളും മാര്‍ മിലിത്തോസിന്റെ നിര്‍ദ്ദേശപ്രകാരം നടത്തണമെന്ന് പ. ബാവാ രേഖാമൂലം ഫാ. ഡോ. എം. ഒ. ജോണിനു കല്പന നല്‍കിയതോടെ ഇവരുടെ സ്ഥിതി പരുങ്ങലിലായി.

ഇതിനിടെ ഫാ. ഡോ. എം. ഒ. ജോണ്‍ ചാര്‍ജെടുത്തതിനെ തുടര്‍ന്ന് ഒരു വര്‍ഷമായി തൃക്കുന്നത്തു സെമിനാരിയില്‍ പ്രവേശിക്കാതിരുന്ന മണ്ണാറപ്രായില്‍ കോര്‍എപ്പിസ്കോപ്പാ അവിടെ പ്രവേശിച്ചു.

നിരോധനം നിലവിലുള്ള ഇദ്ദേഹത്തിന്റെ പ്രവേശനം പുതിയ പ്രശ്നങ്ങള്‍ സൃഷ്ടിക്കുവാനുള്ള തന്ത്രവും, പുതിയ മാനേജരില്‍ തനിക്കുള്ള സ്വാധീനം വെളിവാക്കാനുള്ള ശ്രമവുമായാണ് വിലയിരുത്തപ്പെടുന്നത്.

എന്നാല്‍ സംഭവമറിഞ്ഞ പ. പിതാവ് ഫാ. ഡോ. എം. ഒ ജോണിന് കര്‍ശന നിര്‍ദ്ദേശം നല്കിയതായാണ് അറിയുന്നത്. ❑

# പൗലൂസ് ശ്ലീഹായെ പുറത്താക്കുമോ?

**ക്യാപ്റ്റന്‍ കോശി മത്തായി** (വൈസ് പ്രസിഡണ്ട്)

തൃക്കുന്നത്തു സെമിനാരിയില്‍ പുതിയ മാനേജരെ നിയമിച്ചതു സംബന്ധിച്ച സംവാദങ്ങളില്‍ വളരെ വേദനാജനകമായ ചില പരാമര്‍ശങ്ങള്‍ ചില ഉന്നത സ്ഥാനികളില്‍ നിന്നുണ്ടായതാണ് ഇപ്രകാരം ഒരു ലേഖനം എഴുതുവാന്‍ കാരണം. ഓര്‍ത്തഡോക്സ് വിശ്വാസത്തിലേക്കു പുനരൈക്യപ്പെട്ട മെത്രാപ്പോലീത്താമാരുടെ വിശ്വാസ്യതയില്‍ സംശയമുണ്ടെന്ന് തിരഞ്ഞെടുക്കപ്പെട്ട ഒരു ഉന്നത സ്ഥാനി പരസ്യമായി പ്രസ്താവിച്ചു. പുതുതായി വന്നവര്‍ക്ക് സഭയോട് കൂറുണ്ടാവില്ല എന്നാണ് ഇദ്ദേഹത്തിന്റെ നിലപാട്. അതിനാല്‍ അവരോട് അകലം പാലിക്കണമത്രേ.

ഇത്തരുണത്തില്‍ ഒരു സംശയം ഉന്നയിക്കട്ടെ. അപ്പോസ്തോലന്മാരില്‍ ഏറ്റവും അവസാനം വന്നത് പ. പൗലൂസ് ശ്ലീഹായാണ്. 'അകാലപ്രജ' എന്നു സ്വയം വിശേഷിപ്പിച്ച അദ്ദേഹമാണ് ആദിമസഭയുടെ പ്രധാന കെട്ടുപണിക്കാരനായത്. മാനസാന്തരപ്പെടുന്നതിനു മുമ്പ് സഭയെ ഏറ്റവും ദ്രോഹിച്ചതും ശൗല്‍ എന്ന പൗലൂസ് ആയിരുന്നു. ഈ പശ്ചാത്തലം പരിഗണിച്ച് മറ്റ് ശിഷ്യന്മാര്‍ പ. പൗലൂസ് ശ്ലീഹായെ ത്യജിച്ചിരുന്നെങ്കില്‍ വി. സഭയുടെ ഗതി എന്താകുമായിരുന്നു? ഇതേ കാരണത്താല്‍ നമ്മുടെ പിതാക്കന്മാര്‍ പ. ഔഗേന്‍ ബാവായെ മാറ്റി നിര്‍ത്തിയിരുന്നെങ്കിലോ?

ഇനി മലങ്കരസഭയില്‍ ജനിച്ചു വളര്‍ന്ന എല്ലാവരെയും കണ്ണടച്ചു വിശ്വസിക്കാമോ? മലങ്കരസഭയില്‍ ജനിച്ചുവളര്‍ന്ന് സഭയുടെ ചിലവില്‍ പഠിച്ചു വളര്‍ന്ന ബഥനിയുടെ ഈവാനിയോസ് ചെയ്തതെന്താണ്. മറ്റുള്ള എല്ലാവരെയും പിണക്കി പണിക്കരു കത്തനാരെ 'ചെല്ലും ചെലവും' കൊടുത്തു വളര്‍ത്തിയ പ. വട്ടശേരില്‍ തിരുമേനിയെ തിരിഞ്ഞുകൊത്തുകയും സഭയ്ക്ക് ഏറ്റവും ദോഷം ചെയ്യുകയും ചെയ്തത് ഈവാനിയോസ് അല്ലയോ?

ഇനി സമീപകാലത്ത്, സഭയില്‍ ജനിച്ചു വളര്‍ന്ന്, സെമിനാരിയില്‍ പഠിച്ചിറങ്ങി, വൈദികനായി സഭയുടെ പ്രസ്ഥാനങ്ങളില്‍ സജീവമായി പ്രവര്‍ത്തിച്ച ഒരു അച്ചന്‍ 2004 ലെ മെത്രാന്‍ ഇലക്ഷനില്‍ പരാജയപ്പെട്ടതോടുകൂടി പുത്തന്‍കുരിശു സൊസൈറ്റിയില്‍ ചേര്‍ന്നില്ലേ? ഇവരൊക്കെ പുതു ക്രിസ്ത്യാനികളായതിനാലാണോ കാലു മാറിയത്.

അവനോന്റെ വിവരക്കേട് മറച്ചു വെയ്ക്കാന്‍ മറ്റുള്ളവരെ പഴിചാരരുത്. 'തൃക്കുന്നത്തു സെമിനാരി പൂട്ടിയാലും .... മെത്രാനെ ഒതുക്കണമെന്നു' പറഞ്ഞ മെത്രാപ്പോലീത്തായെപ്പറ്റി സഹതപിക്കാനും അദ്ദേഹത്തിനുവേണ്ടി പ്രാര്‍ത്ഥിക്കാനുമേ നിവൃത്തിയുള്ളൂ.

## സെന്റ് തോമസ് ഭവന്‍ സഭയുടേത്

കോട്ടയം: പഴയസെമിനാരി റോഡിലുള്ള ഓര്‍ത്തഡോക്സ് യുവജനപ്രസ്ഥാനം കേന്ദ്ര ഓഫീസ് മലങ്കര മെത്രാപ്പോലീത്തായുടേയും യുവജനപ്രസ്ഥാനം പ്രസിഡന്റിന്റെയും പേരിലാണ് പ്രമാണം ചെയ്തിരിക്കുന്നതെന്ന് വൈസ് പ്രസിഡന്റ് ഫാ. നൈനാന്‍ കുറിയാക്കോസ് അറിയിച്ചു.

ഈ വസ്തു സ്വകാര്യവ്യക്തിയുടെ പേരിലാണ് വാങ്ങിയതെന്ന് ചില ഉന്നത സഭാസ്ഥാനികള്‍ ആരോപണമുന്നയിച്ച പശ്ചാത്തലത്തിലാണ് ഈ വിശദീകരണം ഉണ്ടായത്. രേഖകള്‍ ആര്‍ക്കും പരിശോധിക്കാമെന്നും അദ്ദേഹം അറിയിച്ചു.

## മാധ്യമ സെല്‍ പരാജയപ്പെട്ടു

കോട്ടയം: ശ്രേഷ്ഠ നിയുക്ത കാതോലിക്കാ സ്ഥാനത്തേയ്ക്ക് പൗലൂസ് മാര്‍ മിലിത്തിയോസ് മെത്രാപ്പോലീത്തായെ മാനേജിംഗ് കമ്മറ്റി ശുപാര്‍ശ ചെയ്തശേഷം അദ്ദേഹത്തിന്റെ ചിത്രങ്ങളോ, ജീവചരിത്രക്കുറിപ്പോ മാധ്യമങ്ങളില്‍ എത്തിക്കുന്നതില്‍ സഭയുടെ മാധ്യമ സെല്‍ പരാജയപ്പെട്ടു. മാധ്യമ സെല്ലിലെ അംഗങ്ങളാരും സ്ഥലത്തില്ലാതിരുന്നതും ബദല്‍ സംവിധാനം ഏര്‍പ്പെടുത്താഞ്ഞതുമാണ് ഇതിനു കാരണം.

# വിഘടിതർ വീണ്ടും അക്രമങ്ങളഴിച്ചു വിടുന്നു

കോടതിക്കുപുറത്ത് കേസുകൾ പറഞ്ഞു തീർത്ത് പള്ളികൾ തുറക്കണമെന്ന പുത്തൻകുരിശു വിഭാഗത്തിന്റെ വാദം എന്തിനു വേണ്ടിയെന്നുള്ളതിന്റെ വ്യക്തമായ തെളിവുകൾ കടമറ്റം, ആറൂർ മേരിഗിരി, ഇടുക്കി കത്തിപ്പാറ എന്നീ ദേവാലയങ്ങളിൽ കഴിഞ്ഞ കുറച്ചു ദിവസങ്ങൾക്കുള്ളിൽ നടന്ന സംഭവങ്ങൾ പഠിച്ചാൽ ലഭ്യമാണ്.

### ഇടുക്കി കത്തിപ്പാറ സെന്റ് ജോർജ് പള്ളി

ഈ ദേവാലയത്തിൽ വികാരി ഫാ: കെ. കെ. വർഗീസ് കുർബാനയർപ്പിച്ചുകൊണ്ടിരിക്കുന്ന സമയത്ത് പുത്തൻകുരിശു വിഭാഗക്കാർ അദ്ദേഹത്തിന്റെ ഭവനത്തിൽ അതിക്രമിച്ച് കടന്ന് വലിയ നാശനഷ്ടങ്ങൾ വരുത്തി. ബസ്കിയാമ്മയേയും മക്കളേയും ദേഹോപദ്രവമേൽപ്പിക്കുകയും, വസ്ത്രങ്ങളുൾപ്പെടെയുള്ള വീട്ടുസാധനങ്ങൾ കൈക്കലാക്കുകയും ചെയ്തു. പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നു.

### ആറൂർ മേരിഗിരി പള്ളി

ഈ ദേവാലയത്തിൽ ആർ. ഡി. ഒ. യുടെ തീരുമാനപ്രകാരം രാവിലെ 5 1/2 മുതൽ 7 വരെ പാത്രിയർക്കീസ് വിഭാഗത്തിനും ബാക്കി സമയം ഓർത്തഡോക്സ് സഭയ്ക്കും ഞായറാഴ്ചകളിൽ ആരാധന നടത്തുവാൻ അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ പാത്രിയർക്കീസ് വിഭാഗം 7 മണി കഴിഞ്ഞും പ്രാർത്ഥനായജ്ഞം എന്ന പേരിൽ പള്ളിവരാന്തയിൽ നിന്നും മാറുവാൻ വിസമ്മതിച്ചു. പോലീസ് ഇടപെട്ട് കുഴപ്പങ്ങൾ സൃഷ്ടിച്ചവരെ നീക്കം ചെയ്യുകയും അവർ റോഡിൽ സത്യഗ്രഹം നടത്തി പിരിയുകയും ചെയ്തു. ഇവിടുത്തെ ഓർത്തഡോക്സ് സഭയുടെ നിയമാനുസൃത വികാരി ഫാ. ഏലിയാസ് ചെറുകാടാണ്.

### കടമറ്റം സെന്റ് ജോർജ്

പ്രാദേശികമായുണ്ടാക്കിയ ധാരണയനുസരിച്ച് വൈകുന്നേരം 6.30 മണി വരെ വിശ്വാസികൾക്ക് പ്രാർത്ഥിക്കുവാനായി പള്ളി തുറന്നിടുകയും സമയമായാൽ പള്ളി പൂട്ടിയിടുകയുമായിരുന്നു. എന്നാൽ വിഘടിത വിഭാഗം ആറര മണിക്ക് ശേഷവും പ്രാർത്ഥനായജ്ഞം എന്ന പേരിൽ പള്ളിയകത്തു തുടർന്നത് സംഘർഷത്തിനിടയാക്കി. സ്ലീബാ വട്ടവേലി എന്ന വിഘടിത വിഭാഗം വൈദികന്റെ നേതൃത്വത്തിലുള്ള കുഴപ്പങ്ങൾ സൃഷ്ടിച്ച വിഭാഗത്തെ പോലീസ് ഇടപെട്ട് നീക്കം ചെയ്തു.

പോലീസ് നിയമാനുസൃതം പ്രവർത്തിച്ചതിനാൽ ഇവിടെയെല്ലാം സംഘർഷം ഒഴിവായി.

# മലങ്കരസഭയുടെ അഞ്ചാമത്തെ....

*(ഒന്നാം പേജിൽ നിന്നും)*

നോമിനേഷൻ പേപ്പറുകൾ സാധുവായി പ്രഖ്യാപിക്കുകയും ചെയ്തതിനെ തുടർന്ന് ഒക്ടോബർ 12-ാം തീയതിയിലെ അസ്സോസിയേഷനിൽ ഈ സ്ഥാനത്തേക്ക് ശേഷിക്കുന്നത് ഒരേ ഒരു സ്ഥാനാർത്ഥിയാണ്. അതിനാൽ ഒക്ടോബർ 12-ാം തീയതിയിലെ അസ്സോസിയേഷൻ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള ഒരു ഔപചാരികതയാണ്.

മലങ്കരസഭയിൽ ശ്രേഷ്ഠ നിയുക്ത കാതോലിക്കായായി തിരഞ്ഞെടുക്കപ്പെടുന്ന അഞ്ചാമത്തെ മെത്രാപ്പോലീത്തായാണ് അഭി. പൗലൂസ് മാർ മിലിത്തിയോസ്. 1962 മെയ് 17 ന് അന്നത്തെ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തായായിരുന്ന ഔഗേൻ മാർ തീമോത്തിയോസിനെയാണ് മലങ്കരസഭ ആദ്യമായി നിയുക്ത കാതോലിക്കായായി തിരഞ്ഞെടുക്കുന്നത്. അതിനുമുമ്പുണ്ടായിരുന്ന കാതോലിക്കാമാർ മുൻഗാമി കാലം ചെയ്തതിനു ശേഷമായിരുന്നു തിരഞ്ഞെടുക്കപ്പെട്ടിരുന്നത്.

1970 ഡിസംബർ 31-ാം തീയതി കോട്ടയം എം.ഡി. സെമിനാരിയിൽ ചേർന്ന അസ്സോസിയേഷൻ യോഗത്തിൽ അന്നത്തെ ബാഹ്യകേരള ഭദ്രാസന മെത്രാപ്പോലീത്തായായിരുന്ന മാത്യൂസ് മാർ അത്താനാസ്യോസിനെ തിരഞ്ഞെടുത്തപ്പോൾ അദ്ദേഹം മലങ്കരയുടെ രണ്ടാമത്തെ നിയുക്ത കാതോലിക്കായായി. മൂന്നാമത്തെ നിയുക്ത കാതോലിക്കായായി 1980 മെയ് 1 ന് കോട്ടയം എം. ഡി. സെമിനാരിയിൽ വച്ചു ചേർന്ന അസ്സോസിയേഷൻ അന്നത്തെ കൊല്ലം ഭദ്രാസന മെത്രാപ്പോലീത്താ മാത്യൂസ് മാർ കൂറിലോസിനെ തിരഞ്ഞെടുത്തു. 1992 സെപ്റ്റംബർ 10 ന് പരുമലയിൽ ചേർന്ന അസ്സോസിയേഷൻ അന്നത്തെ മലബാർ ഭദ്രാസന മെത്രാപ്പോലീത്താ തോമസ് മാർ തീമോത്തിയോസിനെ തിരഞ്ഞെടുത്തപ്പോൾ അദ്ദേഹം മലങ്കരയുടെ നാലാമത്തെ നിയുക്ത കാതോലിക്കായായി.

ഔപചാരികമായി മലങ്കര മെത്രാപ്പോലീത്തായുടെ പിൻഗാമിയായി ആദ്യമായി തിരഞ്ഞെടുക്കപ്പെട്ടത് പ. വട്ടശേരിൽ ഗീവർഗീസ് മാർ ദിവന്നാസ്യോസ് തിരുമേനിയായിരുന്നു. മലങ്കര മെത്രാപ്പോലീത്താ ജീവിച്ചിരിക്കുമ്പോൾ പിൻഗാമിയായി ഒരാളെ തിരഞ്ഞെടുക്കുകയും മെത്രാനായി പട്ടംകൊടുക്കുകയും ചെയ്യുന്ന പതിവ് അതിനു മുൻപില്ലായിരുന്നു. വട്ടശ്ശേരിൽ തിരുമേനിക്കു ശേഷം കാതോലിക്കാബാവാ തന്നെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം വഹിക്കണമെന്ന് വട്ടശ്ശേരിൽ തിരുമേനി തന്നെ നിഷ്കർഷിച്ചിരുന്നതിനാൽ മലങ്കര മെത്രാപ്പോലീത്തായ്ക്ക് ഒരു പിൻഗാമിയെ തിരഞ്ഞെടുക്കേണ്ടി വന്നില്ല. പ. ബസ്സേലിയോസ് ഗീവർഗ്ഗീസ് I ബാവാ തന്നെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും വഹിച്ചു. പിന്നീടുണ്ടായ എല്ലാ നിയുക്ത കാതോലിക്കാമാരും മലങ്കര മെത്രാപ്പോലീത്തായുടെ പിൻഗമി കൂടിയായിട്ടാണ് തിരഞ്ഞെടുക്കപ്പെടുന്നത്.

പകലോമറ്റം മാർത്തോമ്മാ മെത്രാന്മാർ ജീവിച്ചിരിക്കുമ്പോൾ പിൻഗാമിയെ വാഴിക്കുന്ന പതിവുണ്ടായിരുന്നു. അപ്രകാരം പിൻഗാമിയെ വാഴിച്ചത് ഈ ലേഖനത്തിൽ കണക്കിലെടുത്തിട്ടില്ല. മലങ്കര മെത്രാൻ എന്ന പദവി നാമം ആദ്യമായി ഉപയോഗിച്ചത് മാർ ദീവന്നാസ്യോസ് രണ്ടാമൻ എന്ന സഭാജ്യോതിസ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവാന്നാസ്യോസായിരുന്നു. അതിനുമുമ്പെല്ലാം മലങ്കരയിൽ അംഗീകരിക്കപ്പെട്ട ഒരു മെത്രാൻ മാത്രമുണ്ടായിരുന്നതിനാൽ മാർത്തോമ്മാ എന്ന സ്ഥാനപ്പേരു മാത്രമാണ് ഉപയോഗിച്ചിരുന്നത്. ദീവന്നാസ്യോസ് രണ്ടാമനും മൂന്നാമനും (പുന്നത്ര) നാലാമനും (ചേപ്പാട്) പിൻഗാമികളെ തിരഞ്ഞെടുക്കുവാനോ വാഴിക്കാനോ സാധിച്ചില്ല. ചേപ്പാട് മാർ ദീവന്നാസ്യോസിന്റെ കാലത്ത് പാലക്കുന്നത്ത് മാർ അത്താനാസ്യോസ് സഭയിൽ തിരഞ്ഞെടുക്കപ്പെടാതെ അന്ത്യോഖ്യയിൽ പോയി പട്ടമേൽക്കുകയും രാജവിളംബരത്തിന്റെ പിൻബലത്തിൽ അധികാരം പ്രാപിക്കുകയും ചെയ്തു. ദീവന്നാസ്യോസ് പഞ്ചമൻ എന്ന പുലിക്കോട്ടിൽ ദീവന്നാസ്യോസ് തിരഞ്ഞെടുക്കപ്പെട്ട പ്രതിപുരുഷയോഗത്തിന് മലങ്കരയിലെ എല്ലാ പള്ളികളുടേയും പ്രാതിനിധ്യം അവകാശപ്പെടാനാവില്ല. എന്നാൽ വട്ടശേരിൽ തിരുമേനിയെ തിരഞ്ഞെടുത്തത് ഭരണത്തിലുള്ള മലങ്കര മെത്രാപ്പോലീത്താ വിളിച്ചുകൂട്ടിയ നിയമാനുസൃതവും മുഴുവൻ പള്ളികളുടേയും പ്രാതിനിധ്യവുമുള്ള പള്ളി പ്രതിപുരുഷയോഗമായിരുന്നു.

ഭരണഘടനയുടെ 98-ാം വകുപ്പ് പ്രകാരം കാതോലിക്കായ്ക്ക്, മലങ്കര മെത്രാപ്പോലീത്താസ്ഥാനം കൂടി വഹിക്കാവുന്നതാണ് എന്ന അനുവാദമാണ് നല്കിയിരിക്കുന്നത്. വഹിക്കണം എന്ന ശാസനമോ നിർദ്ദേശമോ അല്ല. അസ്സോസിയേഷൻ അപ്രകാരം തീരുമാനിച്ചാൽ രണ്ടു വ്യക്തികൾക്ക് ഇപ്പോഴും രണ്ട് സ്ഥാനങ്ങൾ വഹിക്കാവുന്നതാണ്. എന്നാൽ പ്രായോഗികതയും കഴിഞ്ഞ 70 വർഷത്തിലേറയായുള്ള കീഴ്‌വഴക്കവും ഈ രണ്ടു സ്ഥാനങ്ങൾ ഒരു വ്യക്തിയിൽ ചേർത്തിരിക്കുന്നതാണ്. സാങ്കേതികമായി ഈ സ്ഥാനങ്ങൾ വേണമെങ്കിൽ വേർപെട്ടിരിക്കാം എന്നു മാത്രം. ❑

## ഓഫ് സൈഡ്-ഓഫ് സൈഡ്

### കണ്ടവരുണ്ടോ?

അൽമായവേദിക്ക് അമേരിക്കയിൽ നിന്ന് ആരൊക്കൊയോ വൻ തുകകളയച്ചെന്ന് ടെലഫോൺ - ടെലഫോണിയാ (കർണ്ണാകർണ്ണിയാ എന്നതിന്റെ സമകാലീന പതിപ്പ്) വാർത്തകൾ പരക്കുന്നു. പക്ഷേ അൽമായവേദിയുടെ ഒരു ഭാരവാഹിക്കു അതേപ്പറ്റി അറിവില്ല. അങ്ങിനെ എവിടെയെങ്കിലും ഉടമസ്ഥനില്ലാതെ കാശു കിടപ്പുണ്ടെങ്കിൽ അറിയാവുന്നവർ പറഞ്ഞാലുപകാരം. പ്രസ്സിലെ കടവും പലരിൽനിന്നും വാങ്ങിയതുമൊക്കെ കൊടുത്തശേഷം ബാക്കി വല്ലതുമുണ്ടെങ്കിൽ അത് യാച്ചാരത്തോഭിലായി മിഷനിലോ മറ്റേതെങ്കിലും സാധുക്കളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്കോ കൊടുക്കാമായിരുന്നു.

സ്റ്റാമ്പ് എന്ന സാധനം യാതൊരു കാരണവശാലും കടം കിട്ടത്തില്ലാത്തതിനാൽ തപാലിലയക്കുന്നവർക്ക് ഓഗസ്റ്റ് ലക്കം അയക്കുവാൻ താമസിച്ചു എന്ന് പത്രാധിപർ. അതുകൊണ്ട് ഈ പണം എവിടെയിരിക്കുന്നു എന്ന് ടെലിഫോൺ വീരന്മാർ അറിയിച്ചാൽ വളരെ ഉപകാരം.

# അച്ചനും കൊച്ചനും (ഭാഗം 9)

**മാത്തുക്കുട്ടിച്ചായൻ**

**(പാത്രിയർക്കീസ് വിഭാഗത്തിലെ ഒരു വൈദികനും 'കേഫ'യിലെ അംഗമായ ഒരു കുട്ടിയുമായുള്ള നർമ്മ സംഭാഷണം)**

കൊച്ചൻ: ഈ ഓർത്തഡോക്സുകാർ കൊടുക്കുന്ന കേസ്സുകൾ വാദം കേട്ടും കേൾക്കാതെയും, വിധി പറയാതെയും മാറ്റി വെയ്ക്കുന്നത് എന്താ അച്ചാ?

അച്ചൻ: അതു നമ്മുടെ നിലനില്പിലൂടെ നേടുമുള്ള ഓർത്തഡോക്സിലെ രാഷ്ട്രീയ, മാധ്യമ വ്യവസായ പ്രമാണിമാരുടെ സഹായം മാത്രം.

കൊച്ചൻ: അതെന്താ അച്ചാ ഈ ഉന്നതന്മാരെക്കുറിച്ച് അങ്ങിനെ പറയുന്നത്?

അച്ചൻ: 1934- ലെ സഭാ ഭരണഘടനപ്രകാരം സുപ്രീംകോടതിയും, മാത്യൂസ് II മലങ്കര മെത്രാനും കാതോലിക്കായുമാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. മലങ്കരയിലെ 1600 ലധികം പള്ളികളും അദ്ദേഹത്തിന്റെ അധീനതയിലായിരുന്നു. പക്ഷേ 2002 ലെ അദ്ദേഹത്തിന്റെ ലീഗൽസെല്ലുകാർ, എന്റെ പള്ളിയിൽ എന്നിക്കു കയറാൻ പോലീസ് വേണം എന്ന് അപേക്ഷിച്ചു. ജസ്റ്റീസ് കൃഷ്ണ വാദം കേട്ടു വിധിപറയാതെ പോയി. ചീഫ്. ജസ്റ്റീസ് ഗുപ്ത നമുക്ക് അനുകൂല വിധിയും പ്രഖ്യാപിച്ചു. 2003 ൽ തന്നെ സുപ്രീംകോടതിയിൽ അപ്പീലും നല്കി. ലക്ഷങ്ങൾ മുടക്കി കേസു നടത്തുന്നവർ മാസം മാസം ഡൽഹിടൂർ നടത്തി കേസ് അവധി വച്ച് തിരിച്ചു പോന്നു. ഓർത്തഡോക്സുകാരുടെ ഫീസും നമ്മുടെ ഓസ്സും അവർക്കു കിട്ടി. വക്കീൽ ഫീസ് സഭ നേരിട്ട് കൊടുക്കാഞ്ഞതിനാൽ ചിലരുടെ ബ്ലാക്ക് വൈറ്റുമായി.

കൊച്ചൻ: അപ്പോൾ ദിദിമോസ് ബാവായുടെ ലീഗൽ സെല്ലുകാരോ?

അച്ചൻ: അവർ വാരിക്കെട്ടി ഡൽഹിയിലെത്തും മുമ്പേ, പഴയ ലീഗലുകാരും, നമ്മുടെ ലീഗലുകാരും പണ്ടേ ലവലിലാണല്ലോ, ഇരുവരും കൂടി ഇല്ലീഗലിലൂടെ കേസ് ലീവിന് വെയ്പ്പിക്കും.

കൊച്ചൻ: അപ്പോ ഇന്ന് ദിദിമോസ് ബാവായുടെ നിരോധനം നീക്കിയല്ലോ?

അച്ചൻ: എടാ. കഴിഞ്ഞ തവണത്തെ അച്ചനും കൊച്ചനിലും 1992 ലെ നിയുക്ത ബാവായുടെ തിരഞ്ഞെടുപ്പ് അസാധു എങ്കിൽ അതിനുമുമ്പുള്ള അവറാച്ചായന്റെ തിരഞ്ഞെടുപ്പും അസാധുവാകും, അല്ലെങ്കിൽ അത്മായന് വേറേ നിയമം ആയിരിക്കും എന്നു വാദിച്ചില്ലേ. അതു കണ്ട അവറാച്ചായനും കൂട്ടുകക്ഷികളും ഇരിക്കുന്ന കമ്പുമുറിക്കുന്ന പഴയ കാളിദാസന്മാരല്ല.

കൊച്ചൻ: കൊള്ളാമല്ലോ! ദിദിമോസ് ബാവായുടേയും ശേഷിക്കുന്ന കാലം കേസ്സ് അവധിയ്ക്ക് വെപ്പിച്ചും, ബാവായും കേസു കൊതിയനാണെന്നു വരുത്തി മോശക്കാരനാക്കി നമുക്ക് നിലനില്ക്കാം അല്ലേ അച്ചാ?

അച്ചൻ: എടാ നമുക്ക് ലീഗലായി നിലനില്പ്പില്ല. അവരുടെ ഉന്നതന്മാരായ എല്ലാവരും ശത്രുക്കളെ സ്നേഹിക്കുന്ന നസ്രായന്റെ ആൾക്കാരാ. അവർക്ക് സഭയോടും, ദിദിമോസ് ബാവായോടും പ്രതിബദ്ധത ഇല്ല. വീതം വയ്ക്കാൻ വൈദികട്രസ്റ്റിയും, ചില മെത്രാന്മാരും ദിദിമോസ് ബാവായെ സ്വാധീനിക്കുന്നുണ്ട്. തന്നെയുമല്ല നമ്മുടെ തൃശൂർ മിലിത്തോസിനെ ഒരു പാഠവും പഠിപ്പിക്കട്ടെ.

കൊച്ചൻ: പിന്നെ?

അച്ചൻ: ഒരു കുർബാന പോലും ചൊല്ലാൻ വയ്യാത്ത 80-85 വയസ്സായ മെത്രാന്മാർക്ക് കാതോലിക്കാ ആകണം. മറ്റുള്ളവർക്ക് വിദേശ പിരിവിന് പോകണം. പിരിച്ചുകിട്ടുന്ന പണം ഹിമാലയ, ഇന്റഗ്രേറ്റഡ് പോലെയുള്ള ബ്ലെയിഡുകാർക്ക് കൊടുക്കണം. സ്വാശ്രയ പ്രസ്ഥാനം വേണം. അത്മായ പ്രമുഖർക്ക് ബ്ലയിഡ് - പത്രം ചാനലും, ചില അച്ചായന്മാർക്ക് ടി.വി. യിലും പത്രത്തിലും വാർത്തയിലും നിറഞ്ഞു നില്ക്കണം. മറ്റു പലർക്കും അവരവരുടെ സ്ഥാനമാനങ്ങൾ മരണം വരെ നിലനിർത്തണം.

കൊച്ചൻ: അപ്പോ സഭയോ?

അച്ചൻ: സഭ ദൈവത്തിന്റേയാ. അതിന്റെ കാവൽക്കാരനായിട്ട് തോമ്മാശ്ലീഹായെ ഏല്പിച്ചിട്ടുണ്ട്. എന്നും പ്രാർത്ഥിക്കുന്നില്ലേ അതു മതി.

കൊച്ചൻ: അച്ചോ നമ്മുടെ ബാവാ യു.ഡി. എഫ്. ഗവൺമെന്റ് കാലത്ത് ഇവിടെ രക്തപ്പുഴ ഒഴുക്കും എന്നു പറയുകയും, മലങ്കര വർഗീസിനെ ഒക്കെ രക്തസാക്ഷികളാക്കി വാക്കു പാലിച്ചു. തൃക്കുന്നത്തും രക്തം ഒഴുക്കി. ഇനിയും ഒഴുക്കും എന്നൊക്കെ പറഞ്ഞ ബാവാ എൽ. ഡി. എഫ്. ഗവൺമെന്റ് വന്നതുകൊണ്ടാണോ പുത്തൻകുരിശിൽ സഭാസമാധാനത്തിന് പ്രാർത്ഥനായജ്ഞം നടത്തും എന്ന് മനോരമയിൽ വാർത്ത വന്നത്. നമ്മുടെ പുതിയ പുത്തൻകുരിശുസഭയിൽ വല്ല പ്രശ്നവും ഉണ്ടോ അച്ചോ?

അച്ചൻ: എന്തു പ്രശ്നം? നമ്മുടെ ബാവായുടെ ശക്തി സാധാരണക്കാരുടെ അന്ത്യോഖ്യാ ഭക്തിയും, മെത്രാൻ പട്ടത്തിന്റെ പാട്ടത്തുക 25 ലക്ഷം ആക്കിയതും നമുക്ക് രക്ഷയായി.

കൊച്ചൻ: എന്തായാലെന്താ, നമുക്ക് ചുറുചുറുക്കുള്ള പത്തിരുപത് കൊച്ചുമെത്രാന്മാരും, ഓർത്തഡോക്സുകാർക്ക് പത്തിരുപത് കിളവന്മാർ മെത്രാന്മാരും എല്ലാവരും കൂടി പത്ത് നാല്പത് മെത്രാന്മാർ - കത്തോലിക്കരെക്കാൾ കൂടുതൽ. വളരുംതോറും പിളരുന്നു. പിളരുംതോറും കാതോലിക്കാ - മെത്രാന്മാരുടെ എണ്ണം കൂടുന്നു.

കൊച്ചൻ: മെത്രാച്ചന്മാർ എല്ലാം അമേരിക്കയിലേയ്ക്ക് പിരിവിന് പോകുന്നു എന്ന് കേട്ടല്ലോ? അവിടെ മലങ്കരയിലെ ഓർത്തഡോക്സുകാരാണധികം അല്ലേ അച്ചാ?

അച്ചൻ: അതേ. കക്ഷി ഇവിടെയാ ശക്തി കാണിക്കേണ്ടത്. അവിടെ നമ്മുടെ തിരുമേനിമാരും, അച്ചന്മാരും, ഓർത്തഡോക്സുകാരുടെ വീട്ടിൽ താമസിക്കും. അവരുടെ പള്ളിയിൽ കുർബാന ചൊല്ലും. അവരുടെ പണം ഇവിടെ കൊണ്ടുവന്ന് അവർക്കിട്ട് പണിയും.

കൊച്ചൻ: ശരിയാ. മണർകാട്ടു പള്ളിയിലും കാശ് വാരിയിടുന്നത് തെക്കൻ ഓർത്തഡോക്സുകാരാ. ഒരു ദിവസം കുർബാന മദ്ധ്യേ വിശ്വാസപ്രമാണം എല്ലാവരുംകൂടി ചൊല്ലിയപ്പോൾ നമ്മുടെ കൊച്ചുതിരുമേനി പറ കോട്ടു നോക്കി. അച്ചന്മാർ ചെവിയിൽ പറഞ്ഞു, മുഴുവൻ ഓർത്തഡോക്സുകാരാ സാരമില്ലാ എന്ന്.

അച്ചൻ: നീ കൊച്ചുതിരുമേനിയുടെ കാര്യം പറഞ്ഞപ്പോഴാ ഞാനോർത്തത് ഇപ്പോൾ പരുമല കൊച്ചുതിരുമേനിക്കു പകരം നമ്മുടെ കൊച്ചുതിരുമേനിമാർക്കെല്ലാം അവരുടെ നാടിന്റെ പേരിനോട് ചേർത്ത് കൊച്ചുതിരുമേനി എന്നാക്കി. പണ്ട് എം. ജി. ആറിന്റെ കട്ടൗട്ട് വയ്ക്കുന്നതുപോലെ എല്ലായിടത്തും മെത്രാന്മാരുടെ കട്ടൗട്ട്. ❑

## ഇടവക വാർത്തകൾ

ഇടവകകളിലെ പുതുമയുള്ളതും സൃഷ്ടിപരവുമായ വാർത്തകൾ പ്രസിദ്ധപ്പെടുത്തുവാൻ അൽമായവേദി താല്പര്യപ്പെടുന്നു. ആവർത്തനസ്വഭാവമുള്ള പെരുന്നാളുകൾ, വാർഷികങ്ങൾ എന്നിവയല്ല, പ്രത്യുത നൂതനമായതും മറ്റ് ഇടവകകൾക്ക് മാതൃകയാക്കാവുന്നതുമായ സൃഷ്ടിപരമായ പ്രവർത്തനങ്ങൾക്കാവും മുൻഗണന ലഭിക്കുക - പത്രാധിപർ

"സഭ ഒരു പാത്രിയർക്കീസിന്റെയോ കാതോലിക്കായുടെയോ മെത്രാച്ചന്റെയോ മറ്റേതെങ്കിലും വ്യക്തിയുടെയോ മാത്രം സ്വന്തമല്ല; നമ്മുടെ എല്ലാവരുടെയും മാതൃഭവനമാണ്. അതിന്റെ കെട്ടുപണിക്കുവേണ്ടി കഴിവതെല്ലാം നാം ചെയ്യുകയല്ലാതെ ഭവനം വിട്ടോടിപോകുന്നത് ആരും അഭിനന്ദിക്കുന്ന ഒരു പ്രവൃത്തി ആയിരിക്കുകയില്ല."

**- അലക്സിയോസ് മാർ തേവോദോസ്യോസ്**

## ഓഫ് സൈഡ് - ഓഫ് സൈഡ്

### ബാവാ ഇല്ലാത്ത കത്തീഡ്രൽ!

പൗരസ്ത്യ കാതോലിക്കായുടെ സിംഹാസന ദേവാലയമാണ് കോട്ടയം മാർ ഏലിയാ കത്തീഡ്രൽ. ഓരോ ബാവായും സ്ഥാനമേൽക്കുമ്പോൾ അവരുടെ ചിത്രം അവിടെ സ്ഥാപിക്കുക എന്നതാണ് കീഴ്‌വഴക്കം.

പ. ദിദിമോസ് പ്രഥമൻ ബാവാ സ്ഥാനമേറ്റിട്ട് വർഷമൊന്നായെങ്കിലും ചിത്രം സ്ഥാപിച്ചിട്ടില്ല. ഇനി കത്തീഡ്രലുകാർക്ക് സ്ഥാനത്തിൽ വല്ല സംശയവുമായിട്ടാണോ എന്ന് സന്ദേഹം.

അങ്ങനെയാണെങ്കിൽ സെപ്റ്റംബർ 21 അസ്സോസിയേഷൻ കഴിഞ്ഞ സ്ഥിതിക്കെങ്കിലും ചിത്രം സ്ഥാപിക്കുമെന്ന് വിശ്വസിക്കുന്നു.

# മലങ്കരമെത്രാന്റെ കാര്യവിചാരകർ

എം. കുര്യൻ തോമസ്

1876 -ൽ പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെ സന്ദർശനത്തിലും മുളന്തുരുത്തി സുന്നഹദോസിലും എത്തിച്ചേർന്ന സാഹചര്യം എന്തായിരുന്നു? പൊതുവെ വിശ്വസിക്കപ്പെടുന്നത് പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ നവീകരണശ്രമമാണ് അന്നത്തെ സംഘർഷത്തിനു കാരണം എന്നാണ്. എന്നാൽ യഥാർത്ഥ കാരണം അതല്ല. ആ കാരണമാണ് മുളന്തുരുത്തി സുന്നഹദോസിന്റെ കാനോനകളിലും മറ്റു സമകാലിക രേഖകളിലും *മെത്രാന്മാരുടെ ഏകനായകത്വം* എന്നു പ്രതിപാദിച്ചിരിക്കുന്നത്. തന്നിഷ്ടം പോലെയുള്ള മെത്രാന്മാരുടെ ഭരണം എന്നാണ് ഇതുകൊണ്ട് അന്ന് അർത്ഥമാക്കിയത്. ഈ അടിസ്ഥാന കാരണത്തിന്മേൽ തർക്കം മൂർഛിച്ചപ്പോൾ ഒരു ഭാഗത്തിന് ഒരു താത്വിക അടിത്തറയായും മറുഭാഗത്തിന് എതിരാളികളെ അടിക്കുവാനുള്ള വടിയായും നവീകരണം ഉപയോഗപ്പെട്ടു എന്നു മാത്രം..

ആദിമ ക്രൈസ്തവസഭ ഒരിക്കലും അംഗീകരിക്കാത്ത ഒന്നാണ് *മെത്രാന്മാരുടെ ഏകനായകത്വം*. പ. ശ്ലീഹന്മാർ പോലും സുന്നഹദോസ് കൂടിയാണ് തീരുമാനം എടുത്തത്. ശ്ലീഹന്മാരിൽ മുമ്പനായ പ. പത്രോസ് ശ്ലീഹായെ വരെ ചോദ്യം ചെയ്തതായി വി. വേദപുസ്തകം സാക്ഷിക്കുന്നു. അതിനാലാണ് പൗരസ്ത്യ സഭകൾ അധികാരം വ്യക്തിപരമാക്കാതെ സുന്നഹദോസുകൾക്ക് കൂട്ടായി നൽകിയത്.

മെത്രാന്മാരുടെ ഭരണാധികാരം ഏകപക്ഷീയമായി നടപ്പാക്കുന്നത് തടയാൻ ഫലപ്രദമായ നിയമനിർമാണം പൗരസ്ത്യസഭകൾക്കുണ്ടായിരുന്നു. പേർഷ്യൻ സഭയിൽ എപ്പിസ്കോപ്പാ മുതൽ കാതോലിക്കാ വരെയുള്ള മേൽപ്പട്ടക്കാർ ആത്മീയവും ലൗകീകവുമായ ഭരണം നടത്തുന്നത് അർക്കദ്യക്കോനിൽ കൂടി മാത്രമായിരിക്കണമെന്നു കർശന നിയമം നിലവിലുണ്ടായിരുന്നു.

മലങ്കരസഭയിലാകട്ടെ, നസ്രാണികളുടെ ജാതിക്കുതലവനായ അർക്കദ്യക്കോന് പേർഷ്യൻ സഭയുടെ കാനോനാകൾ അനുശാസിക്കുന്നതിനേക്കാൾ ഉപരിയായ അധികാരങ്ങളുണ്ടായിരുന്നു. നസ്രാണികളുടെ അർക്കദ്യക്കോൻ, പരാതികളും വിധികളും നടത്തുന്നത് സ്വമേധയാ ആയിരുന്നില്ല. മറിച്ച് തന്റെ സദസ്സ് കൂട്ടമായി പരിഗണിച്ച ശേഷമായിരുന്നു അർക്കദ്യക്കോനും സദസ്സുമെല്ലാം *മലങ്കര പള്ളിയോഗ*മെന്ന വിശാലമായ പ്രാതിനിധ്യസഭയ്ക്കു വിധേയമായിരുന്നു. ആദിമസഭയുടെ ജനാധിപത്യ വ്യവസ്ഥ പാലിക്കുന്ന പൂർണ്ണമായ ഒരു എപ്പിസ്കോപ്പൽ സംവിധാനമായിരുന്നു അത്.

അതിരുകളില്ലാത്ത എപ്പിസ്കോപ്പൽ അധികാരം നസ്രാണികൾ ആദ്യമായി അനുഭവിക്കുന്നത് 1599-ലെ ഉദയംപേരൂർ സുന്നഹദോസിനെ തുടർന്നുള്ള 54 വർഷത്തെ റോമൻ കത്തോലിക്കാ ഭരണകാലത്താണ്. അർക്കദ്യക്കോനെയും *മലങ്കരപള്ളി യോഗ*ത്തെയും അവഗണിച്ച് തികച്ചും റോമൻ രീതിയിലുള്ള എപ്പിസ്കോപ്പൽ ഏകാധിപത്യമാണ് അവർ നടപ്പിലാക്കിയത്.

ഈ പശ്ചാത്തലത്തിലാണ് 1653-ൽ കൂനൻകുരിശുസത്യം നടക്കുന്നത്. അതിനു ശേഷം നസ്രാണികൾ തോമ്മാ അർക്കദ്യക്കോനെ മാർത്തോമ്മാ എപ്പിസ്കോപ്പായായി വാഴിക്കാൻ തീരുമാനിച്ചപ്പോൾ ഈയൊരു സാഹചര്യം മുമ്പുകൂട്ടി കണ്ടു. അതിനു പ്രതിവിധിയും *മലങ്കരപള്ളി യോഗം* നിർദ്ദേശിച്ചു. നിരണം ഗ്രന്ഥവരി ഇപ്രകാരം രേഖപ്പെടുത്തുന്നു: *"....തൊമ്മാ അർക്കദുയാക്കോനെ മാർത്തോമാ മെത്രാനായിട്ടു വാഴിക്കയും ചെയ്തു. അന്നത്തെ വിചാരക്കാർ കടുത്തുരുത്തിൽ കടവിൽ ചാണ്ടി കത്തനാരും കുറവിലങ്ങാട്ടു പള്ളിവീട്ടിൽ ചാണ്ടി കത്തനാരും അങ്കമാലിക്കരെ വെങ്ങുര ഗീവറുഗീസു കത്തനാരും കല്ലിച്ചെരിൽ ഇട്ടിത്തൊമ്മൻ കത്തനാരും. ഈ വിചാരകർ മൂവാണ്ടിൽ കൂടിവിചാരം ഉണ്ടാകുമ്പോൾ മാറിക്കൽപിക്കയും...."*

അക്കാലത്തെ ഏറ്റവും പ്രഗൽഭ വൈദീകരായിരുന്നു ഇവരിൽ മൂന്നു പേരെന്ന് സമകാലിക ചരിത്രം രേഖപ്പെടുത്തുന്നു. ചുരുക്കത്തിൽ, മെത്രാനെ തിരഞ്ഞെടുത്ത *മലങ്കര പള്ളിയോഗം* അദ്ദേഹത്തിന്റെ ആലോചനക്കാരെയും തിരഞ്ഞെടുത്തു. അവരെ മൂന്നു വർഷത്തിലൊരിക്കൽ മാറ്റി നിയമിക്കാനുള്ള അധികാരവും *മലങ്കര പള്ളിയോഗം* നിലനിർത്തി.

ഈ സംവിധാനം എത്രകാലം തുടർന്നെന്ന് വ്യക്തമല്ല. എന്തായാലും 18-ാം നൂറ്റാണ്ടിലെ സുപ്രധാന തീരുമാനങ്ങളെല്ലാം *മലങ്കര പള്ളിയോഗ*ത്തിന്റെ സാന്നിദ്ധ്യത്തിലാണ് നടന്നതെന്ന് ചരിത്രരേഖകൾ വ്യക്തമാക്കുന്നു. കായംകുളം പീലിപ്പോസ് റമ്പാനെ വലിയ മാർ ദീവന്നാസ്യോസിന്റെ സന്തതസഹചാരിയായി കാണുന്നുവെങ്കിലും സ്ഥിരമായി മെത്രാന്റെ കാര്യവിചാരകരായി ആരെയും അക്കാലത്തെ രേഖകളിൽ പരാമർശിക്കുന്നില്ല. ഒരുപക്ഷേ 1653-ൽ ഏർപ്പെടുത്തിയ സംവിധാനം 18-ാം നൂറ്റാണ്ടിൽ അസ്തമിച്ചിരിക്കാം.

മലങ്കരസഭയ്ക്ക് സമഗ്രമായ ആദ്യ ലിഖിത ഭരണഘടന രൂപപ്പെടുത്തിയത് 1809 ചിങ്ങം ഒന്നിന് കണ്ടനാട്ടു പള്ളിയിൽ കൂടിയ *മലങ്കര പള്ളിയോഗ*മാണ്. *കണ്ടനാട് പടിയോല* എന്ന ഈ നിയമസംഹിത പാസാക്കിയതിനുശേഷം നടന്നത് മാർ ശിമവോൻ ദീവന്നാസ്യോസിന്റെ നാളാഗമപ്രകാരം ഇപ്രകാരമാണ്. *"...ഇതിമ്മണ്ണം പടിഒലയും എഴുതിവച്ച മെത്രാനെ മൊതിരവും ഇടീച്ച അയിമൊസ്യമായി കുന്നംകുളങ്ങരെ പുലിക്കൊട്ടിൽ യൗസെപ്പു കശീശായ്ക്കു റെമ്പസുഖം കൊടുത്ത പീലിപ്പൊസ റെമ്പാനും ഇവരു രണ്ടു പെരും മെത്രാന്റെ അടുക്കൽ പാർക്കത്തക്കവണ്ണവും പറഞ്ഞവച്ച അയിമൊസ്യമായി പിരികയും ചെയ്തു..."*

ഇവിടെയും അക്കാലത്തെ ഏറ്റവും പ്രഗൽഭരായ രണ്ടു വൈദീകരെയാണ് കാര്യവിചാരകരായി നിയമിക്കുന്നത്. ഇവിടെയും ശ്രദ്ധിക്കേണ്ട വസ്തുത, നിയമനം നടത്തുന്നത് *മലങ്കര പള്ളിയോഗ*മാണെന്നതാണ്. 1653-ലെ തീരുമാനത്തിൽനിന്നുള്ള ശ്രദ്ധേയമായ പുരോഗതി, റമ്പാൻമാരാക്കിയാണ് ഇവരെ നിയമിക്കുന്നത് എന്നാണ്. അതായത് ഇടവകയുടെ കെട്ടുപാടുകളിൽ നിന്നു മോചിതരായി പൂർണസമയം പൊതു സഭാസേവനത്തിനു സജ്ജരാക്കിയാണ് ഇവരെ നിയമിക്കുന്നത്.

കായംകുളം പീലിപ്പോസ് റമ്പാൻ അന്തരിക്കുകയും പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ മാർ ദീവന്നാസ്യോസ് രണ്ടാമൻ എന്ന പേരിൽ മലങ്കര മെത്രാപ്പോലീത്തായായി വാഴിക്കപ്പെടുകയും ചെയ്തതോടുകൂടി ഈ സംവിധാനത്തിനു പ്രസക്തിയില്ലാതായി. വീണ്ടും 1818-ൽ മാർ ദീവന്നാസ്യോസ് രണ്ടാമന്റെ കാലശേഷം കിടങ്ങൻ മാർ പീലക്സീനോസ് താൽക്കാലിക മലങ്കരമെത്രാനായി സ്ഥാനമേറ്റതോടെ *മലങ്കര പള്ളിയോഗം* ചെറുപ്പക്കാരനായ പുന്നത്ര കുര്യൻ കത്തനാരെ അർക്കദ്യക്കോനായി നിയമിച്ചു (വികാരി ജനറൽ എന്ന് ബ്രിട്ടീഷ് രേഖകളിൽ).

പുന്നത്ര മാർ ദീവന്നാസ്യോസും തുടർന്ന് ചേപ്പാട് മാർ ദീവന്നാസ്യോസും സ്ഥാനമേറ്റതോടെ ഈ സംവിധാനം വീണ്ടും ഇല്ലാതെയായി. ചേപ്പാട് മാർ ദീവന്നാസ്യോസിനെപ്പറ്റി എതിർപക്ഷം ഉന്നയിച്ച ഏറ്റവും വലിയ ആരോപണം അദ്ദേഹം തന്നിഷ്ടപ്രകാരം ഭരിക്കുന്നു എന്നാണ്. ഇതിന്റെ പശ്ചാത്തലത്തിലാണ് സി. എം. എസ്. കാരുമായി മുതൽ പങ്കുവെച്ച കൊല്ലം പഞ്ചായത്ത് അന്നുണ്ടായിരുന്ന പൊതുമുതലിന്റെ ഭരണത്തിന് മെത്രാപ്പോലീത്തായോടൊപ്പം ഒരു കത്തനാരെയും ഒരു അയ്മേനിയേയും കൂട്ടു ട്രസ്റ്റികളായി നിയമിച്ചത്.

പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസ് ഭരണമേറ്റതോടെ *മെത്രാന്മാരുടെ ഏകനായകത്വത്തിന്റെ* ശക്തി ഏറ്റവും രൂക്ഷമായി. അദ്ദേഹത്തിന്റെ ഭരണാരംഭത്തിൽ ഇടവഴിക്കൽ പീലിപ്പോസു കത്തനാർ മുതൽപേർ മുൻകൈയെടുത്ത് 101 വകുപ്പുകളുള്ള ഒരു ചട്ടവര്യോല പാസാക്കിയെങ്കിലും ഒരു വർഷംപോലും അത് നിലനിന്നില്ല. വിരളമായി മാത്രമാണ് മാർ മാത്യൂസ് അത്താനാസ്യോസ് *മലങ്കരപള്ളിയോഗങ്ങൾ* വിളിച്ചു കൂട്ടിയത്. ഈ ഏകനായകത്വത്തോടുള്ള എതിർപ്പാണ് പിന്നീട് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമനെ തിരഞ്ഞെടുത്തു വാഴിക്കാൻ മലങ്കരസഭയെ പ്രേരിപ്പിച്ചത്.

മാർ ദീവന്നാസ്യോസാകട്ടെ ഈ ജനവികാരം ഉൾക്കൊണ്ടു. 1873-ൽ അദ്ദേഹം പരുമലയിൽ വിളിച്ചുചേർത്ത *മലങ്കരപള്ളിയോഗം* മലങ്കര അസോസിയേഷനും അതിന് നാലു കത്തനാർമാരും എട്ട് അയ്മേനികളുമുള്ള ഒരു മാനേജിംഗ് കമ്മറ്റിയും രൂപീകരിച്ചു. അതോടൊപ്പം മുതൽകാര്യങ്ങൾ സൂക്ഷിക്കാൻ ഒരു മുതൽപിടിയെയും അസോസിയേഷന് ഒരു സെക്രട്ടറിയെയും നിയമിക്കണമെന്നും നിശ്ചയിച്ചു. കൂടാതെ ആത്മീയകാര്യങ്ങളിൽ മെത്രാന് *ആലോചനക്കും സഹായത്തിനുമായി മെത്രാനും യോഗത്തിനും സമ്മതമുള്ള ഒരാളെ നിയമിക്കണമെന്നും* നിശ്ചയിച്ചു. ദൗർഭാഗ്യവശാൽ പരുമല സുന്നഹദോസ് നിശ്ചയങ്ങൾ നടപ്പാകാതെ വന്നതോടെ ഈ നിയമങ്ങളും വിസ്മൃതിയിൽ മാഞ്ഞു. ഇവയെല്ലാം സൂചിപ്പിക്കുന്നത്, *മെത്രാന്റെ കാര്യവിചാരകർ* എന്നത് മലങ്കരസഭ നൂറ്റാണ്ടുകളിലൂടെ നടപ്പാക്കാൻ ശ്രമിച്ച ഒരു സംവിധാനമാണെന്നാണ്.

1934-ൽ ഭരണഘടന പാസാക്കിയപ്പോൾ മെത്രാന്റെ കാര്യവിചാരകസ്ഥാനം വഹിക്കാൻ ഒരു വർക്കിംഗ് കമ്മറ്റിയെ ചുമതലപ്പെടുത്തി. ഇതനുസരിച്ച് വൈദീക-അൽമായ ട്രസ്റ്റികളും അസോസിയേഷൻ സെക്രട്ടറിയുമടക്കം പത്തുപേരടങ്ങുന്ന ഒരു സമിതി രൂപംകൊണ്ടു. ഇതിനു പുറമെ പിൽക്കാലത്ത് പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് പ. പിതാവിനെ സഹായിക്കാൻ ഒരു എപ്പിസ്കോപ്പൽ ഉപസമിതിയെയും നിയമിച്ചു. ഇന്ന് ഈ സമിതികൾ നിലനിൽക്കുന്നുവെങ്കിലും ക്ലിപ്ത കാലയളവിൽ *കൂടിവിചാരം നടത്തുന്ന* സഭകളായല്ല, മറിച്ച് പ്രശ്നങ്ങൾ ഉണ്ടായശേഷം അവയെ തരണം ചെയ്യുവാൻ കൂടുന്ന സമിതികളായി മാത്രം മാറിയിരിക്കുകയാണ്.

നസ്രാണികൾക്ക് തദ്ദേശീയനായ മെത്രാൻ ഉണ്ടായതു മുതൽ അവർക്ക് കാര്യവിചാരകരെ നൽകാനുള്ള *മലങ്കര പള്ളിയോഗത്തിന്റെ* ശ്രമം ദീർഘവീക്ഷണത്തോടുകൂടിയുള്ളതായിരുന്നു എന്ന് സമ്മതിച്ചേ തീരൂ. മലങ്കര നസ്രാണികൾ ലോകമെങ്ങും പരക്കുകയും, മലങ്കരസഭ ഒരു ആഗോള സഭയാവുകയും ചെയ്തതോടെ ഇന്നു മലങ്കര മെത്രാപ്പോലീത്താ-കാതോലിക്കാ കൈകാര്യം ചെയ്യേണ്ടുന്ന വിഷയങ്ങൾ ഒരു മനുഷ്യന് ഒറ്റയ്ക്കു കൈകാര്യം ചെയ്യാവുന്നതിനേക്കാൾ ബഹുലവും വിപുലവുമായിരിക്കുകയാണ്.

ഈ പശ്ചാത്തലത്തിൽ വർക്കിംഗ് കമ്മറ്റിയും എപ്പിസ്കോപ്പൽ സബ്കമ്മറ്റിയും ചുരുങ്ങിയത് മാസത്തിലൊരിക്കലെങ്കിലും തീർച്ചയായും കൂടത്തക്കവിധം ചട്ടങ്ങൾ ഉണ്ടാകേണ്ടത് അനിവാര്യമായിരിക്കുന്നു. അതോടൊപ്പംതന്നെ, ദൈനംദിന ഭരണകാര്യത്തിൽ കാതോലിക്കാ - മലങ്കര മെത്രാപ്പോലീത്തായെ സഹായിക്കുന്നതിനായി സ്ഥിരമായ ഒരു സംവിധാനം കൂടി ഏർപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

കിഴക്കിന്റെ മഹാനായ കാതോലിക്കാ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമനാണ് പൗരസ്ത്യ കാതോലിക്കായ്ക്ക് ചുരുങ്ങിയ തോതിൽ ഒരു സെക്രട്ടറിയേറ്റിനു ആദ്യമായി രൂപം കൊടുത്തത്. ഒരു കശീശയും ഒരു മ്ശംശോനായും ഒരു യൗഫദ്യക്കോനും അടങ്ങിയ സംവിധാനത്തിന് അന്ന് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിഞ്ഞു. ഇന്ന് കാതോലിക്കായുടെ പ്രവർത്തന മേഖല അതിലും ബഹുവിപുലമാണ്. അതിനാൽ ഈ സംവിധാനവും അപര്യാപ്തമാണ്.

കാതോലിക്കായുടെ ജോലിഭാരം കുറക്കുന്നതിനും തീരുമാനങ്ങളിൽ തെറ്റു വരാതിരിക്കുന്നതിനും ഈ ലേഖകൻ താഴെപറയുന്ന മാറ്റങ്ങൾ നിർദ്ദേശിക്കുന്നു.

1. മലങ്കര മെത്രാപ്പോലീത്തായുടെ ആലോചനസമിതിയും എപ്പിസ്കോപ്പൽ സബ്കമ്മറ്റിയും നിശ്ചിത കാലയളവിൽ (കുറഞ്ഞത് മാസത്തിൽ ഒരിക്കൽ) കൂടുന്ന സ്ഥിരം സംവിധാനമാക്കണം. പ്രധാന തീരുമാനങ്ങൾ അവരുടെ ആലോചനയോടെ നടപ്പാക്കണം.

2. അസിസ്റ്റന്റ് മലങ്കര മെത്രാപ്പോലീത്താ, ദേവലോകത്ത് താമസിക്കുകയും എല്ലാ കാര്യങ്ങളിലും കാതോലിക്കായുടെ സഹായിയായിരിക്കുകയും ചെയ്യണം. പള്ളിക്കോടതിയുടെ അദ്ധ്യക്ഷനും, കാതോലിക്കായുടെ സെക്രട്ടറിയേറ്റിന്റെ ചുമതലക്കാരനും അദ്ദേഹമായിരിക്കണം.

3. പൗരസ്ത്യ കാതോലിക്കായ്ക്ക് വ്യത്യസ്ത വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് മൂന്നു വൈദീക സെക്രട്ടറിമാർ ഉണ്ടായിരിക്കണം. അവരിൽ ഒരാളെ സ്വന്ത ഇഷ്ടപ്രകാരവും, ഒരാളെ എപ്പിസ്കോപ്പൽ സബ്കമ്മറ്റിയുടെ ശുപാർശപ്രകാരവും, ഒരാളെ ആലോചനാസമിതിയുടെ ശുപാർശപ്രകാരവും കാതോലിക്കാ നിയമിക്കണം. ഇവരിൽ കുറഞ്ഞത് ഒരു വിവാഹിത പട്ടക്കാരനും ഒരു അവിവാഹിത പട്ടക്കാരനും ഉണ്ടായിരിക്കണം. കൂദാശാകാര്യങ്ങളിൽ കഴിവും പരിചയവുമുള്ള ആളാവണം സെക്രട്ടറിമാരിൽ ഒരാൾ.

3. മുൻപതിവനുസരിച്ച് കാതോലിക്കായോടൊപ്പം വിശ്വസ്തനായ ഒരു മ്ശംശോനൊയും ഒരു യൗഫദ്യക്കോനും ഉണ്ടായിരിക്കുകയും അവരും, കത്തനാർ സെക്രട്ടറിമാരിൽ ഒരാളും ബാവായെ എല്ലായിടത്തും അനുഗമിക്കുകയും വേണം.

5. അസിസ്റ്റന്റ് മലങ്കര മെത്രാപ്പോലീത്തായുടെയും രണ്ടു കൂട്ടു ട്രസ്റ്റിമാരുടെയും അധികാരം പുനർനിർവചിച്ച് സകല സാമ്പത്തിക ഇടപാടുകളും അവരുടെ ചുമതലയിലും ഉത്തരവാദിത്വത്തിലും ആക്കണം.

6. പൗരസ്ത്യ കാതോലിക്കായുടെ സകല സ്വകാര്യ ജീവനക്കാർക്കും കാതോലിക്കേറ്റ് ഓഫീസിൽ നിന്നും വേതനം നൽകണം. അവർക്ക് മതിയായ താമസ സൗകര്യവും ദേവലോകം അരമനയിൽ നൽകണം. മുൻകാലങ്ങളിൽ *....മേശെക്കു വയ്ക്കുന്ന വെൺമണി വർക്കിയും, സാധനം എഴുത്തുശ്രാപിക്കൽ കൊച്ചുവറുക്കി മുതൽപേരെ....* ആയിരുന്നു മലങ്കര സഭാദ്ധ്യക്ഷന്റെ ജീവനക്കാരെങ്കിൽ ഇന്നാ സ്ഥാനം സെക്രട്ടറിമാർക്കും ഡ്രൈവർ മുതലായവർക്കുമാണ്.

ലോകമെങ്ങും പരന്നു കിടക്കുന്ന നസ്രാണി സമൂഹത്തിന്റെ പ്രധാന ആചാര്യനു സുഗമമായി പ്രവർത്തിക്കാൻ ഇത്തരം ഒരു സ്ഥിരം സംവിധാനം ആവശ്യമാണ്. നിത്യഭരണത്തിന്റെ കെട്ടുപാടുകളിൽ നിന്നു മോചനം നല്കിയാലേ വലിയ ഇടയനടുത്ത തന്റെ കടമകൾ സുഗമമായി പൂർത്തീകരിക്കുവാൻ അദ്ദേഹത്തിനു കഴിയൂ. തീരുമാനങ്ങൾ ന്യായവും പ്രമാദരഹിതവുമാകാനും ഈ സംവിധാനം സഹായിക്കും. ❑


## അഖില മലങ്കര ഓർത്തഡോക്സ് അത്മായവേദി

കെ. വി. ഏബ്രഹാം കൊടുവത്ത് (പ്രസിഡന്റ്) ഫോൺ: 0481 -2432507
സാബു വടകര (വൈസ് പ്രസിഡന്റ്) ഫോൺ: 0481 - 2543742, 94474 56969
ക്യാപ്റ്റൻ കോശി മത്തായി (വൈസ് പ്രസിഡന്റ്) ഫോൺ: 0481 - 2543742, 93876 10283
തോമസ് ചാണ്ടി (ജനറൽ സെക്രട്ടറി) ഫോൺ: 0481 - 2517406, 3257546, 93494 37714
കുര്യൻ പി. കുര്യൻ (ട്രഷറർ) ഫോൺ: 93876 05735
ജയിംസ് പാമ്പാടി (സെക്രട്ടറി) ഫോൺ: 99471 46865
ഫീലിപ്പോസ് പോട്ടയ്ക്കാവയലിൽ (സെക്രട്ടറി) ഫോൺ: 0481 - 2463138, 92492 20938
ബാബു വെട്ടുവേലിൽ (സെക്രട്ടറി) ഫോൺ: 0481 - 2457776
ജോയ്സ് തോട്ടയ്ക്കാട് (വെബ് കോ-ഓർഡിനേറ്റർ) 0481 - 3255054, 99471 20697

**അംഗത്വത്തിനും യൂണിറ്റ് രജിസ്റ്റർ ചെയ്യുന്നതിനും അൽമായ വേദിയെ സംബന്ധിച്ച വിശദവിവരങ്ങൾക്കും ബന്ധപ്പെടുക:**

**AKHILA MALANKARA ORTHODOX ALMAYA VEDHI**

**(Reg. No. K - 713/2005) Post Box No. 652, Kottayam 686 001**

**ഫോൺ: 0481 – 2517406, 3257546, 93494 37714**

**E-mail: orthodoxalmayavedhi@yahoo.co.in**

**Web: www.malankaraorthodoxalmayavedi.org**

**അത്മായവേദിയുടെ ആഭിമുഖ്യത്തിൽ ഓൺലൈൻ ഡിസ്ക്കഷൻ ഗ്രൂപ്പ്**

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ ആഭിമുഖ്യത്തിലുള്ള ഓൺലൈൻ ഇ മെയിൽ ഡിസ്ക്കഷൻ ഗ്രൂപ്പായ മലങ്കര ഓർത്തഡോക്സ് നവോത്ഥാനപ്രസ്ഥാന (Malankara Orthodox Renaissance Movement) ത്തിൽ മലങ്കര സഭാംഗങ്ങളായ ആർക്കും അംഗങ്ങളായി ചേരാം. തങ്ങളുടെ അഭിപ്രായങ്ങൾ തുറന്ന് എഴുതുവാനും സംശയങ്ങൾ പ്രകടിപ്പിക്കുവാനുമുള്ള അവസരമുണ്ട്.

**To visit Our Online Discussion group (Malankara Orthodox Renaissance Movement) on the web, go to: http://in.groups.yahoo.com/group/MORM/**

# പി. സി. ഏബ്രഹാം തിരഞ്ഞെടുക്കപ്പെട്ടു മാർച്ച് 20 ന് പുറത്താകും

**അൽമായവേദി ന്യൂസ് സർവ്വീസ്**

പരുമല: 1971 മുതലുള്ള എല്ലാ അസോസിയേഷൻ തീരുമാനങ്ങളും സാധുവായി സെപ്റ്റംബർ 21 ലെ അസ്സോസിയേഷൻ പ്രഖ്യാപിച്ചതോടെ പി. സി. ഏബ്രഹാമിന്റെ അൽമായ ട്രസ്റ്റി സ്ഥാനവും സാധുവായി.

2002 മാർച്ച് 20 അസോസിയേഷൻ മേല്പട്ടക്കാരുടെ തിരഞ്ഞെടുപ്പ് മാത്രമായിരുന്നു അംഗീകരിച്ചത്. സുപ്രീംകോടതിവിധി പ്രകാരം ഈ അസോസിയേഷൻ അംഗീകരിക്കാത്ത സ്ഥാനികൾക്ക് സാധുത്വം ഇല്ലായിരുന്നു. വൈദികട്രസ്റ്റി ഫാ. ഡോ. ഒ. തോമസ് 2002 നു ശേഷമാണ് തിരഞ്ഞെടുക്കപ്പെട്ടത്. പി. സി. ഏബ്രഹാമിന്റെ ട്രസ്റ്റി സ്ഥാനം സാധുവല്ലാത്തതിനാലാണ് 2002-നു ശേഷമുണ്ടായ അനുകൂല സാഹചര്യത്തിൽ പോലും വട്ടിപ്പണപ്പലിശ വാങ്ങാൻ ശ്രമിക്കാതിരുന്നതെന്ന് ആരോപണമുയർന്നിരുന്നു. ഇപ്പോൾ സ്ഥാനം ക്രമപ്പെടുത്തിയതിനെ തുടർന്ന് വട്ടിപ്പണപലിശ വാങ്ങാനുള്ള നടപടി ആരംഭിക്കുമെന്ന് സൂചനകളുണ്ട്.

എന്നാൽ സുപ്രീംകോടതി ഭേദഗതി വരുത്തിയ ഭരണഘടനയനുസരിച്ച് തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാനികളിൽ മേല്പട്ടക്കാർ ഒഴികെയുള്ളവരുടെ കാലാവധി അഞ്ചു വർഷം മാത്രമാണ്. അതിനാൽ ഈ അസോസിയേഷൻ ക്രമപ്പെടുത്തിയതോടെ പി. സി. ഏബ്രഹാമിന്റെ കാലാവധിയും നിലവിലുള്ള അസ്സോസിയേഷനോടൊപ്പം അവസാനിക്കുമെന്ന് നിയമവിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നു.

ഈ സാഹചര്യത്തിൽ വൈദിക - അൽമായ ട്രസ്റ്റികളെ ഒരുമിച്ചാണ് അടുത്തതവണ തിരഞ്ഞെടുക്കുക. ദശാബ്ദങ്ങൾക്ക് ശേഷമാണ് ഇപ്രകാരം തിരഞ്ഞെടുപ്പ് ഒന്നിച്ചു വരുന്നത്.

# അൽമായവേദി പ്രവാചകശബ്ദമുയർത്തിയത് തുടരുക

**പി. വി. ജേക്കബ്, ചെന്നൈ**

അൽമായവേദിയുടെ പ്രവർത്തനങ്ങളെ പുറത്തുനിന്നും നോക്കിക്കാണുന്ന ഒരു വ്യക്തിയാണ് ഞാൻ. വേദിയുടെ ചില പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയും ചിലതിനെ വിമർശിക്കുകയും ചെയ്തിട്ടുണ്ട് - മാധ്യമങ്ങളിലൂടെയും അല്ലാതെയും. എന്നാൽ ഇപ്പോൾ അൽമായവേദി ഉയർത്തുന്നത് തീർച്ചയായും പ്രവാചകശബ്ദമെന്ന് എനിക്കു ബോധ്യം വന്നിരിക്കുന്നു. അൽമായവേദിയുടെ ഒരു ലക്കത്തിൽ, ഇത്തരമൊരു പരാമർശം വൈദികസെമിനാരി വൈസ് പ്രിൻസിപ്പൽ ഫാ. ഡോ. ജേക്കബ് കുര്യൻ നടത്തിയത് വായിച്ചപ്പോൾ ഞാൻ അതിനെ മുഖവിലയ്ക്ക് എടുത്തില്ല. അവരുടെ ഒരു വേദിയിൽ ബഹു. അച്ചൻ അല്പം നയപരമായി പ്രസ്താവിച്ചുവെന്നേ കരുതിയുള്ളൂ. എന്നാലിന്ന് ജേക്കബ് കുര്യനച്ചൻ പറഞ്ഞതിനെ ഞാൻ പൂർണ്ണ അർത്ഥത്തിൽ ഉൾക്കൊള്ളുന്നു.

അറുപത്തഞ്ചു വയസ്സിൽ താഴെ പ്രായമുള്ള, ഇതുപത് വർഷം മെത്രാനായിരുന്നിട്ടുള്ള, കഴിയുമെങ്കിൽ വടക്കൻ ഭദ്രാസനങ്ങളിൽ ഒന്നിൽ ജനിച്ചു വളർന്ന ഒരു മെത്രാപ്പോലീത്തായായിരിക്കണം അടുത്ത ശ്രേഷ്ഠ നിയുക്ത കാതോലിക്കായെന്ന് നാലഞ്ച് മാസങ്ങൾക്ക് മുൻപെ അവർ എഴുതിയപ്പോൾ ഞാൻ അത് ചിരിച്ചു തള്ളി. ഇത് കേവലം ഒരു ദിവാസ്വപ്നമായി മാത്രം അവശേഷിക്കും എന്നു കരുതി. പിന്നീട് വിവിധ കേന്ദ്രങ്ങളിൽ നിന്ന് - മേൽപ്പട്ടക്കാരും പട്ടക്കാരും അയ്മേനികളുമെല്ലാം ഇതിൽപെടും - ഇതേ അഭിപ്രായം ചില ചില്ലറ വ്യതിയാനങ്ങളോടെ വന്നപ്പോൾ തൽക്കാലത്തേക്ക് ഇ ത് ഒരു ഡിബേറ്റിംഗ് പോയിന്റായി ഉയർന്നു വരുമെന്നും അതിനപ്പുറം പ്രായോഗികതലത്തിൽ കാര്യമായി ക്ലച്ചു പിടിക്കില്ലെന്നും ചിന്തിച്ചു. പല സീനിയർ മെത്രാപ്പോലീത്താമാരുടെയും പേരുകൾ പറഞ്ഞു കേട്ടപ്പോൾ ഈ ആശയം പിന്തള്ളപ്പെട്ടുപോകും എന്ന് ഞാൻ ഉറപ്പിച്ചു.

അൽമായവേദിക്കാരായ അസ്സോസിയേഷൻ അംഗങ്ങൾ മുൻകൈയെടുത്ത് കോട്ടയം ഭദ്രാസനത്തിലെ വൈദികരുൾപ്പെടെയുള്ളവരൊപ്പിട്ട നോമിനേഷൻപേപ്പർ മാർ മിലിത്തിയോസിനു വേണ്ടി സമർപ്പിക്കപ്പെട്ടു എന്നറിഞ്ഞപ്പോഴും അതൊരു പ്രതീകാത്മകപ്രവർത്തി എന്നതിനപ്പുറം പോകില്ല എന്നായിരുന്നു ഞാൻ ചിന്തിച്ചത്. എന്നാൽ പല വൈദിക - അൽമായ പ്രമുഖരും ഈ ആശയത്തോട് ആഭിമുഖ്യം പ്രകടിപ്പിച്ചെങ്കിലും അതിന്റെ ഫലപ്രാപ്തി ഒരു വലിയ ചോദ്യചിഹ്നം തന്നെയായിരുന്നു.

പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായെ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ചപ്പോൾ സഭയിലെമ്പാടുമുള്ള വിശ്വാസികളോടൊപ്പം ഞാനും ആഹ്ലാദപുളകിതനായി. എന്നാലും മാനേജിംഗ് കമ്മറ്റിയിൽ എന്തു നടക്കുന്നുവെന്നറിയാൻ പഴയസെമിനാരിയിൽ ചെന്നപ്പോൾ പ. വട്ടശേരിൽ തിരുമേനിയുടെ കബറിങ്കൽ പ്രാർത്ഥനായജ്ഞം നടത്തുന്ന അൽമായവേദി പ്രവർത്തകരെയാണ് കണ്ടത്. മുമ്പൊരിക്കൽ ചെന്നപ്പോൾ പഴയസെമിനാരി ഉപരോധിക്കുന്നതായി കണ്ട ആക്ടിവിസ്റ്റ് ഗ്രൂപ്പുകാർ, മാറിയ പരിതസ്ഥിതിയിൽ പ്രാർത്ഥനായജ്ഞം നടത്തുന്നതു കണ്ടപ്പോൾ ആ സംഘടനയ്ക്കു വന്ന രൂപപരിണാമത്തെക്കുറിച്ച് ഞാൻ ദീർഘമായി ചിന്തിക്കുകയും അവരുടെ പ്രാർത്ഥനായജ്ഞത്തിൽ പങ്കുകൊള്ളുകയും ചെയ്തു.

അൽമായവേദിയുടേത് പ്രവാചക ശബ്ദമാണെന്ന് ഇന്ന് ഞാൻ വിശ്വസിക്കുന്നു. ഈ ശബ്ദത്തിന് ചെവികൊടുക്കുക. ഒപ്പം സംഘടനയുടെ പ്രവർത്തകരോട് ഉപദേശവും. നിങ്ങളുടെ പ്രസ്ഥാനത്തെ ചെന്നായ്ക്കളിൽ നിന്നും സംരക്ഷിച്ചു നിർത്തണം. സഭയുടെ ഉത്തമ താല്പര്യങ്ങൾക്കായി നടത്തുന്ന പോരാട്ടങ്ങളിൽ ഉദ്ദേശശുദ്ധി നഷ്ടപ്പെടാതെ ശ്രദ്ധിക്കുക. ❑

# ചെന്നൈ നഗരത്തിൽ ഒരു ഇടവക കൂടി

കഴിഞ്ഞ പതിനഞ്ചു വർഷമായി ചെന്നൈ ബ്രോഡ്വേ സെന്റ് തോമസ് കത്തീഡ്രലിന്റെ ഒരു ചാപ്പലായി കഴിഞ്ഞിരുന്ന, ചെന്നൈ നഗരത്തിന്റെ നടുവിലുള്ള കോയംമ്പേട് സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ചാപ്പൽ ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ യാക്കോബ് മാർ ഐറേനിയോസ് ഒരു സ്വതന്ത്ര ഇടവകയായി ഉയർത്തി. കത്തീഡ്രൽ പൊതുയോഗതീരുമാനമനുസരിച്ചാണ് ഈ നടപടി. ചെന്നൈ നഗരത്തിൽ അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രദേശമാണ് കോയംമ്പേട്.

1990-ൽ പ. മാത്യൂസ് പ്രഥമൻ ബാവാ തിരുമേനിയാണ് പള്ളിക്ക് തറക്കല്ലിട്ടത്. 1991 -ൽ പണി പൂർത്തിയായി എങ്കിലും ഇതുവരെ ബ്രോഡ്വേ കത്തീഡ്രലിന്റെ ചാപ്പലായി തുടരുകയായിരുന്നു. 2004 -ൽ പ. മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനി അഭി. യാക്കൂബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ സഹകരണത്തിൽ ഇതിന്റെ കൂദാശ നിർവഹിച്ചിരുന്നു. അണ്ണാനഗർ, മുഗപ്പേർ, അരുമ്പാക്കം, അശോക് നഗർ, അമിഞ്ചിക്കര തുടങ്ങിയ സ്ഥലങ്ങളിൽ താമസിക്കുന്ന വിശ്വാസികളുടെ ആത്മീയ ഉന്നമനത്തിന് ഈ ഇടവക പ്രയോജനപ്പെടും.

ഈ ഇടവക ചെന്നൈ നഗരത്തിലെ പത്താമത്തേയും മദ്രാസ് ഭദ്രാസനത്തിലെ അമ്പത്തി എട്ടാമത്തേയും ഇടവകയാണ്. പുതിയ ഇടവകയുടെ വികാരിയായി ജിജി മാത്യൂസ് അച്ചനെയാണ് മെത്രാപ്പോലീത്താ നിയമിച്ചിരിക്കുന്നത്. ഭരണഘടനപ്രകാരം ഇടവക പൊതുയോഗം കൂടി ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതുവരെ ഡി. മാത്യു (ടെക് ഷാർപ്പ്) ട്രസ്റ്റി, മോഹൻ പുന്നൻ (എം. ആർ. എഫ്) സെക്രട്ടറി എന്നിവർ അടങ്ങിയ താല്ക്കാലിക ഭരണസമിതിയെ മെത്രാപ്പോലീത്താ ചുമതലയേൽപ്പിച്ചു.

# അങ്കമാലി ഭദ്രാസനത്തിൽ നിന്നും പ. കാതോലിക്കാ ബാവായ്ക്ക് നല്കിയ നിവേദനം

പരിശുദ്ധ ബാവാ തിരുമേനി,

പരിശുദ്ധ ബാവാ തിരുമേനിയുടെ ആരോഗ്യവും ക്ഷേമവും അന്വേഷിച്ചുകൊണ്ട് അങ്കമാലി വെസ്റ്റ് ഭദ്രാസനത്തിലെ താഴെ പേരെഴുതി ഒപ്പിട്ടിരിക്കുന്നവർ സമർപ്പിക്കുന്ന അപേക്ഷ.

പരിശുദ്ധ ബാവാ തിരുമേനിയുടെ ചുമതലയിലും മേൽനോട്ടത്തിലും ഇരിക്കുന്ന അങ്കമാലി വെസ്റ്റ് ഭദ്രാസനത്തിൽ ഈ അടുത്തിടെ നടന്ന ചുമതലാമാറ്റത്തോടനുബന്ധിച്ച് ഉണ്ടായ ചില കാര്യങ്ങൾ പിതാവ് ഗൗരപൂർവ്വം പരിഗണിക്കും എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

കാലം ചെയ്ത പ. ബസേലിയോസ് മാത്യൂസ് ദ്വിതീയൻ ബാവാ അങ്കമാലി ഈസ്റ്റ് ഭദ്രാസനം ഏറ്റെടുത്തപ്പോൾ അന്ന് ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ആയിരുന്ന പ. ബാവാ തിരുമേനിയെ സഹായത്തിനായി നിയമിക്കുകയുണ്ടായി. ആ ഭദ്രാസനത്തിന് സ്വന്തമായി ഓഫീസ് സൗകര്യമില്ലാതിരുന്നതിനാൽ ഒരു ഓഫീസ് ആരംഭിക്കുന്നതിനായി അങ്കമാലി ഭദ്രാസനത്തിന്റെ മുഴുവൻ ആസ്ഥാനമായിരുന്ന തൃക്കുന്നത്ത് സെ മിനാരിയുടെ അന്നത്തെ മാനേജർ വന്ദ്യ ജേ ക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പായെ വിവരങ്ങൾ അറിയിച്ചശേഷം സെമിനാരിയിൽ ചെന്നപ്പോൾ ഉണ്ടായ അനുഭവം പ. തിരുമേനി മറന്നിട്ടുണ്ടാവില്ല എന്ന് കരുതുന്നു. ഇപ്പോൾ മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ പ. ബാവാ ഭദ്രാസനത്തിന്റെ പൂർണ്ണചുമതല ഏറ്റെടുത്തിരിക്കുന്നു. ചുരുങ്ങിയ കാലംകൊണ്ട് ഈ ഭദ്രാസനം അങ്ങയുടെ നേതൃത്വത്തിൽ ഏറെ വളർച്ച നേടിയിട്ടുണ്ട്. എന്നാൽ ഇതിൽ അസൂയ പൂണ്ട പഴയ അധികാരികൾ വീണ്ടും പ്രശ്നങ്ങൾ ഉണ്ടാക്കുവാൻ രംഗത്ത് എത്തിയിരിക്കുന്നതായി ഞങ്ങൾ കാണുന്നു. ഇതിന്റെ പ്രത്യ ക്ഷ ഉദാഹരണമാണ് കഴിഞ്ഞ ദിവസം വിവി ധ പത്രങ്ങളിൽ വന്ന വാർത്ത (അവയുടെ ഫോട്ടോകോപ്പി ഇതോടൊന്നിച്ച് ചേർത്തിരിക്കുന്നു.)

മലങ്കരസഭയുടെ അച്ചടക്കവും, ചിട്ടയും തികച്ചും ലംഘിച്ചുകൊണ്ട് അങ്കമാലി വെസ്റ്റ് ഭദ്രാസന സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ, ഈ ഭദ്രാസനത്തിലെ ഒരു വൈദികന്റെ ഭവനത്തിൽ ഒരു അനധികൃത വൈദികയോഗം നടക്കുകയുണ്ടായി. ആ യോഗം തീരുമാനിച്ചത് പ. ബാവാ തിരുമേനിയോ, അഭി. സഹായമെത്രാപ്പോലീത്താ തിരുമേനിയോ അറിഞ്ഞിട്ടില്ല എന്നാണ് ഞങ്ങൾ മനസിലാക്കുന്നത്. അതിൽ സംബന്ധിക്കാതിരുന്ന ചില വൈദികരെ തെറ്റിദ്ധരിപ്പിച്ച്, ആ യോഗത്തിൽ അവതരിപ്പിച്ച് പാസാക്കിയ പ്രമേയത്തിൽ ഒപ്പിടുവിക്കുകയും ചെയ്തു. പ. ബാവാ തിരുമേനിക്ക് നല്കാനാണ് ഈ പ്രമേയം എന്ന് പ്രചരിപ്പിച്ചു എങ്കിലും നാളിതുവരെ അങ്ങേയ്ക്ക് ഇത് ലഭിച്ചിട്ടില്ല എന്ന് ഞങ്ങൾ മനസിലാക്കുന്നു. മാത്രമല്ല പ്രമേയത്തെ സംബന്ധിച്ച് പത്രങ്ങൾക്ക് വാർത്ത നല്കുകയും അതുമൂലം പ. സഭയുടേയും പ. ബാവാ തിരുമേനിയുടേയും, അഭി. സഹാ യ മെത്രാപ്പോലീത്തായുടെയും സൽപ്പേരിന് കളങ്കമുണ്ടാക്കുകയും ചെയ്തിരിക്കുകയാണ്. പത്രത്തിൽ വന്ന വാർത്ത അതിൽ പരാമർശിക്കുന്ന ആരും നിഷേധിച്ചതായി കണ്ടില്ല, അതുകൊണ്ട് അത് വ്യാജമാണ് എന്ന് ഞങ്ങൾ കരുതുന്നില്ല.

ഇതുകൂടാതെ, ഇപ്പോൾ സുഗമമായും നല്ല രീതിയിലും ഈ ഭദ്രാസനത്തിൽ കാര്യങ്ങൾ നടത്തുന്ന പ. തിരുമേനി മതിയാവുകയില്ല ഈ ഭദ്രാസനത്തിന് എന്നൊരു സൂചനയും ഞങ്ങൾ പത്രത്തിൽ പ്രത്യക്ഷപ്പെട്ട വാർത്തയിൽ കാണുന്നു. ഭരണഘടനാപരമായി പൂർണ്ണ ചുമതലയുള്ള ഒരു മെത്രാപ്പോലീത്താ വേണം എന്നാണ് അവരുടെ ആവശ്യം, അപ്രകാരമുള്ള ഒരു മെത്രാപ്പോലീത്തായുടെ ചുമതലയിൽ ഇരുന്നപ്പോൾ ഇവിടെ ഉണ്ടായ ക്രമരാഹിത്യം കൊണ്ടാണല്ലോ പ. ബാവാ തിരുമേനിക്ക് ഈ ഭദ്രാസനം ഏറ്റെടുക്കേണ്ടിവന്നത്. അപ്പോൾ അത്തരം അന്തരീക്ഷം തിരികെ വരണം എന്നാണ് ഇവർ ആഗ്രഹിക്കുന്നത് എന്ന് ഞങ്ങൾ സംശയിക്കുന്നു. അതോടൊപ്പം പ. തിരുമേനിയുടെ നേതൃത്വം ഈ ഭദ്രാസനത്തിൽ തുടരാൻ ഇവർ ആഗ്രഹിക്കുന്നില്ല എന്നും ഞങ്ങൾ ഈ വാർത്ത കൊണ്ട് മനസ്സിലാക്കുന്നു.

മാത്രമല്ല ഈ വൈദിക യോഗത്തിൽ സംബന്ധിച്ചവരിൽ പ്രമുഖൻ മുമ്പ് വളരെക്കാലം ഈ ഭദ്രാസനത്തിന്റെ സെക്രട്ടറിയും, സെമിനാരി മാനേജരും, സെമിനാരി ചാപ്പൽ വികാരിയും ആയിരുന്ന വന്ദ്യ മണ്ണാറപ്രായിൽ ജേക്കബ് കോർഎപ്പിസ്കോപ്പായാണ്. പ. തിരുമേനിയെ സെമിനാരിയിൽ കയറ്റാതിരിക്കാൻ പോലീസിനെ വിളിച്ച ആ വൈദികൻ ഇതുവഴി ഇവിടുത്തെ വൈദികരുടെ നേതാവായി ഇനിയും ശക്തിപ്രാപിച്ച് തിരിച്ചുവരുന്നതിനുള്ള പരിശ്രമത്തിന്റെ ഭാഗമായും ഈ സംഭവത്തെ ഞങ്ങൾ കാണുന്നു. ഏതാനും ആഴ്ചകൾക്കു മുമ്പ് ഇപ്പോൾ പ. ബാവാ തിരുമേനി സെമിനാരി മാനേജരായി നിയമിച്ചിട്ടുള്ള ബഹു. ഡോ. എം. ഒ. ജോൺ അച്ചൻ പ്രസിദ്ധീകരിക്കുന്ന മലങ്കരസഭാദീപം എന്ന വാരികയിൽ ഈ ആശ യം ഉൾക്കൊള്ളുന്ന ഒരു വാർത്തയുണ്ടായിരുന്നു എന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഇപ്പോൾ നിയമിതനായ മാനേജരും, രാജിവെച്ച ഭദ്രാസന സെക്രട്ടറിയും, മുൻ മാനേജരും (മണ്ണാറപ്രായിലച്ചൻ) ചേർന്നുള്ള ഒരു ഒത്തുകളിയാണ് ഇവിടെ നടക്കുന്നത് എന്ന് ഞങ്ങൾ ഭയപ്പെടുന്നു. പ. ബാവാ തിരുമേനി വളരെ യുക്തമായി കോടനാട് ദയറാ കാര്യത്തിൽ എടുത്ത നിലപാടിനെ വിമർശിക്കുന്ന ബ. പട്ടളാട്ട് ജോർജ്ജച്ചനും, മുമ്പു തന്നെ പ. ബാവായെ അസഭ്യം പറ ഞ്ഞ ബ. മുള്ളൻ കുഴി ജോസഫച്ചനും എല്ലാം ഈ സംരംഭത്തിൽ ഒന്നിച്ചുചേർന്നതായി ഞങ്ങൾ കാണുന്നു. ഇവരുടെ താല്പര്യങ്ങൾ നടന്നാൽ ഈ ഭദ്രാസനം പഴയതുപോലെ അലങ്കോലമാവുകയും കാലം ചെയ്ത ഭാഗ്യസ്മരണാർഹനായ പ. മാത്യൂസ് ദ്വിതീയൻ ബാ വാ തിരുമേനിയും, അദ്ദേഹ ത്തെ തുടർ ന്നുവന്ന പ. ബാവാ തിരുമേനി യും തകർച്ചയിൽ നിന്നും രക്ഷിച്ച് ഇപ്പോൾ പുനരുദ്ധാരണത്തിന്റെ മാർഗ്ഗത്തിൽ ആയിരിക്കുന്ന ഈ ഭദ്രാസനം വീണ്ടും പഴയപടി അലങ്കോ ലത്തിലേക്കും, അസ്വസ്ഥതയിലേക്കും വീണുപോകും എന്ന് ഞങ്ങൾ ഭയപ്പെടുന്നു.

ആയതിനാൽ പ. ബാവാതിരുമേനി ഇത്തരം യോഗങ്ങൾക്കെതിരെ സ്ഥിരമായ വിലക്കേർപ്പെടുത്തുകയും, ഈ കാര്യങ്ങളെക്കുറിച്ച് ആവശ്യമായ അന്വേഷണം നടത്തി ഈ ഗൂഢാലോചനയിൽ പങ്കാളികളായവരെ മാതൃകാപരമായി ശിക്ഷിക്കണം എന്നും ഞ ങ്ങൾ താഴ്മയായി അപേക്ഷിക്കുന്നു. പ. ബാവാതിരുമേനിയുടെ സുശക്തമായ നേതൃത്വത്തിൽ ഈ ഭദ്രാസനം ഉത്തരോത്തരം പുരോഗതി കൈവരിക്കുവാൻ ഇടയാകത്തക്കവ ണ്ണം പ. തിരുമേനി തുടർന്നും ഈ ഭദ്രാസനത്തിന്റെ ചുമതല നിലനിർത്തണം എന്നും അപേക്ഷിക്കുന്നു.

പ. തിരുമേനിയുടെ തൃക്കരം മുത്തിക്കൊണ്ട് അവിടുത്തെ ആത്മീയ മക്കൾ.




സമ്പൂർണ്ണ മലയാള രചനകൾ വാല്യം 1

സ്നേഹം, സ്വാതന്ത്ര്യം, പുതിയ മാനവികത

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

ദർശനത്തിന്റെ പൂക്കൾ, സ്നേഹത്തിന്റെ സ്വാതന്ത്ര്യം: ഒരു മഹാ രഹസ്യം (ആത്മകഥ), സ്വാതന്ത്ര്യദീപ്തി, യീഹൂദായുടെ സിംഹത്തോടൊപ്പം, മതനിരപേക്ഷത - ഒരു സംവാദം, പാശ്ചാത്യ പ്രബുദ്ധതയും ആധുനികോത്തരതയും എന്നീ ഗ്രന്ഥങ്ങളും 21 പ്രഭാഷണങ്ങളും 15 ലേഖനങ്ങളും. 650 ലധികം പേജുകൾ. വില: 300 രൂപ (ഇന്ത്യയിൽ) വിദേശത്തേക്ക്: $ 10. രജിസ്റ്റേർഡ് പോസ്റ്റേജ് സൗജന്യം. പുസ്തകം തപാലിൽ ലഭിക്കുവാൻ പണം എം. ഒ/ ഡ്രാഫ്റ്റ് ആയി അയക്കുക. സോഫിയാ പ്രിന്റ് ഹൗസ്, തെക്കേനട, കോട്ടയം - 686001 ഫോൺ: 91 481 3255054, 99471 20697 ചെക്ക്/ഡി.ഡി. അയക്കുകയാണെങ്കിൽ ജോയ്സ് തോട്ടയ്ക്കാട് എന്ന പേരിൽ എഴുതുക. SBT CMS College Branch (Code Number 7484) Account Number 5700844115-1. സ്റ്റേറ്റ് ബാങ്ക് ഗ്രൂപ്പിലുള്ള ഏതു ബാങ്കിന്റെ ഏതു ശാഖയിൽ നിന്നും ഈ അക്കൗണ്ടിലേക്ക് നേരിട്ട് പണം അടയ്ക്കാം.



സഭയുടെ ഭിത്തിയെ ബലവത്താക്കുവാനും സഭാഗാത്രത്തിന് ശക്തി പകരുവാനുമായി അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരിക്കുന്നത്.

Almayavedi: Printed and Published by K. V.Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedhi, PB No. 652, Kottayam - 686001, printed at Sophia Print House, Surya Guest Line, Thekkenada, Kottayam and published from Kottayam. Editor: Philipose Pottakkavayalil